بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ    نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ    وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْد

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

വാല്യം 8

ലക്കം 38

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadr.in

2023 സെപ്റ്റംബർ 21/ ഹി.ശം 1402 തബൂക്ക് 21/ റബീഉൽ അവ്വൽ 05


## അല്ലാഹുവിന്റെ വചനം

وَلَقَدْ صَرَّفْنَا لِلنَّاسِ
فِيْ هٰذَا الْقُرْاٰنِ مِنْ كُلِّ مَثَلٍ
فَاَبٰٓى اَكْثَرُ النَّاسِ اِلَّا كُفُوْرًا

(بنی اسرائیل:90)

തീർച്ചയായും മനുഷ്യർക്കുവേണ്ടി ഈ ഖുർആനിൽ എല്ലാ ഉപമകളും പല വിധത്തിലും നാം വിശദീകരിച്ചിട്ടുണ്ട്. പക്ഷേ, മനുഷ്യരിൽ അധികമാളുകളും അവിശ്വാസമൊഴിച്ച് മറ്റെല്ലാം വിസമ്മതിക്കുകയാണുണ്ടായത്.
(വിശുദ്ധ ഖുർആൻ 17:90)

## അഹ്‌മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിന സ്വ്‌രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽ മുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലുമുണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ.

## തിരുനബിയുടെ തിരുമൊഴികൾ

**മുസ്‌ലിം മുസ്‌ലിമിന്റെ സഹോദരനാണ്; അവന്റെമേൽ അക്രമം കാണിക്കരുത്, അക്രമിക്ക് വിട്ടുകൊടുക്കുകയുമരുത്!**

(2442)ഇബ്നു ഉമർ(റ)നിവേദനം. നബി(സ)തിരുമേനി പറഞ്ഞു:ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിന്റെ സഹോദരനാണ്. അവനെ അക്രമിക്കുകയോ ഒരക്രമിക്ക് ദ്രോഹിക്കാൻ വിട്ടുകൊടുക്കുകയോ ചെയ്യുകയില്ല. വല്ലവനും തന്റെ സഹോദരന്റെ ഒരാവശ്യം സാധിച്ചുകൊടുക്കുവാനുള്ള പരിശ്രമത്തിൽ പ്രവേശിച്ചാൽ അവന്റെ ആവശ്യം അല്ലാഹുവും നിറവേറ്റിക്കൊടുക്കും. വല്ലവനും ഒരു മുസ്‌ലിമിനെ ബാധിച്ച പ്രയാസത്തിൽനിന്ന് അവനെ മോചിപ്പിക്കുന്നപക്ഷം പരലോകദിവസത്തെ ദുഃഖത്തിൽനിന്ന് അല്ലാഹു അവനെയും മോചിപ്പിക്കും. ഒരു മുസ്‌ലിമിന്റെ പോരായ്മകൾ വല്ലവനും മറച്ചുവെക്കുന്ന പക്ഷം പുനരുഥാനദിവസം അവന്റെ പോരായ്മകൾ അല്ലാഹുവും മറച്ചുവെക്കും.

(2444) ഹദ്റത്ത് അനസ്(റ)നിവേദനം. നബി(സ)തിരുമേനി പറഞ്ഞു:നിന്റെ സ്നേഹിതൻ അക്രമിയാണെങ്കിലും അക്രമിക്കപ്പെടുന്നവനാണെങ്കിലും നീ അവനെ സഹായിച്ചുകൊള്ളുക. സ്വഹാബ ചോദിച്ചു:അല്ലാഹുവിന്റെ ദൂതരേ! അക്രമിക്കപ്പെടുന്നവനെ സഹായിക്കുന്നത് മനസ്സിലാകും എന്നാൽ, അക്രമിയെ ഞങ്ങൾ എങ്ങനെ സഹായിക്കും? നബി(സ) പറഞ്ഞു:അക്രമിയുടെ ഇരുകൈയും പിടിക്കുക.(സ്വഹീഹ് ബുഖാരി, വാല്യം 4, കിതാബുൽമളാലിം, പ്രസാധനം 2008 ഖാദിയാൻ)

## ഈ ലക്കത്തിൽ


ജുമുഅ ഖുത്ബ 2023 ആഗസ്റ്റ്18 (സമ്പൂർണ തർജമ)

ഓൺലൈൻ കൂടിക്കാഴ്ച ഹുദൂർ അയ്യദഹുല്ലാഹ്

ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം


**ആരാണോ മറ്റുള്ളവർക്ക് ഗുണം ചെയ്യുന്നത് അവൻ ഫലപ്രദനായിരിക്കും. അവന് ദീർഘായുസ്സുണ്ടാകുന്നതാണ്.ആരാണോ ലോകത്ത് നന്മയ്ക്ക് കാരണഭൂതനാകുന്നത് അയാൾക്ക് ദീർഘായുസ്സ് ഉണ്ടാകുന്നുവെന്നത് സത്യമായ കാര്യമാകുന്നു. ആരാണോ തിന്മയ്ക്ക് കാരണഭൂതനാകുന്നത് അവൻ പെട്ടെന്ന് എടുക്കപ്പെടുന്നു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### ദീർഘായുസ്സ് പ്രാപിക്കാനുള്ള കുറിപ്പടി

മറ്റുള്ളവർക്കുവേണ്ടി ദുആ ചെയ്യുന്നതുകൊണ്ടുള്ള മഹത്തായൊരു നേട്ടം ദീർഘായുസ്സുണ്ടാകുന്നുവെന്നതാണ്. അല്ലാഹു വിശുദ്ധ ഖുർആനിൽ ഇങ്ങനെ വാഗ്ദാനം ചെയ്തിരിക്കുന്നു:ആരാണോ മറ്റുള്ളവർക്ക് ഗുണം ചെയ്യുന്നത് അവൻ ഫലപ്രദനായിരിക്കും. അവന് ദീർഘായുസ്സുണ്ടാകുന്നതാണ്. വ അമ്മാ മായൻഫഉന്നാസ ഫയംകുഥു ഫിൽഅർളി(അർറഅ്ദ് 18). മറ്റു തരത്തിലുള്ള സഹതാപങ്ങൾ പരിമിതങ്ങളാണ്. അതുകൊണ്ട് പ്രത്യേകമായി ഏതൊരു നന്മയാണോ തുടർന്നുകൊണ്ടുപോകാൻ കഴിയുന്നത്, അത് ഈ ദുആ തന്നെയാണ്. നന്മയുടെ ഫലങ്ങൾ ധാരാളമായിട്ടുണ്ട്. അതുകൊണ്ട് ഈ ആയത്തിന്റെ നേട്ടം നമുക്ക് ഏറ്റവുമധികം ദുആയോടുകൂടി എടുക്കാൻ കഴിയും. ആരാണോ ലോകത്ത് നന്മയ്ക്ക് കാരണഭൂതനാകുന്നത് അയാൾക്ക് ദീർഘായുസ്സ് ഉണ്ടാകുന്നുവെന്നത് സത്യമായ കാര്യമാകുന്നു. ആരാണോ തിന്മയ്ക്ക് കാരണഭൂതനാകുന്നത് അവൻ പെട്ടെന്ന് എടുക്കപ്പെടുന്നു. ശേർസിംഗ് പക്ഷികളെ ജീവനോടെ പിടിച്ച് തീയിലിടുമായിരുന്നുവെന്ന് പറയപ്പെടുന്നു. അയാൾ രണ്ടുവർഷത്തിനുള്ളിൽ വധിക്കപ്പെട്ടു. അതുകൊണ്ട് മനുഷ്യന് നിർബന്ധമാണ്, അവൻ ഖയ്റുന്നാസി മൻ യ്യൻഫഉന്നാസ ആകുന്നതിന് ചിന്തിച്ചുകൊണ്ടിരിക്കുക. വായിച്ചുകൊണ്ടിരിക്കുക. എപ്രകാരം ചികിത്സയിൽ ഉപായം പ്രയോജനപ്പെടുന്നുവോ അപ്രകാരം ഫലമെത്തിക്കുന്നതിലും നന്മയിലും ഉപായം തന്നെയാണ് പ്രയോജനപ്പെടുന്നത്. അതുകൊണ്ട് ഏതുവഴിയിലൂടെ മറ്റുള്ളവർക്ക് നന്മചെയ്യാൻ കഴിയുമെന്ന് മനുഷ്യനെപ്പോഴും പ്രതീക്ഷിച്ചും ചിന്തിച്ചുംകൊണ്ടിരിക്കുക. (മൽഫൂദാത്ത് വാല്യം 1, പേജ് 480, പ്രസാധനം 2018 ഖാദിയാൻ)

**എല്ലാ ഓരോ ഇനത്തിലുള്ള ആളുകൾക്കും അവരുടെ ഇനത്തിലുള്ളവർക്കുമാത്രമെ മോക്ഷം നല്കാൻ സാധിക്കുകയുള്ളു. കാരണം അവരിൽനിന്നുള്ളവരാണ് അവർക്ക് മാതൃകയാകുന്നത്. അതുകൊണ്ട് മനുഷ്യനുപുറമെ മറ്റു ഇനക്കാർക്ക് റസൂൽ എന്ന നിലയിൽ മനുഷ്യരിൽ വരാൻ സാധിക്കുകയില്ല. കാരണം അവർ ഇവർക്ക് മാതൃകയായിത്തീരുകയില്ല.**

സയ്യിദുനാ ഹദ്റത്ത് മുസ്വ്‌ലിഹ് മൗഊദ്(റ) സൂറ ബനീ ഇസ്റാഈലിലെ 95, 96-ാമത്തെ വചനങ്ങളായ *വമാ മനഅന്നാസ അൻയ്യുഅ്മിനൂ ഇദ് ജാഅഹുമുൽഹുദാ ഇല്ലാ അൻ ഖാലൂ അബഅഥല്ലാഹു ബശറർറസൂലൻ-ഖുല്ലൗകാന ഫിൽഅർളി മലാഇക്കത്തുൻ യ്യംശൂന മുത്വമഇന്നീന ലനസ്സൽനാ അലയ്ഹിം മിനസ്സമാഇ മലക്കർറസൂലൻ* (മനുഷ്യർക്ക് സന്മാർഗം വന്നു കിട്ടിയപ്പോൾ അത് വിശ്വസിക്കുന്നതിന് തടസ്സമായി നിന്നിരുന്നത്, ഒരു മനുഷ്യനെയാണോ അല്ലാഹു ദൈവദൂതനായി നിയോഗിച്ചിരിക്കുന്നത് എന്ന് അവർ ചോദിക്കുന്നുവെന്നതാണ്. പറയുക, ഭൂമിയിൽ ശാന്തരായി നടക്കുന്ന മലക്കുകൾ ഉണ്ടായിരുന്നെങ്കിൽ നാം അവർക്ക് ആകാശത്തിൽനിന്ന് ഒരു മലക്കിനെ ദൂതനായി ഇറക്കുമായിരുന്നു). 95-ാമത്തെ ആയത്തിന്റെ തഫ്സീറിൽ ഹുദൂർ പറയുന്നു:

ഞാൻ ഒരു മനുഷ്യനായ റസൂലാണെന്ന് ആദ്യത്തെ ആയത്തിൽ പറഞ്ഞിരുന്നു. അതിനെക്കാളുപരി എനിക്കൊരു വാദവുമില്ല. ഇപ്പോൾ ഈ ആയത്തിൽ പറയപ്പെട്ടിരിക്കുന്നത്, പ്രവാചകന്മാരുടെമേൽ വലിയ വലിയ ആക്ഷേപങ്ങളുണ്ടാകുന്നു. അവയിലൊന്ന് അദ്ദേഹം മനുഷ്യനായ ദൂതനാകുന്നു എന്നതാണ്. ഇതൊരു ആക്ഷേപമല്ല. പ്രത്യുത ഈ വാക്കുകളിൽ പലതരത്തിലുള്ള ആക്ഷേപങ്ങളും വരുന്നുണ്ട്. ചിലയാളുകൾക്കുണ്ടാകുന്ന ആക്ഷേപം ഇതാണ്, വലിയ പ്രതാപവാനായ അല്ലാഹു മനുഷ്യനെ റസൂലാക്കേണ്ട ആവശ്യംതന്നെയെന്താണ്? ഇവർ ദൈവഗ്രന്ഥത്തിന്റെ ഇറക്കംതന്നെ നിഷേധിക്കുന്നവരാണ്. ചിലയാളുകൾ മനുഷ്യനായ റസൂലിനെ നിഷേധിക്കുന്നതുതന്നെ അഹങ്കാരവും പിടിവാശിയും കാരണത്താലാണ്. അതായത് അവർ പറയുന്നത് ഞങ്ങളും ഇയാളെപോലെ മനുഷ്യരാണ്. അല്ലാഹുവിന് വല്ല ഗ്രന്ഥവും ഇറക്കണമായിരുന്നെങ്കിൽ ഞങ്ങളിലെല്ലാവരിലും ഇറക്കിക്കൂടായിരുന്നോ? അയാളെ മാത്രം എന്തിന് പ്രത്യേകപ്പെടുത്തി! അതുകൊണ്ട് ഞങ്ങൾ അയാളെ വിശ്വസിക്കുകയില്ല. ഈയാളുകൾ ദൈവഗ്രന്ഥത്തിന്റെ ഇറക്കത്തെ അസംഭാവ്യമെന്ന് പറയുന്നില്ല. പ്രത്യുത തങ്ങളെ വലിയവരായി മനസ്സിലാക്കുന്ന കാരണത്താൽ അവരെപ്പോലുള്ള വലിയ ആളുകളിലേക്ക് അവർ പറയുന്നതനുസരിച്ച് തരംതാണ മനുഷ്യനെ സന്ദേശം നല്കി അയക്കുന്നതിനെ അംഗീകരിക്കുന്നില്ല. മൂന്നാമതൊരു സംഘം മനുഷ്യനായ റസൂലിനെ നിഷേധിക്കുന്നതിന്റെ കാരണം അവരുടെ പക്കൽ മനുഷ്യൻ തന്റെ സത്തയിൽ സമ്പൂർണനാണ്. ഒരു മനുഷ്യനും ഇൽഹാമിന്റെ ആവശ്യമില്ല. കാരണം തന്റെ സ്വന്തം കഴിവുകൊണ്ട് അവന് തനിക്കുവേണ്ടി ശരിയായ മാർഗം അന്വേഷിച്ച് കണ്ടെത്താൻ കഴിയും. നാലാമതൊരു സംഘം മനുഷ്യനായ റസൂലിനെ നിഷേധിക്കുന്നതിന്റെ കാരണം അവരുടെ പക്കൽ റസൂലിന് മനുഷ്യനെക്കാളധികം ശക്തികളുടെ ആവശ്യമുണ്ട്. അവരുടെ മുമ്പിൽ ദുർബലരിൽ ദുർബലനായ ഒരുവനെ മനുഷ്യന്നതീതമായ ശക്തികൾ ഉൾക്കൊള്ളുന്നയാളാണെന്ന് പറഞ്ഞ് സമർപിച്ചാൽ ക്ഷണത്തിൽ അയാളെ വിശ്വസിക്കാൻ തയ്യാറാകുന്നതായിരി

(ശേഷം പേജ് 12ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്‌മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

സമൂഹത്തിന്റെ നേതാവ് സമൂഹത്തിന്റെ സേവകനാണെന്ന ചിന്ത നമ്മുടെ എല്ലാ ഭാരവാഹികളിലും എപ്പോഴുമുണ്ടാകേണ്ടതാണ്.

നമ്മുടെ ജമാഅത്തുപരമായ സംവിധാനത്തിലും എല്ലാ സ്ഥാനവും അല്ലെങ്കിൽ സേവനം ചെയ്യാൻ നിയമിക്കപെടുന്നതും അമാനത്താകുന്നു.

ദുആ ചെയ്തുകൊണ്ട് നമ്മളിൽനിന്നുള്ള ഏറ്റവും നല്ല ആളുകളെ തിരഞ്ഞെടുക്കാൻ ശ്രമിക്കേണ്ടതാണ്.

ഞാനാരെയെങ്കിലും ഏതെങ്കിലും ജോലിക്കു നിയമിക്കുമ്പോൾ അല്ലാഹു അയാളെ സഹായിക്കുന്നു. ആരെങ്കിലും ആഗ്രഹിച്ചുകൊണ്ട് ജോലി സ്വന്തം ചുമലിലേൽക്കുകയാണെങ്കിൽ അയാൾക്ക് പിന്നീട് അല്ലാഹുവിന്റെ ഭാഗത്തുനിന്ന് സഹായമുണ്ടാകുകയില്ല.(അൽഹദീഥ്)
സ്ഥാനങ്ങൾ ആഗ്രഹിക്കുന്നത്, ഏതെങ്കിലും ജോലിയുടെ മേൽനോട്ടക്കാരനായി അതു ചെയ്യുമെന്ന് ആഗ്രഹിക്കുന്നത്, ഇഷ്ടകർമമല്ല. അതേ!സേവനം ചെയ്യുന്നതിനുള്ള ആവേശമുണ്ടായിരിക്കേണ്ടതാണ്. അത് ഏതുതരത്തിലുള്ളതാണെങ്കിലും ഇതു ഇഷ്ടകരമായ കാര്യമാണ്.

ആരെങ്കിലും ഭാരവാഹിത്വം ആഗ്രഹിക്കുന്നുണ്ടെങ്കിൽ ജമാഅത്തുപരമായ സംവിധാനത്തിലും എല്ലാ തിരഞ്ഞെടുപ്പു ഫോറമിലും അതിനെ നിരുത്സാഹപ്പെടുത്തേണ്ടതാണ്.

ആര് തിരഞ്ഞെടുപ്പു കമ്മിറ്റിയിലെ അംഗമായാലും അയാൾ അല്ലാഹുവിന്റെ കല്പനയനുസരിച്ച് തന്റെ വോട്ടവകാശം ദുആ ചെയ്തതിനുശേഷം നീതിയോടുകൂടി, തന്റെ ദൃഷ്ടിയിൽ ഏറ്റവും നല്ലവ്യക്തിക്ക് നല്കി കാലത്തിന്റെ ഖലീഫയ്ക്ക് ശിപാർശ സമർപിക്കുക.

ചില ഭാരവാഹികളെ സംബന്ധിച്ച് അവരുടെ പെരുമാറ്റത്തിൽ വിനയമനോഭാവമുണ്ടാകുന്നില്ലെന്ന പരാതി വരാറുണ്ട്. സ്ഥാനം കിട്ടിയതിനുശേഷം അയാൾ ഏതോ അസാധരണ വ്യക്തിത്വമായിത്തീർന്നിരിക്കുന്നു എന്ന പ്രകടനമാണുണ്ടാകുന്നത്.

ഭാരവാഹികൾ തങ്ങളുടെ ഉള്ളിൽ വിനയമുണ്ടാക്കുക. ഏതൊരു ചുമതലകളാണോ നിങ്ങൾക്ക് നല്കപ്പെട്ടിട്ടുള്ളത് അതിനോടുള്ള കടമ നിറവേറ്റിക്കൊണ്ട് ചെയ്യാൻ ശ്രമിക്കുക.

എല്ലാ ഭാരവാഹികളും തന്റെ വകുപ്പിന്റെ അഭിവൃദ്ധിക്ക് കുറഞ്ഞത് രണ്ടുനഫ്ലും അല്ലാഹു ബർക്കത്ത് പ്രദാനം ചെയ്യുന്നതിന് നിത്യവും നമസ്കരിക്കേണ്ടതാണ്.

തർബിയ്യത്തുവകുപ്പ് സജീവമാകുകയാണെങ്കിൽ മറ്റു വകുപ്പുകൾ എന്റെ വീക്ഷണത്തിൽ സ്വയമേവ ചുരുങ്ങിയത് എഴുപതുശതമാനമെങ്കിലും നല്ല നിലയിൽ പ്രവർത്തിച്ചു തുടങ്ങുന്നതായിരിക്കും.

എല്ലാ ജമാഅത്തംഗങ്ങളുമായും വ്യക്തിപരമായ ബന്ധം സ്ഥാപിച്ച്, അവരുമായി ബന്ധം വർധിപ്പിക്കേണ്ടതും എല്ലാഭാരവാഹികളുടേയും ജോലിയാണ്.

ജമാഅത്ത് വ്യവസ്ഥിതി പരസ്പരം സഹതാപത്തിന്റെ വികാരങ്ങളുണ്ടാക്കുന്നതിനും പരസ്പരം ശ്രദ്ധിക്കുന്നതിനുംവേണ്ടി ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ്.

നമ്മളെല്ലാവരുമൊന്നാണ്. എല്ലാവരും സഹോദരങ്ങളുമാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ദൗത്യം പൂർത്തീകരിക്കാൻ നമ്മളോരോരുത്തരും നമ്മുടെ കഴിവനുസരിച്ച് പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ഈ ചിന്തതന്നെയാണ് ജമാഅത്ത് വ്യവസ്ഥിതിയെ മനോഹരമായൊരു വ്യവസ്ഥിതിയാക്കി മാറ്റുന്നത്. ഈ ചിന്തതന്നെയാണ് നമ്മെ അല്ലാഹുവിന്റെ സാമീപത്ത് കൊണ്ടെത്തിക്കുന്നതും!

അമാനത്തുകളോടുള്ള കടമകൾ നിർവഹിക്കുന്നതിന് ലോകത്തുള്ള എല്ലാ ജമാഅത്തുകളും ദേശീയതലത്തിലുള്ളതും പ്രാദേശികതലത്തിലുള്ളതുമായ ആമിലകളും അതുപോലെ പോഷക സംഘടനകളും ഇക്കാര്യത്തിൽ വളരെയധികം ചിന്തിക്കുകയും ഒരു പ്രവർത്തന രൂപരേഖ തയ്യാറാക്കുകയും ചെയ്യേണ്ട ആവശ്യമുണ്ട്.

തർബിയ്യത്തു വകുപ്പു പ്രവർത്തനക്ഷമമാണെങ്കിൽ ഉമ്മത്തിന്റെ ആമായുടെ ഒരുപാട് പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതായിരിക്കും. ജമാഅത്തംഗങ്ങൾ തമ്മിലുള്ള പരസ്പര വഴക്കുകളെ സംബന്ധിച്ചുള്ളതും അല്ലെങ്കിൽ ജമാഅത്തംഗങ്ങൾ തെറ്റായ പ്രവൃത്തികളിൽ കുടുങ്ങിയതുമായി ബന്ധപ്പെട്ടിട്ടുള്ളതും അല്ലെങ്കിൽ എതിരാളികളാരെങ്കിലും മുഖേനയോ അല്ലെങ്കിൽ ദുർബലവിശ്വാസികൾമുഖേനയോ ജമാഅത്തിൽ അസ്വസ്ഥത സൃഷ്ടിക്കുന്നതു സംബന്ധിച്ചുള്ള പ്രശ്നങ്ങളോ എല്ലാ പരിഹരിക്കപ്പെടുന്നതായിരിക്കും.

ജമാഅത്തംഗങ്ങളോട ഞാൻ പറയട്ടെ, നിങ്ങളുടെ ഏതു കത്ത് ഇവിടെ വന്നാലും, ഇവിടെ എത്തിയാലും അതു തുറക്കുകയും വായിക്കുകയും ചെയ്യുന്നു. അതിൽ നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

### ഭാരവാഹികളുടെ നിർബന്ധകടമകളും ഉത്തരവാദിത്വങ്ങളും

ഖുത്ബ ജുമുഅ 2023 ആഗസറ്റ് 18/1402 ളുഹൂർ 18
മസ്ജിദ് മുബാറക്ക്, ഇസ്ലാമാബാദ്,യു.കെ.

ഖുത്വ്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ○ الرَّحْمٰنِ الرَّحِيْمِ○ مٰلِكِ يَوْمِ الدِّيْنِ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ○

അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

اِنَّ اللّٰهَ يَاْمُرُكُمْ اَنْ تُؤَدُّوا الْاَمٰنٰتِ اِلٰٓى اَهْلِهَا (4:59)

അതായത് നിശ്ചയമായും അല്ലാഹു 'അമാനത്തുകൾ' അവയുടെ അവകാശികൾക്ക് ഏല്പിക്കണമെന്ന് കല്പിക്കുന്നു. ഒരു ഹദീഥിൽ വന്നിരിക്കുന്നു. നബി(സ)തിരുമേനി പറഞ്ഞു: ജനങ്ങളുടെ കാര്യങ്ങൾ നോക്കാൻ അധികാരം നല്കപ്പെട്ടതോ ജനങ്ങൾക്ക് മേൽനോട്ടം വഹിക്കാൻ നിശ്ചയിക്കപ്പെട്ടതോ ആയ സ്ഥാനം ഒരു അമാനത്താകുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ ജമാഅത്തുപരമായ സംവിധാനത്തിലും എല്ലാ സ്ഥാനവും അല്ലെങ്കിൽ സേവനം ചെയ്യാൻ നിയമിക്കപെടുന്നതും അമാനത്താകുന്നു.

നമ്മുടെ ജമാഅത്തിൽ, ജമാഅത്തുപ

രമായ സംവിധാനത്തിൽ എല്ലാ തലത്തിലും തദ്ദേശതലം മുതൽ കേന്ദ്രപരവും ദേശീയപരവുമായതലംവരെയും നമ്മൾ ഭാരവാഹികളെ തിരഞ്ഞെടുക്കുന്നു. ഇതേപോലെ കേന്ദ്രത്തിലുമുണ്ട്. പിന്നീട് പോഷക സംഘടനകളിലും ഇതേ ക്രമത്തിൽത്തന്നെയാണ് ഭാരവാഹികളെ നിശ്ചയിക്കുന്നത്. ജമാഅത്തുപരമായ സംവിധാനമോ അല്ലെങ്കിൽ പോഷക സംഘടനകളുടെ സംവിധാനമോ ആകട്ടെ, എല്ലായിടത്തും താഴെതലംമുതൽ കേന്ദ്രതലംവരെ ഭാരവാഹികൾ നിശ്ചയിക്കപ്പെടുന്നു. പൊതുവിൽ ഇത് തിരഞ്ഞെടുപ്പ് മുഖേനയാണുണ്ടാകുന്നത്. അതുകൊണ്ട് നിങ്ങൾ ഈ ഭാരവാഹികളെ തിരഞ്ഞെടുക്കുമ്പോൾ പ്രത്യക്ഷത്തിൽ അതായത് നിങ്ങളുടെ വീക്ഷണത്തിൽ പ്രസ്തുത ജോലിക്ക് ഏറ്റവും അനുയോജ്യനായ ആളെ അഥവാ പ്രസ്തുത ജോലിയുടെ വിശ്വസ്തത യഥാവിധി നിർവഹിക്കാൻ കഴിവുള്ള വ്യക്തിയെ തിരഞ്ഞെടുക്കുകയെന്നത് അല്ലാഹുവിന്റെ കല്പനയാണ്.

തിരഞ്ഞെടുപ്പിന്റെ നേരത്ത് സൗഹൃദത്തെകുറിച്ചോ കുടുംബ ബന്ധങ്ങളെകുറിച്ചോ ചിന്തിക്കാതിരിക്കേണ്ടതാണ്. ചിലനേരത്ത് ചിലഭാരവാഹികളെ കേന്ദ്രമോ കാലത്തിന്റെ ഖലീഫയോ നേരിട്ട് നിയമിക്കാറുണ്ട്. ആ ജോലിക്കുവേണ്ടി നല്ലപോലെ ചിന്തിച്ച് ഏറ്റവും അനുയോജ്യനായ വ്യക്തിയെ കണ്ടെത്തി അയാളെ നിശ്ചയിക്കാനുള്ള ശ്രമമാണ് നടത്താറുള്ളത്. പക്ഷേ, ചിലനേരത്ത് കണുക്കുകൂട്ടലുകൾ തെറ്റാനും സാധ്യതയുണ്ട്. അല്ലെങ്കിൽ സ്ഥാനം കിട്ടിയതിനുശേഷം ആളുകളുടെ സ്വഭാവം മാറാനുമിടയുണ്ട്. ജോലി ചെയ്യാൻ വിനയത്തിന്റേയും അധ്വാനത്തിന്റേയും നീതിയുടേയും ഏതൊരു ആത്മാവാണോ ഒരു ഭാരവാഹിയിലുണ്ടാകേണ്ടത്, അതുണ്ടാകുന്നില്ല. പിന്നെ അത്തരം വ്യക്തിയുടെ പെരുമാറ്റങ്ങൾക്കുള്ള ഉത്തരവാദിത്വം അയാൾക്ക് മാത്രമായിരിക്കും, തിരഞ്ഞെടുത്തവർക്കായിരിക്കുകയില്ല. ഏതായിരുന്നാലും ദുആ ചെയ്തുകൊണ്ട് നമ്മളിൽനിന്നുള്ള ഏറ്റവും നല്ല ആളുകളെ തിരഞ്ഞെടുക്കാൻ ശ്രമിക്കേണ്ടതാണ്.

എന്തായാലും പൊതുവിൽ ഏതെങ്കിലും വ്യക്തിയെ എന്തെങ്കിലും ജോലിയിൽ നിയമിക്കുമ്പോൾ അയാൾ ഭാരവാഹിയാകുന്നതിനുവേണ്ടിമാത്രം മുമ്പിലോടിവരുന്ന ആളാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ചില നേരത്ത് അത്തരം വ്യക്തിയുടെ പേരിൽ ജമാഅത്തിലെ അംഗങ്ങളുടെ ഭാഗത്തുനിന്ന് ഏതെങ്കിലും ഭാരവാഹിത്വത്തിനുവേണ്ടി ശിപാർശ ചെയ്യപ്പെടുമ്പോൾ കേന്ദ്രത്തിനോ കാലത്തിന്റെ ഖലീഫക്കോ അയാളുടെ അവസ്ഥയെക്കുറിച്ച് അറിയുമെങ്കിൽ അയാളെ ആ ജോലി ഏല്പിക്കുന്നതല്ല. ഇക്കാര്യം നബി(സ)തിരുമേനിയുടെ നിർദേശങ്ങൾക്കു തികച്ചും അനുഗുണമാകുന്നു. ഒരു നിവേദനമുണ്ട്. നബി(സ)തിരുമേനിയുടെ മുമ്പിൽ രണ്ടാളുകൾ വന്നു പറഞ്ഞു, 'ഞങ്ങളെ ഇന്ന ജോലി ഏല്പിച്ചാലും. ഞങ്ങൾ അതിന്നർഹതപ്പെട്ടവരാണ്.' നബി(സ)തിരുമേനി പറഞ്ഞു: 'ഞാൻ ആരെയെങ്കിലും ഏതെങ്കിലും ജോലിക്കു നിയമിക്കുമ്പോൾ അല്ലാഹു അയാളെ സഹായിക്കുന്നു. ആരെങ്കിലും ആഗ്രഹിച്ചുകൊണ്ട് ജോലി സ്വന്തം ചുമലിലേൽക്കുകയാണെങ്കിൽ അയാൾക്ക് പിന്നീട് അല്ലാഹുവിന്റെ ഭാഗത്തുനിന്ന് സഹായമുണ്ടാകുകയില്ല.' (സ്വഹീഹുൽ ബുഖാരി, കിതാബുൽ അഹ്കാം, ഹദീഥ് 7146) (സ്വഹീഹുൽബുഖാരി, കിതാബുൽ അഹ്കാം ഹദീഥ് 7149)

ആ ജോലികളിൽ അനുഗ്രഹമുണ്ടാകുന്നതല്ല. അതുകൊണ്ട് ഒരിക്കലും ഭാരവാഹിത്വം ആഗ്രഹിച്ച് അതു നേടുന്നതിന് ശ്രമിക്കാൻ പാടില്ല.

അതേ! ദീനിനുസേവനം ചെയ്യാനുള്ള താൽപര്യം തീർച്ചയായുമുണ്ടായിരിക്കേണ്ടതാണ്. തനിക്ക് അവസരം കിട്ടിയാൽ ദീനിന് സേവനം ചെയ്യുന്നതായിരിക്കും. ഈ സേവനത്തിനുള്ള അവസരം ഏതു രീതിയിൽ കിട്ടിയാലും അതു നിറവേറ്റുന്നതിന് തികച്ചും പരിശ്രമിക്കേണ്ടതാണ്. അതുകൊണ്ട് സ്ഥാനങ്ങൾ ആഗ്രഹിക്കുന്നത്, ഏതെങ്കിലും ജോലിയുടെ മേൽനോട്ടക്കാരനായി അതു ചെയ്യുമെന്ന് ആഗ്രഹിക്കുന്നത്, ഇഷ്ടകരമമല്ല.

അതേ!സേവനം ചെയ്യുന്നതിനുള്ള ആവേശമുണ്ടായിരിക്കേണ്ടതാണ്. അത് ഏതുതരത്തിലുള്ളതാണെങ്കിലും ഇഷ്ടകരമായ കാര്യമാണ്.

ഇക്കാര്യങ്ങൾ തിരഞ്ഞെടുക്കുന്ന ആളുകളും എപ്പോഴും മുമ്പിൽവെക്കേണ്ടതാണ്. വിശുദ്ധ ഖുർആനിന്റെ കല്പനയെ, നബി(സ)തിരുമേനിയുടെ പാഠങ്ങളെ എപ്പോഴും മുന്നിൽ വെക്കേണ്ടതാണ്. നിങ്ങളുടെ ദൃഷ്ടിയിൽ ദുആക്കുശേഷം ഏതെങ്കിലും സേവനത്തിന് അർഹതപ്പെട്ട ആളുകളുണ്ടെങ്കിൽ അവരെ തിരഞ്ഞെടുക്കുക. മറ്റൊന്ന് ആരെങ്കിലും ഭാരവാഹിത്വം ആഗ്രഹിക്കുന്നുണ്ടെങ്കിൽ ജമാഅത്തുപരമായ സംവിധാനത്തിലും എല്ലാ തിരഞ്ഞെടുപ്പു ഫോറമിലും അതിനെ നിരുത്സാഹപ്പെടുത്തേണ്ടതാണ്. തിരഞ്ഞെടുക്കുന്നവർ നീതിപൂർവ്വം തിരഞ്ഞെടുക്കാനുള്ള തങ്ങളുടെ അവകാശം വിനിയോഗിക്കേണ്ടതാണ്.

പൊതുവെ തിരഞ്ഞെടുപ്പിന്റെ മാർഗം ഇതാണ്. ദേശീയകേന്ദ്രതലത്തിൽ നടക്കുന്ന തിരഞ്ഞെടുപ്പിൽ ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതിനുള്ള അഭിപ്രായങ്ങൾ തിരഞ്ഞെടുപ്പ് ഫലത്തിനോടൊപ്പം കാലത്തിന്റെ ഖലീഫയുടെ മുമ്പിൽ സമർപ്പിക്കപ്പെടുന്നു. ഭൂരിപക്ഷമുള്ള ആളെ തിരഞ്ഞെടുക്കാനോ കുറഞ്ഞ വോട്ടുകിട്ടിയ ആളെ തിരഞ്ഞെടുക്കാനോ കാലത്തിന്റെ ഖലീഫയ്ക്ക് അധികാരമുണ്ട്. ചില സമയത്ത് ചില വ്യക്തികളെക്കുറിച്ച് ചില കാര്യങ്ങൾ കേന്ദ്രത്തിനും കാലത്തിന്റെ ഖലീഫക്കും അറിവുണ്ടായിരിക്കും. പൊതുജനങ്ങൾ അതറിഞ്ഞുകൊള്ളണമെന്നില്ല. ഏതായിരുന്നാലും ഭൂരിപക്ഷം കിട്ടിയ ആളെത്തന്നെ തിരഞ്ഞെടുത്തുകൊള്ളണമെന്ന് നിർബന്ധമൊന്നുമില്ല.

അതുപോലെ രാജ്യതലത്തിലുള്ള ജമാഅത്തുകളുടെ തിരഞ്ഞെടുപ്പിൽ നിയമാവലി അനുസരിച്ച് ചിലരുടെ അനുമതി തദ്ദേശകേന്ദ്രഭരണനിർവഹണ സമിതി നൽകാറുണ്ട്. അതിലെന്തെങ്കിലും മാറ്റം വരുത്തണമെങ്കിൽ കാലത്തിന്റെ ഖലീഫയോടു ചോദിക്കുന്നു. എന്തായാലും സാധിക്കുന്നിടത്തോളം ഏറ്റവുംനല്ല ഭാരവാഹികളെ ലഭ്യമാക്കാനുള്ള ശ്രമമാണ് നടക്കുന്നത്. പക്ഷേ, ചിലയിടങ്ങളിൽ എത്തരത്തിലുള്ള ആളുകളാണോ ലഭിക്കുന്നത് അവരിൽനിന്നുതന്നെ തിരഞ്ഞെടുക്കേണ്ടിവരുന്നു. പക്ഷേ, ഇവിടെ തിരഞ്ഞെടുക്കുന്നവർ തങ്ങളുടെ കഴിവനുസരിച്ച് ഏറ്റവും നല്ലരീതിയിൽ അമാനത്തിനോടുള്ള കടമകൾ നിറവേറ്റുന്നവരെ തിരഞ്ഞെടുക്കാൻ ചിന്തിക്കുകയും ശ്രമിക്കുകയും ചെയ്യണ്ടതാണ്. സ്ഥാനമോഹികളേയും സുഹൃത്ത്ബന്ധം കാരണത്താലും ബന്ധുത്വപരമായ കാരണത്താലും കൂടുതലാളുകൾ ആർക്കാണ് കൈപൊക്കിയിരിക്കുന്നതെന്നു നോക്കി താനും കൈപൊക്കുമെന്ന് കരുതി വോട്ടുചയ്യാൻ പാടില്ല. ഇതു അല്ലാഹുവിന്റെ കല്പനകളുടെ ലംഘനമാണ്. നബി(സ)തിരുമേനിയുടെ നിർദേശങ്ങളുടെ ലംഘനമാണ്.

ജമാഅത്തുപരമായതും മർക്കസുപരമായിട്ടുള്ളതുമായ തിരഞ്ഞെടുപ്പുകൾ ഈ വർഷം നടക്കില്ല. കാരണം അത് നടന്നു കഴിഞ്ഞു. പക്ഷേ, പോഷകസംഘടനകളുടെ തിരഞ്ഞെടുപ്പ് നടക്കേണ്ടതുണ്ട്. ചില സ്ഥലങ്ങളിൽ അൻസ്വാറിന്റേയും ഖുദ്ദാമിന്റേയും ലജ്നയുടേയും തിരഞ്ഞെടുപ്പ് നടക്കേണ്ടതുണ്ട്.

അപ്പോൾ ഈ പോഷകസംഘടനകളുടെ അംഗങ്ങൾ ചെയ്യേണ്ടത് ആര് തിരഞ്ഞെടുപ്പ് കമ്മിറ്റിയിലെ അംഗമായാലും അയാൾ അല്ലാഹുവിന്റെ കല്പനയനുസരിച്ച് തന്റെ വോട്ടവകാശം ദുആ ചെയ്തതിനുശേഷം നീതിയോടുകൂടി തന്റെ ദൃഷ്ടിയിൽ ഏറ്റവും നല്ലവ്യക്തിക്ക് നല്കി കാലത്തിന്റെ ഖലീഫയ്ക്ക് ശിപാർശ സമർപിക്കുക.

നമ്മൾ നീതിയോടുകൂടി നമ്മുടെ ഈ കടമ നിർവഹിക്കുന്നവരായിത്തീരുകയാണെങ്കിൽ അപ്പോഴാണ് ജമാഅത്തുപരമായ അഭിവൃദ്ധിയിൽ നമ്മുടെ പങ്കു ഫലപ്രദമാകുകയും നമ്മൾ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരായിത്തീരുകയും ചെയ്യുന്നത്.

ഇതിനോടൊപ്പംതന്നെ ഭാരവാഹികളേയും അവരുടെ ഉത്തരവാദിത്വത്തിലേക്ക് ശ്രദ്ധക്ഷണിക്കാനാഗ്രഹിക്കുകയാണ്. ജമാഅത്തിന്റെ ഭാരവാഹികൾ തിരഞ്ഞെടുക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. പക്ഷേ, അവർക്കെപ്പോഴും അവരുടെ ഉത്തരവാദിത്വത്തെകുറിച്ച് ബോധമുണ്ടായിരിക്കേണ്ടതാണ്. എപ്പോഴും ശ്രദ്ധിക്കേണ്ട കാര്യം അല്ലാഹു നമുക്ക് സേവനം ചെയ്യാൻ അവസരം നല്കി. അപ്പോൾ അവന്റെ ഫള്ലുകൾ കൈവരിക്കുന്നതിന് നമുക്ക് എല്ലാതരത്തിലുള്ള സ്വാർഥതാൽപര്യങ്ങൾക്കുമതീതമായി നമ്മുടെ ജോലി അല്ലാഹുവിന്റെ സന്തോഷം കരസ്ഥമാക്കുന്നതിന് ചെയ്യേണ്ടതാണ്.

ചില ഭാരവാഹികളെ സംബന്ധിച്ച് അവരുടെ പെരുമാറ്റത്തിൽ വിനയമനോഭാവമുണ്ടാകുന്നില്ലെന്ന പരാതി വരാറുണ്ട്. സ്ഥാനം കിട്ടിയതിനുശേഷം അയാൾ ഏതോ അസാധരണ വ്യക്തിത്വമായിത്തീർന്നിരിക്കുന്നു എന്ന പ്രകടനമാണുണ്ടാകുന്നത്.

ഫിർഔനിയ്യത്ത് ഉണ്ടായെന്ന് ഞാൻ പറയുകയില്ല. പക്ഷേ, താനെന്തോ വലിയവനായിരിക്കുന്നുവെന്ന് മനസ്സിലാക്കാൻ തുടങ്ങുന്നു. പ്രത്യേകിച്ചും ഏതൊരു ഭാരവാഹിയെയാണോ നാമനിർദേശം ചെയ്ത് നിയമിക്കുന്നത്-അയാളാണെങ്കിൽ വാഖ്ഫെ സിന്ദഗിയുമാണ്, അയാളിൽ ഇക്കാര്യമുണ്ടായാൽ ഇത് തികച്ചും അസഹനീയമാണ്. ചില വാഖ്ഫെ സിന്ദഗികളെ ജനറൽ സെക്രട്ടറിയാക്കുന്നു. അപ്പോൾ അവരെക്കുറിച്ച് വലിയ അഹങ്കാരപരമായ പെരുമാറ്റമാണെന്ന് പരാതിയുണ്ടാകുന്നു. സലാം ചൊല്ലിയാൽ മടക്കുകപോലും ചെയ്യുന്നില്ല. അങ്ങനെ പെരുമാറുന്നവർ തങ്ങളെ നന്നാക്കിയെടുക്കുക. അല്ലാഹു സേവനത്തിന് അവസരം നല്കിയ സ്ഥിതിക്ക് ഭൂമിയിലേക്ക് കുനിയുക. കുട്ടികളോടും വലിയവരോടും സ്നേഹത്തോടും വിനയത്തോടുംകൂടി പെരുമാറുക. നിങ്ങൾ നിശ്ചയിക്കപ്പെട്ടിരിക്കുന്നത് ജമാഅത്തംഗങ്ങളെ സേവിക്കാനാണ്. അല്ലാതെ അവരിൽ ഓഫീസറെപോലെയോ രാജാവിനെപോലെയോ ആദരയുക്തമായ ഭയമുണ്ടാക്കിയെടുക്കാനല്ല.

ചിലയാളുകളുണ്ട്. അവർ തങ്ങളുടെ ജോലിയും ശരിയായ നിലയിൽ ചെയ്യുന്നില്ല. ഇവിടെ എന്നിൽനിന്നും ചില കാര്യങ്ങളിൽ റിപ്പോർട്ടിനുവേണ്ടി പോകാറുണ്ട്. അതവരുടെ ഫൈലിൽ കിടക്കുന്നു. ഓർമപ്പെടുത്താത്തിടത്തോളം, ആവർത്തിച്ച് ചോദിക്കാത്തിടത്തോളം ആറു മാസത്തിനുശേഷം തെറ്റുപറ്റിപോയെന്നും മറുപടി നല്കാൻ കൃത്യസമയത്തു കഴിഞ്ഞില്ലെന്നും പറഞ്ഞ് ഒരു മാപ്പുപത്രം എഴുതുന്നു. കേന്ദ്രത്തിൽനിന്ന് വരുന്ന കത്തുകളോടു, കാലത്തിന്റെ ഖലീഫ അയക്കുന്ന കത്തുകളോടു ഈ രീതിയും പെരുമാറ്റവുമാണെങ്കിൽ സാധാരണ ജമാഅത്തംഗങ്ങളോടുള്ള പെരുമാറ്റം നല്ലതായിരിക്കുമെന്ന് എങ്ങനെ കരുതാനാണ്? അവർ തങ്ങളെ നന്നാക്കിയെടുക്കേണ്ടതാണ്. ഇല്ലെങ്കിൽ അവരെ സേവനത്തിൽനിന്ന് പുറത്താക്കുന്നതായിരിക്കും.

ഭാരവാഹികളോടു അവരുടെ ഉത്തരവാദത്വങ്ങ

ളെ കുറിച്ചും പറയാനാഗ്രഹിക്കുകയാണ്.

ഒന്ന് ഭാരവാഹികൾ തങ്ങളുടെ ഉള്ളിൽ വിനയമുണ്ടാക്കുക. ഏതൊരു ചുമതലകളാണോ നിങ്ങൾക്ക് നല്കപ്പെട്ടിട്ടുള്ളത് അതിനോടുള്ള കടമ നിറവേറ്റിക്കൊണ്ട് ചെയ്യാൻ ശ്രമിക്കുക.

എപ്പോഴും അല്ലാഹു നമ്മുടെ മേൽനോട്ടക്കാരനാണെന്ന വിചാരം മനസ്സിലുണ്ടായിരിക്കണം. അവൻ നമ്മുടെ എല്ലാ അനക്കമടക്കങ്ങളും കാണുന്നു. ഏതെങ്കിലും സ്ഥാനം കിട്ടയതിനുശേഷം നമ്മൾ എല്ലാതരത്തിലുള്ള ബന്ധനങ്ങളിൽനിന്നും സ്വതന്ത്രരാകുന്നില്ല. എന്നല്ല നമ്മൾ അല്ലാഹുവിന്റെ പിടിത്തത്തിൻകീഴിൽ അധികമായി വരികയാണ് ചെയ്തത്. ജനങ്ങൾ നമ്മളെ തിരഞ്ഞെടുക്കുകയും കാലത്തിന്റെ ഖലീഫ നമ്മളെ വിശ്വസിച്ചുകൊണ്ട് ഈ സേവനം ചെയ്യാൻ അനുവാദം തരികയും ചെയ്തിരിക്കുന്നു. അതുകൊണ്ട് ഈ വിശ്വാസം നിലനിറുത്താൻ ശ്രമിക്കേണ്ടതാണ്. നമ്മുടെ എല്ലാ കഴിവുകളും പ്രസ്തുത സേവനം നല്ല രീതിയിൽ നിർവഹിക്കുന്നതിന് ചെലവഴിക്കേണ്ടതാണ്. ഈ ഒരു ചിന്തയുണ്ടായാൽ ശരിയായി ജോലി ചെയ്യാനുള്ള ആത്മാവുമുണ്ടാകുന്നതാണ്. ജമാഅത്തിലെ അംഗങ്ങളും സഹകരിക്കുന്നതാണ്. ചില ഭാരവാഹികൾ ചില വകുപ്പുകളുടെ കാര്യത്തിൽ ജമാഅത്തിലെ അംഗങ്ങൾ സഹകരിക്കാറില്ലെന്ന് പരാതിപ്പെടാറുണ്ട്. തീർച്ചയായും ജമാഅത്തംഗങ്ങളുടെ ഉത്തരവാദിത്വമെന്തെന്നാൽ ആരെയാണോ നിങ്ങൾ സ്വയം വിവിധ ദീനി സേവനങ്ങൾക്കുവേണ്ടി തിരഞ്ഞെടുത്തത് അവരുമായി സഹകരിക്കുക എന്നതാണ്. എന്നാൽ, അതോടൊപ്പംതന്നെ ഭാരവാഹികളും തങ്ങളുടെ ശ്രേഷ്ഠമായമാതൃകകൾ ജനങ്ങൾക്കു മുമ്പിൽ സ്ഥാപിക്കേണ്ടതാണ്. ഒരു ഭാരവാഹിയെക്കുറിച്ച് അയാൾ തന്റെ വരുമാനമനുസരിച്ച് ശരിയായ രീതിയിൽ ചന്ദ കൊടുക്കുന്നില്ലെന്നും കുറഞ്ഞ തോതനുസരിച്ച് ചന്ദ കൊടുക്കാൻ അനുമതി വാങ്ങിയിട്ടില്ലെന്നും റിപ്പോർട്ട് ലഭിച്ചിരുന്നു. അത്തരം വ്യക്തി മറ്റുള്ളവർക്ക് എന്ത് മാതൃകയാണ് കാണിച്ചുകൊടുക്കുക? സാമ്പത്തിക ത്യാഗം ചെയ്യാൻ മറ്റുളവരോടു എങ്ങനെയാണു പറയുക? പറഞ്ഞതിന്റെ ചുരുക്കം തങ്ങളുടെ വ്യക്തിപരമായ മാതൃക അനിവാര്യമാകുന്നു എന്നാണ്. ഒരുപാടൊരുപാട് ഇസ്തിഗ്ഫാർ ചെയ്യേണ്ടിയിരിക്കുന്നു. അല്ലാഹുവിന് തസ്ബീഹ് ചെയ്യേണ്ടത് അനിവാര്യമാകുന്നു. തങ്ങളുടെ അവസ്ഥകളെക്കുറിച്ച് ആത്മപരിശോധന നടത്തേണ്ടതും നിർബന്ധമാകുന്നു.

ഒരു തർബിയ്യത്തു സെക്രട്ടറി അഞ്ചുനേരനമസ്കാരങ്ങൾ ജമാഅത്തായി നമസ്കരിക്കുന്നതിൽ ശ്രദ്ധ കാണിക്കുന്നില്ലെങ്കിൽ പിന്നെങ്ങനെയാണ് മറ്റുള്ളവരെ നമസ്കാരത്തിന്റെ കാര്യത്തിൽ ശ്രദ്ധ കാണിക്കാൻ ഉപദേശിക്കു? അതുപോലെ വഖ്ഫു ചെയ്ത ഒരാൾ സ്വയം നഫ്ലുകൾ നമസ്കരിക്കുന്നതിൽ ശ്രദ്ധ കാണിക്കുന്നില്ലെങ്കിൽ പിന്നെങ്ങനെയാണ് ജമാഅത്തംഗങ്ങളെ ഉപദേശിക്കുക. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഇക്കാര്യത്തിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് പറഞ്ഞതെന്തന്നാൽ 'അനഹ്മദി മൗലവിമാർ ഉപദേശിക്കുന്നുവെങ്കിലും അവരുടെ കർമങ്ങൾ ഉപദേശങ്ങൾക്കനുസരിച്ചല്ലാത്തതുകൊണ്ട് അവരുടെ വാക്കുകൾക്ക് പ്രഭാവമുണ്ടാകുന്നില്ലെന്നാണ്.'(മൽഫൂദാത്ത് വാള്യം 1, പേജ് 67, 1984 പതിപ്പ്)

അതുകൊണ്ട് നമ്മെ സംബന്ധിച്ചിടത്തോളം ഓരോ നിമിഷവും വളരെയേറെ ചിന്താകുലരായി കഴിച്ചുകൂട്ടേണ്ടതും ഓരോ ചുവടും ഊതിയൂതിത്തെളിച്ച് വെക്കേണ്ടതും അനിവാര്യമാണ്. ഇതുണ്ടെങ്കിൽ മാത്രമേ നമ്മുടെ അമാനത്തുകളോടുള്ള കടമ നമുക്ക് യഥാവിധി നിറവേറ്റാൻ കഴിയുകയുള്ളു.

തർബിയ്യത്തു സെക്രട്ടറിമാർ തങ്ങളുടെ മാതൃക സ്ഥാപിച്ചുകൊണ്ട് സ്നേഹത്തോടെ ജമാഅത്തിന് ശിക്ഷണം നൽകുകയാണെങ്കിൽ ജമാഅത്തംഗങ്ങൾക്കുള്ളിൽ വിപ്ലവകരമായ മാറ്റമുണ്ടാക്കിയെടുക്കാൻ സാധിക്കുന്നതാണ്.

എല്ലാ ഭാരവാഹികളും തങ്ങളുടെ വകുപ്പിന്റെ അഭിവൃദ്ധിക്ക് കുഞ്ഞത് രണ്ടു നഫ്ലും അല്ലാഹു ബർക്കത്ത് പ്രദാനം ചെയ്യുന്നതിന് നിത്യവും നമസ്കരിക്കേണ്ടതാണ്. തർബിയ്യത്തുവകുപ്പ് സജീവമാകുകയാണെങ്കിൽ മറ്റു വകുപ്പുകൾ എന്റെ വീക്ഷണത്തിൽ സ്വയമേവ ചുരുങ്ങിയത് എഴുപതുശതമാനമെങ്കിലും നല്ല നിലയിൽ പ്രവർത്തിച്ചു തുടങ്ങുന്നതായിരിക്കും.

അതുകൊണ്ട് എപ്പോഴും ഓർക്കേണ്ടതാണ്, ഭാരവാഹികൾ തങ്ങളുടെ മാതൃകകൾ സ്ഥാപിക്കേണ്ടതാണ്. പ്രത്യേകിച്ചും ജമാഅത്ത് അമീർമാരും സ്വദ്ർമാരും തർബിയ്യത്ത് സെക്രട്ടറിമാരും. ബാക്കിയുള്ളവരും ഇതു ചെയ്യേണ്ടതാണ്. അല്ലാതെ ബാക്കിയുള്ളവർ ചെയ്തില്ലെങ്കിൽ പ്രശ്നമില്ലെ ന്നല്ല. പ്രത്യേകമായി ഈ ഭാരവാഹികളുടെ ശ്രദ്ധ ക്ഷണിക്കുന്നതുകൊണ്ട് ഒരിക്കലുംതന്നെ മറ്റുള്ളവർ ചെയ്തില്ലെങ്കിൽ പ്രശ്നമില്ലെന്നല്ല അതിന്റെ അർഥം. ഓരോരുത്തരും ചെയ്യുമ്പോഴാണ് ജമാഅത്തിന് അഭിവൃദ്ധി ശരിയായ രീതിയിലുണ്ടാകുന്നത്. തങ്ങളുടെ മാതൃകകൾ സ്ഥാപിച്ചില്ലെങ്കിൽ ഒന്നും സംഭവിക്കില്ലെന്ന് കരുതരുത്. ഒരുപാട് ന്യൂനത ഉണ്ടാകുന്നതാണ്. ഓരോ ഭാരവാഹിയുടെയും കർമത്തിൽ ന്യൂനതയുണ്ടാകും. സെക്രട്ടറിമാൽ തന്റെ ചന്ദ കൊടുക്കുന്നതിൽ ശ്രദ്ധയില്ലാത്തയാളാണെങ്കിൽ ഞാൻ പറഞ്ഞു വന്നതുപോലെ അയാൾക്ക് എങ്ങനെയാണ് മറ്റുള്ളവരോട് പറയാൻ കഴിയുക? അയാൾ പറയുന്നതിലെന്ത് അനുഗ്രഹമാണുണ്ടാകുക? തബ്‌ലീഗ് സെക്രറട്ടറി കർത്തവ്യങ്ങൾ യഥാവിധി നിർവഹിക്കുന്നില്ലെങ്കിൽ ജമാഅത്തംഗങ്ങളെ എങ്ങനെയാണു കർമനിരതരാക്കുക. ഓരോ വകുപ്പും വളരെ പ്രാധാന്യമുള്ളതാണ്.

പോഷകസംഘടനകളിലും എല്ലാതലത്തിലും അവരവരെ കർമനിരതരാക്കേണ്ടിവരും.

ചില സ്ഥലങ്ങളിൽ ലജ്ന സ്വദ്റിനെക്കുറിച്ച് അവരുടെ പെരുമാറ്റരീതി ശരിയല്ലെന്ന് പറഞ്ഞ് പരാതി വരുന്നു. നവഅഹ്മദി സ്ത്രീകളുമായുള്ള ചിലരുടെ പെരുമാറ്റം ശരിയല്ല. അവരെ അടുപ്പിക്കുന്നതിനുപകരം ഓടിച്ചകറ്റുന്നതിന് ഇവർ കരണക്കാരായിത്തീരുന്നു. ഈ നവഅഹ്മദി സ്ത്രീകളോട് നിങ്ങളിൽ തങ്ങൾ മാറ്റമുണ്ടാക്കുമെന്ന് മോശമായ രീതിയിൽ ഇവർ പറയുന്നു. എന്റെ അഭിപ്രായത്തിൽ അത്തരം ലജ്നസ്വദ്ർമാർ സ്വയം മാറ്റത്തിന് വിധേയരാകേണ്ടിയിരിക്കുന്നു. ഇങ്ങനെ ഒരവസ്ഥ ഉണ്ടാകാനുള്ള കാരണം ചില ആളുകളുടെ കൈയിൽ ഭാരവാഹിത്വം സ്ഥായിയായി നിലനിൽക്കുന്നതാണ്. ലജ്ന അംഗങ്ങളും തങ്ങളുടെ തിരഞ്ഞെടുപ്പിലാരാണ് അർഹയായിട്ടുള്ളതെന്നും അർഹരല്ലാത്തവരാരാണെന്നും ആരുമുഖേനയാണ് പ്രശ്നങ്ങളുണ്ടാകുന്നതെന്നൊന്നും നോക്കുന്നില്ല. ചില പരാതികൾ വരുന്നു. പ്രശ്നങ്ങളുണ്ടാകുന്നു. അത് ആളുകളുടെ ഈമാന് ക്ഷതമേൽപിക്കാനും കാരണമായിത്തീരുന്നു. അതുകൊണ്ട് തിരഞ്ഞെടുപ്പിന് വരുന്ന സ്ത്രീകൾ തങ്ങളുടെ വോട്ട് നീതിപൂർവ്വം അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ട് ചെയ്യുകയാണെങ്കിൽ പിന്നീട് പരാതികളൊന്നുമുണ്ടാകുന്നതല്ല. അതിനാൽ തിരഞ്ഞെടുപ്പുവേളയിൽ അമാനത്തുകൾക്ക് അതിന്റെ അർഹരായവരെ തിരഞ്ഞെടുക്കുകയാണെങ്കിൽ പരാതികളും അവസാനിക്കുന്നതാണ്. അല്ലെങ്കിൽ നമുക്ക് നമ്മുടെ പരിഷ്കരണം നടത്താനൊക്കുകയില്ല.

ഭാരവാഹികളോടു ഞാനിതുംകൂടി പറയട്ടെ, അവർ സ്റ്റേജുകളിൽ ഇരിക്കാൻ വേണ്ടിയുള്ളവരല്ല. ഓരോ ഭാരവാഹിയും തന്റെ കടമ ഒരു സാധാരണ പ്രവർത്തകയെപ്പോലെ നിറവേറ്റേണ്ടതാണ്. ഒരു നവ അഹ്മദിയായ സ്ത്രീ എന്നോടുപറഞ്ഞു. ഇവർ പുറത്തുനിന്ന് ജൽസയിൽ വന്നതാണ്. അവർ പറയുന്നു: 'ഇവിടെ ജൽസയിൽ ഒരു കാര്യം പ്രത്യേകമായി എന്നെ ആകർഷിച്ചു. അതെന്തെന്നാൽ, ലജ്ന സ്വദ്ർ ഡിസിപ്ലിൻ ഡ്യൂട്ടിയിലുള്ള പെൺകുട്ടികളോടൊപ്പം ഡ്യൂട്ടി ചെയ്യുന്നത് ഞാൻ കണ്ടു. ചുരുക്കത്തിൽ അത് ലജ്ന സ്വദ്റിന്റെ ഉത്തരവാദിത്വമായിരുന്നു. അവർ ചെയ്തത് അസാധാരണമായൊ രു ജോലിയൊന്നുമല്ല. അവർ ഡ്യൂട്ടി ചെയ്യാതിരിക്കുകയും എല്ലാ സ്ഥലത്തും മേൽനോട്ടം വഹിക്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ അവർ കുറ്റക്കാരിയാണ്. സ്വദ്ർ ഇങ്ങനെ ഡ്യൂട്ടി ചെയ്യുകയോ അതല്ലെങ്കിൽ പരിശോധിക്കുകയോ ചെയ്യാതിരിക്കുകയാണെങ്കിൽ അവർ തന്റെ അമാനത്തിനോടുള്ളകടമകൾ യഥാവിധി നിർവ്വഹിക്കുന്നവരാകുന്നില്ല. ഏതായിരുന്നാലും തങ്ങളുടെ അമാനത്തുകളുടെ കടമകൾ യഥാവിധി നിർവഹിക്കുന്ന ഭാരവാഹികൾ മറ്റുള്ളവരുടെ മാറ്റത്തിനും കാരണമായത്തീരുന്നു. ആ മാറ്റം ലജ്നയിലുമുണ്ടാകുന്നു.

സമൂഹത്തിന്റെ നേതാവ് സമൂഹത്തിന്റെ സേവകനാണെന്ന ചിന്ത നമ്മുടെ എല്ലാ ഭാരവാഹികളിലും എപ്പോഴുമുണ്ടാകേണ്ടതാണ്. ഇതു നബി(സ) തിരുമേനി പറഞ്ഞതാണ്.

ഇപ്രാരംതന്നെ സാധാരണ അവസ്ഥകളിലും എല്ലാ ജമാഅത്തംഗങ്ങളുമായി വ്യക്തിപരമായ ബന്ധം സ്ഥാപിച്ച്, അവരുമായി ബന്ധം വർധിപ്പിക്കേണ്ടതും എല്ലാഭാരവാഹികളുടേയും ജോലിയാണ്. അവരുടെ സുഖദുഃഖങ്ങളിൽ പങ്കെടുക്കേണ്ടതാണ്. ജമാഅത്ത് വ്യവസ്ഥിതി പരസ്പരം സഹതാപത്തിന്റെ വികാരങ്ങളുണ്ടാക്കുന്നതിനും പരസ്പരം ശ്രദ്ധിക്കുന്നതിനുംവേണ്ടി ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ്. ഓരോ അംഗത്തേയും ഇതു ബോധ്യപ്പെടുത്തേണ്ടതാണ്. ആരുംതന്നെ ഓഫീസറല്ല. ആരുംതന്നെ കീഴുദ്യോഗസ്ഥരുമല്ല.

നമ്മളെല്ലാവരുമൊന്നാണ്. എല്ലാവരും സഹോദരങ്ങളുമാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ

## • അമീറുൽ മുഅ്മിനീന്റെ ഉപദേശം •

**ഏതുകാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക**
**(സന്ദേശം ജൽസാസാലാന ഡന്മാർക്ക് 2019)**

ത്വാലിബെ ദുആ:
C.K.MANSOOR & FAMILY
JAMA-ATH AHMADIYYA, PATHAPIRIYAM

## • കലാമുൽ ഇമാം •

**"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാള്യം 1, പേജ് 64)**

ത്വാലിബെ ദുആ:
P.Abdul Ameer
Ahmadiyya Jama-ath Pathapiriyam, Kerala

ദൗത്യം പൂർത്തീകരിക്കാൻ നമ്മളോരോരുത്തരും നമ്മുടെ കഴിവനുസരിച്ച് പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ഈ ചിന്തതന്നെയാണ് ജമാഅത്ത് വ്യവസ്ഥിതിയെ മനോഹരമായൊരു വ്യവസ്ഥിതിയാക്കി മാറ്റുന്നത്. ഈ ചിന്തതന്നെയാണ് നമ്മെ അല്ലാഹുവിന്റെ സാമീപത്ത് കൊണ്ടെത്തിക്കുന്നതും. ഈ ചിന്ത ഇല്ലാതിരിക്കുകയും ഇതിന്നെതിരിൽ പ്രവർത്തിക്കുകയും ചെയ്യുന്നവർ അല്ലാഹുവിന്റെ വെറുപ്പ് വിലക്കുവാങ്ങുന്നവരായിരിക്കും. ഒരു നിവേദനത്തിൽ വരുന്നു. ഇപ്രകാരം വന്നിരിക്കുന്നു: ഹദ്റത്ത് മഅ്ഖൽ ബിൻ യസാർ(റ) വിവരിക്കുന്നു. ഞാൻ നബി(സ)തിരുമേനി പറയുന്നത് കേട്ടു: ആരെയാണോ അല്ലാഹു ജനങ്ങളുടെ മേൽന്നോട്ടക്കാരനും ഉത്തരവാദപ്പെട്ടവനുമാക്കിയത്, അവൻ ജനങ്ങളുടെ മേൽന്നോട്ടത്തിലും ഗുണകാംക്ഷയിലും വീഴ്ചവരുത്തുകയാണെങ്കിൽ അവൻ മരിക്കുമ്പോൾ അല്ലാഹു അവന് സ്വർഗം നിഷിദ്ധമാക്കുന്നതായിരിക്കും. അവന് സ്വർഗഭാഗ്യം നല്കുകയില്ല.(സ്വഹീഹുൽ ബുഖാരി, കിതാബുൽഅഹ്കാം, ഹദീഥ് നമ്പർ 7150,7151) ഇത് വലിയൊരു മുന്നറിയിപ്പാണ്. ഭയപ്പെടുത്തുന്ന അവസ്ഥയാണ്. വലിയ ചിന്താർഹമായ കാര്യമാണ്.

മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു. നബി(സ)തിരുമേനി പറഞ്ഞു: 'എല്ലാവരും മേൽന്നോട്ടക്കാരാണ്. എല്ലാവരും തങ്ങളുടെ കീഴിലുള്ളവരെക്കുറിച്ച് ചോദ്യം ചെയ്യപ്പെടുന്നതാണ്.' ഇതൊരു ദീർഘമായ ഹദീഥാണ്. മേൽന്നോട്ടക്കാരെക്കുറിച്ച് മറ്റു സ്ഥലങ്ങളിലും പരാമർശമുണ്ട്. ഇവിടെ നമ്മുടെ വിഷയമായി ബന്ധപ്പെട്ടത് ഞാൻ വായിക്കാം. നബി(സ)തിരുമേനി പറയുന്നു: 'അമീറും മേൽന്നോട്ടക്കാരനാണ്.' (സ്വഹീഹുൽ ബുഖാരി, കിതാബുൽഅഹ്കാം ഹദീഥ് 7138) അതായത് ഭാരവാഹികളും. ഇതിൽ ഭാരവാഹികളുംപെടുന്നു. അവരും മേൽന്നോട്ടക്കാരാണ്. എല്ലാവരും അവരുടെ പ്രജകളെക്കുറിച്ച് ചോദ്യം ചെയ്യപ്പെടുന്നതാണ്. പ്രജകൾ എന്നതുകൊണ്ടുള്ള ഉദ്ദേശ്യം ആരുടെമേലാണോ ഭരണം നടത്തുന്നത് അവരല്ല. പ്രത്യുത അവരെ സഹായിക്കാനും പരിഷ്കരിക്കാനും അഭിവൃദ്ധിപ്പെടുത്താനുമുള്ള ചുമതല നൽകപ്പെട്ടവരാണ്.

ഇതേ ഹദീഥിൽ ഉദാഹരണം നല്കപ്പെട്ടിരിക്കുന്നു: 'ഭർത്താവ് തന്റെ വീടിന്റെ മേൽന്നോട്ടക്കാരനാണ്. ഭാര്യ തന്റെ കുട്ടികളുടെ മേൽന്നോട്ടക്കാരിയാണ്.'(സ്വഹീഹുൽ ബുഖാരി, കിതാബുൽ അഹ്കാം ഹദീഥ് 7138) ഇവരൊന്നും ഭരണം നടത്തുന്ന മേൽന്നോട്ടക്കാരല്ല. പ്രത്യുത തങ്ങളുടെ ആശ്രിതരുടെ അവസ്ഥകൾ മെച്ചപ്പെടുത്തുകയും അവരുടെ ആവശ്യങ്ങൾ പൂർത്തീകരിക്കുകയും ചെയ്യാനുള്ള ചുമതലയുള്ളവരാണ്. ഈ ചുമതലകൾ നിറവേറ്റുന്നില്ലെങ്കിൽ നബി(സ)തിരുമേനി പറഞ്ഞതുപോലെ അത്തരമാളുകൾക്ക് സ്വർഗം നിഷിദ്ധമാക്കപ്പെടും. താന്താങ്ങളുടെ പ്രദേശങ്ങളിൽ മേൽന്നോട്ടക്കാരും ഭാരവാഹികളുമായി തിരഞ്ഞെടുക്കപ്പെട്ടവർ ശരിയായ രീതിയിൽ തങ്ങളുടെ ജോലി ചെയ്യാതിരിക്കുകയും തങ്ങളുടെ പ്രദേശങ്ങളിൽ കാലത്തിന്റെ ഖലീഫയുടെ വെറും നാമധാരികളായ പ്രതിനിധികളായിരിക്കുകയുമാണെങ്കിൽ അവർ കാലത്തിന്റെ ഖലീഫയ്ക്കും ദുഷ്പേരുണ്ടാക്കുകയും കാലത്തിന്റെ ഖലീഫയേയും കുറ്റവാളിയാക്കുകയുമാണ് ചെയ്തുകൊണ്ടിരിക്കുന്നത്.

മാസങ്ങളോളം റിപ്പോർട്ട് അയക്കാതിരിക്കുന്നവരുടെ ഉദാഹരണം ഞാൻ പറഞ്ഞതുപോലെ! ഇത്തരക്കാർ യഥാർഥത്തിൽ തങ്ങളുടെ ഇസ്ലാഹ് അഥവാ പരിഷ്കരണം നടത്തുന്നില്ലെങ്കിൽ, അവരുടെ തെറ്റിൽ ഞാനും പെടാതിരിക്കാൻ അവരെ സേവനത്തിൽ നിന്നു പുറത്താക്കുകയല്ലാതെ വേറൊരുവഴിയും ഞാൻ കാണുന്നില്ല. അതുകൊണ്ട് ഞാനും അല്ലാഹുവിനോട് ഇസ്തിഗ്ഫാർ ചെയ്യുന്നു. ഇത്തരത്തിലുള്ളവരും ഇസ്തിഗ്ഫാർ ചെയ്യുകയും തങ്ങളുടെ ഇസ്ലാഹ് അഥവാ പരിഷ്കരണം നടത്തുകയും ചെയ്യുക. തങ്ങളുടെ ചുമതലകൾ മനസ്സിലാക്കിക്കൊണ്ട് ജോലി ചെയ്യുന്നവരും വെറും സ്ഥാനത്തിനുവേണ്ടി മാത്രം ഭാരവാഹി ആകാത്തവരുമായ 'സുൽത്വാനന്നസീർ' മാരെ(ശക്തരായ സഹായകരെ) അല്ലാഹു എപ്പോഴും അഹ്മദിയ്യ ഖിലാഫത്തിന് നൽകിക്കൊണ്ടിരിക്കുമാറാകട്ടെ.

മുസ്ലിമീങ്ങളുടെ സാമൂഹികമായ കാര്യങ്ങളുടെ മേൽന്നോട്ടക്കാരായി നിയമിക്കപ്പെട്ടവർ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാത്തതുവരെ അല്ലാഹു അയാളുടെ ആവശ്യങ്ങളും ഉദ്ദേശ്യങ്ങളും നിറവേറ്റികൊടുക്കുകയില്ലെന്നുള്ള നബി(സ)തിരുമേനിയുടെ നിർദേശവും വളരെയധികം ശ്രദ്ധിക്കേണ്ട കാര്യമാണ്.

കാലത്തിന്റെ ഖലീഫയുടെ ചുമതല എത്രത്തോളമാണോ അത്രത്തോളംത്തന്നെ ഓരോരോ ജമാഅത്തിലുമുള്ള ഖലീഫയുടെ പ്രതിനിധികളുടേതുമാണ്. ഭാരവാഹികളുടെമേൽ വളരെ വലിയ ഉത്തരവാദിത്വമാണിത്. മജ്ലിസെ ആമിലയിലിരുന്ന് അഭിപ്രായം പറയുകയും യോഗങ്ങളിൽ പങ്കെടുക്കുകയും ചെയ്തുകൊണ്ട് തങ്ങളുടെ കടമകൾ നിർവഹിച്ചുവെന്ന് കരുതുന്നത് മതിയായതല്ല. ജനങ്ങളുടെ നന്മക്കുവേണ്ടി പദ്ധതികളാവിഷ്കരിക്കുകയും അത് നടപ്പിലാക്കുകയും ചെയ്യുന്നതാണ് നിർബന്ധമായ കാര്യം. നമുക്ക് ലഭ്യമായ സൗകര്യങ്ങളുടെ ഉള്ളിൽനിന്ന് ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാൻ ഏറ്റവും മികച്ച പരിഹാരം തേടേണ്ടതാണ്. ഇത്തരം ഭൗതികാവശ്യങ്ങൾ നിറവേറ്റുന്നതിന് ഉമൂറെ ആമ വകുപ്പുമുണ്ട്. സൻഅത്ത് വ തിജാറത്ത് വകുപ്പുമുണ്ട്. അതിനാൽ പോഷക സംഘടനകളും വളരെ കർമ്മോത്സുകരായി പണിയെടുക്കേണ്ടിയിരിക്കുന്നു. തീർച്ചയായും നമ്മുടെ പക്കൽ സൗകര്യങ്ങൾ കുറവാണ്. എന്നിരുന്നാലും നമ്മുടെ പക്കലുള്ള സൗകര്യങ്ങളുപയോഗിച്ച് ശരിയായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിയാൽ നൂറുക്കണക്കിനാളുകൾക്ക് സഹായമെത്തിക്കാൻ കഴിയും.

ഇപ്പോൾ സകല ജമാഅത്തുകൾക്കും വെല്ലുവിളിയായി നിൽക്കുന്ന വകുപ്പ് 'രിശ്തഃ നാത്വാ' (വിവാഹകാര്യ)വകുപ്പാണ്.

ഇതിന് വളരെ വലിയ പദ്ധതികളാവിഷ്കരിക്കേണ്ട ആവശ്യമുണ്ട്. ജമാഅത്തുപരമായ വ്യവസ്ഥിതിയും പോഷക സംഘടനകളുടെ വ്യവസ്ഥിതികളും പരസ്പരം ചേർന്നുകൊണ്ട് ഈ ജോലി ചെയ്യേണ്ടിവരും. ഇവിടെ വീണ്ടും ജമാഅത്തിന്റേയും പോഷക സംഘടനകളുടേയും തർബ്ബിയ്യത്ത് വകുപ്പിനേയും വളരെയധികം ചലനാത്മകമാക്കേണ്ട ആവശ്യമുണ്ട്.

ഈ വകുപ്പിലേക്കുതന്നെയാണ് കാര്യങ്ങൾ തിരിഞ്ഞുവരിക. വിവാഹ ബന്ധങ്ങളുടെ കാര്യത്തിൽ നാം സമ്പത്തിനോ കുടുംബമഹിമക്കോ സൗന്ദര്യത്തിനോ പ്രാധാന്യം നൽകുന്നതിനുപകരം ദീനിന് മുൻഗണന നൽകണമെന്ന നബി(സ)തിരുമേനിയുടെ നിർദേശമനുസരിച്ച് നമ്മുടെ യുവാക്കൾക്ക് തർബിയ്യത്ത് നൽകേണ്ടതാണ്.(സ്വഹീഹുൽബുഖാരി, കിതാബുന്നിക്കാഹ്, ഹദീഥ് 5090)

ദീനിനു നമ്മൾ മുൻഗണന നൽകുകയാണെങ്കിൽ നമ്മുടെ യുവാക്കളും യുവതികളും തങ്ങളുടെ ആത്മീയാവസ്ഥ മെച്ചപ്പെടുത്തുന്നതിനും അല്ലാഹുവുമായുള്ള സാമീപ്യപ്രാപ്തിക്കും മുൻഗണന നൽകുന്നതായിരിക്കും. ഈ രീതിയിൽ നമ്മൾ നമ്മുടെ ഭാവിതലമുറയേയും സംരക്ഷിക്കുന്നവരായിരിക്കും. ഇല്ലായെങ്കിൽ ഇന്നത്തെ കാലത്ത് ദജ്ജാലിന്റെ ചതിപ്രയോഗങ്ങളിൽനിന്ന് സുരക്ഷിതരാകാൻ സാധാരണ പ്രയത്നങ്ങൾകൊണ്ട് സാധ്യമല്ല. അതിനാൽ വളരെ വിപുലമായ പദ്ധതികൾ ആവിഷ്കരിക്കേണ്ടിവരും. ഓരോ ഭാരവാഹിയും തങ്ങളുടെ വീടിന്റെ ഇസ്ലാഹ് അഥവാ പരിഷ്കരണം ആദ്യം നടത്തുകയും അതുകഴിഞ്ഞ് ജമാഅത്തിൽ ഇക്കാര്യങ്ങളെക്കുറിച്ച് ശ്രദ്ധ ക്ഷണിക്കുകയും ചെയ്യുക. ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുമെന്ന നമ്മുടെ വാദം, വാദംമാത്രമാകാതെ നമ്മളിലോരോരുത്തരും അതിന്റെ കർമരൂപമായി മാറേണ്ടതുണ്ട്. ഇതു നടന്നാൽ മാത്രമേ നമുക്ക് ദജ്ജാലിനെ നേരിടാൻ കഴിയുകയുള്ളൂ. നമ്മുടെ തലമുറകളെ സംരക്ഷിക്കാൻ കഴിയുകയുള്ളൂ. നമ്മുടെ വാഗ്ദാനങ്ങൾ പൂർത്തിയാക്കാനും അതിനോടുള്ള കടമകൾ നിർവഹിക്കാനും കഴിയുകയുള്ളൂ. അമാനത്തുകളോടുള്ള കടമകൾ നമുക്ക് നിർവഹിക്കാൻ കഴിയുകയുള്ളൂ. അതിനാൽ അമാനത്തുകളോടുള്ള കടമകൾ നിർവഹിക്കുന്നതിന് ലോകത്തുള്ള എല്ലാ ജമാഅത്തുകളും ദേശീയതലത്തിലുള്ളതും പ്രാദേശികതലത്തിലുള്ളതുമായ ആമിലകളും അതുപോലെ പോഷക സംഘടനകളും ഇക്കാര്യത്തിൽ വളരെയധികം ചിന്തിക്കുകയും ഒരു പ്രവർത്തന രൂപരേഖ തയ്യാറാക്കുകയും ചെയ്യേണ്ട ആവശ്യമുണ്ട്.

ഞാൻ ഉമൂറെആമയുടെ ജോലിയെ സംബന്ധിച്ച് അല്പം ഉദാഹരണം പറഞ്ഞിരുന്നു.

നമ്മുടെ വ്യവസ്ഥിതിയിൽ ഉമൂറെ ആമയുടെയും ഒരു വകുപ്പുണ്ട്. ഈ വകുപ്പും വളരെ പ്രധാനപ്പെട്ടതായി മനസ്സിലാക്കപ്പെടുന്നു. പ്രധാനപ്പെട്ടതാണുതാനും. പക്ഷേ, പൊതുവെ ഈ വകുപ്പിന്റെ ജോലി ആളുകൾക്ക് ശിക്ഷവാങ്ങിക്കൊടുക്കലോ അല്ലെങ്കിൽ ശക്തമായ താക്കീതു ചെയ്യിക്കലോ ആണെന്നുള്ള വിചാരം പൊതുവെ ആളുകളിലുണ്ടായിരിക്കുന്നു. ഉമൂറെആമ വകുപ്പിൽ ജോലി ചെയ്യുന്ന ലോകത്തെല്ലായിടത്തുമുള്ള ആളുകൾ ഈ ജോലി മാത്രമല്ല അവരുടേതെന്ന് അറിഞ്ഞിരിക്കേണ്ടതാണ്. ഇതു ജോലിയുടെ ഒരു ഭാഗമാണ്. കഠിനതരമായി താക്കീതുചെയ്യൽ എന്തായാലും അവരുടെ പണിയല്ല. ഒരു പരിഹാരവുമില്ലെങ്കിൽ അവസാനമായി ശിക്ഷ എന്ന നിലയിൽ ശിപാർശ ചെയ്യാറുണ്ട്. തർബിയ്യത്തു വകുപ്പു പ്രവർത്തനക്ഷമമാണെങ്കിൽ ഉമൂറെ ആമായുടെ ഒരുപാട് പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതായിരിക്കും. ജമാഅത്തംഗങ്ങൾ തമ്മിലുള്ള പരസ്പര വഴക്കുകളെ സംബന്ധിച്ചുള്ളതും അല്ലെങ്കിൽ ജമാഅത്തംഗങ്ങൾ തെറ്റായ പ്രവൃത്തികളിൽ കുടുങ്ങിയതുമായി ബന്ധപ്പെട്ടിട്ടുള്ളതും അല്ലെങ്കിൽ എതിരാളികളാരെങ്കിലും മുഖേനയോ അല്ലെങ്കിൽ ദുർബലവിശ്വാസികൾ മുഖേനയോ ജമാഅത്തിൽ അസ്വസ്ഥത സൃഷ്ടിക്കുന്നതു സംബന്ധിച്ചുള്ള പ്രശ്നങ്ങളോ എല്ലാ പരിഹരിക്കപ്പെടുന്നതായിരിക്കും.

ചില സ്ഥലങ്ങളിൽ തർബിയ്യത്ത് വകുപ്പ് ജമാഅത്തംഗങ്ങളുമായി ഒരു പ്രത്യേക ബന്ധമുണ്ടാക്കി ഇതുസംബന്ധമായി പരിശ്രമിക്കുകയും ചെയ്തിട്ടുണ്ട്. ഈ ശ്രമത്താൽ ആളുകളുടെ പരാതികളും വ്യവസ്ഥിതിയോടുള്ള തെറ്റുധാരണകളും അകലുകയും അവിടെ അവർ ജമാഅത്തിന്റെ തീരുമാനങ്ങളെ ആദരിക്കുകയും ബഹുമാനത്തോടെ സ്വീകരിക്കുകയും ചെയ്തു. കപടവിശ്വാസികളേയും തെറ്റായഭാവനക്കാരേയും പ്രയോജനപ്പെടുത്തി മുതലെടുക്കാനുള്ള എതിരാളികളുടെ ശ്രമങ്ങളും പരാജയപ്പെട്ടു. അതുകൊണ്ട് തർബിയ്യത്ത് വകുപ്പും ഉമൂറെ ആമയും ചില കാര്യങ്ങളിൽ ഒന്നിച്ചുചേർന്ന് പ്രവർത്തിക്കേണ്ടത് അനിവാര്യമാണ്.

ഞാൻ പറഞ്ഞതുപോലെ ഉമൂറെ ആമയുടെ ജോലി വളരെ വിശാലമാണ്. ജമാഅത്തിൽ സാമ്പത്തിക ഭദ്രത ഉണ്ടാക്കുന്നതിനുള്ള പരിപാടി തയ്യാറാക്കേണ്ടത് അവരുടെ ജോലിയാണ്. ജമാ

അത്തംഗങ്ങൾക്ക് തൊഴിലുകളും ജോലികളും ലഭ്യമാക്കുന്നതിനുള്ള മാർഗനിർദേശങ്ങളും അതിനുവേണ്ടുന്ന സഹായവും ചെയ്തുകൊടുക്കേണ്ടത് അവരുടെ ജോലിയാണ്. ഖിദ്മത്തെ ഖൽഖ് അഥവാ സൃഷ്ടിസേവനങ്ങൾക്ക് നേതൃത്വം നല്കേണ്ടത് അവരുടെ പ്രവൃത്തിയാണ്. സ്നേഹത്തോടും ഇഷ്ടത്തോടുംകൂടി മനസ്സിലാക്കിക്കൊടുത്ത് വഴക്കുകളും ശണ്ഠകളും അവസാനിപ്പിക്കേണ്ടതും അവരുടെ ജോലിയാണ്. അങ്ങനെ തുടങ്ങി പലതും! പക്ഷേ, ഖളാപരമായ(വിധിപ്രഖ്യാപനപരമായ)കാര്യങ്ങളിൽ ഉമൂറെ ആമായ്ക്ക് എന്തായാലും ഇടപെടാൻ പാടില്ല.

അതേ! ഖളായുടെ തീരുമാനങ്ങൾ നടപ്പിൽ വരുത്തുക എന്നത് അവരുടെ ജോലിയാണ്. പക്ഷേ, അതിൽ വിധിക്കുശേഷം ഏതെങ്കിലും കക്ഷി അതു നടപ്പിൽവരുത്തുന്നതിൽ ഒഴികഴിവ് പറയുകയാണെങ്കിൽ അത് നടപ്പിൽവരുത്താതെ എന്തിനാണ് നിങ്ങളുടെ ദീനിനെ നശിപ്പിക്കുന്നതെന്ന് പറഞ്ഞ് സമാധാനത്തോടെ മനസ്സിലാക്കിക്കൊടുക്കുക എന്നത് ഉമൂറെആമ വകുപ്പിന്റെ ജോലിയാണ്. അൽപമാത്രമായ ഭൗതികനേട്ടങ്ങൾക്കുവേണ്ടി എന്തിനാണ് നിങ്ങളുടെ ദീനിനെ തകർക്കുന്നത്! പിന്നെ അത്തരമാളുകൾ എന്റെ സമയവും പാഴാക്കുന്നു. നിരന്തരം എനിക്കെഴുതിക്കൊണ്ടിരിക്കുന്നു. വാസ്തവത്തിൽ അവർതന്നെയായിരിക്കും തെറ്റിലുണ്ടാകുക! മനസ്സിലാക്കിക്കൊടുക്കുകയാണെങ്കിൽ ധാരാളമാളുകൾ മനസ്സിലാക്കുന്നതായിരിക്കും. എന്തായാലും ഉമൂറെആമയുടെ ജോലി കേവലം ശിക്ഷവാങ്ങിക്കൊടുക്കുക എന്നതല്ല. പ്രത്യുത ആ ശിക്ഷയിൽനിന്ന് ആളുകളെ രക്ഷിക്കലാണ്. അതിനുവേണ്ടി അവർ എല്ലാവിധത്തിലും പരിശ്രമിക്കേണ്ടതാണ്.

എവിടെയെങ്കിലും തെറ്റായ പ്രവൃത്തി ചെയ്യുന്നതു കാണുകയോ അത് ജമാഅത്തുപരമായ നേട്ടങ്ങൾക്ക് ഹാനികരമായിരിക്കുമെന്ന് മനസ്സിലാകുകയോ ചെയ്താൽ എത്രയും വേഗം തർബിയ്യത്ത് വകുപ്പിനെ കൂടെകൂട്ടുകയും മുറബ്ബിമാരുടെ സഹായവും കരസ്ഥമാക്കി അവർ ജമാഅത്തുപരമായ നേട്ടങ്ങളെ സംരക്ഷിക്കുന്നതോടൊപ്പം ജനങ്ങളുടെ ഈമാൻ സംരക്ഷിക്കുന്നതിനും പരിശ്രമിക്കുന്നതായിരിക്കും. ഇതു ചെയ്യേണ്ടതുമാണ്.

ചില സന്ദർഭങ്ങളിൽ ഭാരവാഹികളുടെ പ്രവർത്തനരീതി ജമാഅത്തിന്റെ വ്യവസ്ഥിതിയെ സംബന്ധിച്ച് തെറ്റായധാരണകളുണ്ടാക്കാറുണ്ട്. ഉദാഹരണത്തിന് ആരെങ്കിലും തന്റെ ആവശ്യത്തിനുവേണ്ടി കാലത്തിന്റെ ഖലീഫയ്ക്ക് അപേക്ഷ കൊടുത്തു. അത് ജമാഅത്തിന്റെ സ്വദ്ർ, അല്ലെങ്കിൽ ജമാഅത്തിന്റെ അമീർ, അല്ലെങ്കിൽ ഉമൂറെആമ, അല്ലെങ്കിൽ അത് ഏതെങ്കിലും പ്രധാനപ്പെട്ട വകുപ്പിനെ കുറിച്ചായിരിക്കും. അപ്പോൾ അതിൽ ജോലിചെയ്യുന്നവർ തങ്ങൾ മുഖേന എന്തുകൊണ്ട് അപേക്ഷ കൊടുത്തില്ലെന്ന് പറഞ്ഞ് അയാളോടു ബലാൽക്കാരപൂർവം പ്രവർത്തിക്കുന്നു. കേന്ദ്രത്തിൽനിന്ന് അതു സംബന്ധമായി റിപ്പോർട്ടു ചോദിക്കപ്പെട്ടാൽ എത്രയും വേഗം റിപ്പോർട്ടു നല്കുന്നതിനുപകരം കാര്യം താമസിപ്പിക്കുന്നു. പിന്നീട് മറുപടി പോകുന്നില്ലെങ്കിൽ അപേക്ഷകന് തെറ്റായധാരണയുണ്ടാകുന്നു. അപ്പോൾ തങ്ങളുടെ അപേക്ഷകൾ അവിടെ എത്തുന്നില്ലെന്ന് പറഞ്ഞ് ആളുകൾ എനിക്ക് നേരിട്ടെഴുതുന്നു. അപേക്ഷകളിൽ ദീർഘകാലമായി നടപടിയുണ്ടാകുന്നില്ലെങ്കിൽ അവർക്ക് പ്രത്യേകമായ നിലയിൽ തെറ്റുധാരണ ഉണ്ടാകുന്നു. കാലത്തിന്റെ ഖലീഫയ്ക്ക് തങ്ങളുടെ അപേക്ഷ എത്തിയിട്ടെയില്ലെന്ന് ആളുകൾ മനസ്സിലാക്കുന്നു. അങ്ങനെയുള്ള അവസ്ഥകളുമുണ്ടാകാറുണ്ട്. ഒരു ഭാഗത്ത് തങ്ങളോടു എന്തുകൊണ്ട് ചോദിച്ചില്ല എന്ന പ്രശ്നം. രണ്ടാമത്തേത് തങ്ങളോടു ചോദിക്കാത്തതുകൊണ്ട് അതിൽ നടപടി എടുക്കരുതെന്ന ചിന്ത. പിന്നീട് ഖലീഫയുടെമേൽ, ഖലീഫയുടെ ഓഫീസിനുമേൽ. തെറ്റായധാരണകൾ ഉണ്ടായിക്കൊണ്ടേയിരിക്കുന്നു. വാസ്തവത്തിൽ ഇതെല്ലാം തെറ്റാണ്.

ജമാഅത്തംഗങ്ങളോടു ഞാൻ പറയട്ടെ, നിങ്ങളുടെ ഏതു കത്ത് ഇവിടെ വന്നാലും, ഇവിടെ എത്തിയാലും അതു തുറക്കുകയും വായിക്കുകയും ചെയ്യുന്നു. അതിൽ നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

ബന്ധപ്പെട്ട വകുപ്പാണ് മറുപടി തരാൻ താമസിപ്പിക്കുന്നത്. അത്തരം ഭാരവാഹികൾ ഭയപ്പെടേണ്ടതാണ്. അവരുടെ ഈ പ്രവൃത്തി ജമാഅത്തിന്റെ അംഗത്തിനും കാലത്തിന്റെ ഖലീഫയ്ക്കുമിടയിൽ അകൽച്ച ഉണ്ടാക്കുന്നതാണ്. വ്യവസ്ഥിതിയെ സംബന്ധിച്ച് തെറ്റായധാരണകൾ ഉണ്ടാക്കുന്നതാണ്. ഇപ്രകാരം ആ ബന്ധപ്പെട്ട ഭാരവാഹി പാപിയായിക്കൊണ്ടിരിക്കുന്നു. ആരുടെയെങ്കിലും ഈമാനുമായി കളിച്ച് അയാൾ തന്നെത്താൻ പാപിയായിക്കൊണ്ടിരിക്കുന്നു. അത്തരമാളുകൾ ഭയപ്പെടേണ്ടതാണ്.

എല്ലാ ഭാരവാഹികളും മനസ്സിലാക്കേണ്ടതാണ്, പ്രത്യേകിച്ചും ജമാഅത്തംഗങ്ങളുടെ ആവശ്യങ്ങൾ ശ്രദ്ധിക്കുന്ന ജോലിയുടെ ഉത്തരവാദപ്പെട്ടവർ, അവർ തങ്ങളുടെ ജോലിയിൽ അലസത കാണിക്കുകയും ജനങ്ങളുടെ അവകാശം നിറവേറ്റാതിരിക്കുകയും ചെയ്താൽ അമാനത്തിൽ വഞ്ചനകാണിക്കുന്നവർ മാത്രമല്ല പ്രത്യുത അല്ലാഹുവിന്റെ പിടിത്തത്തിൽ വരാൻ പോകുന്നവരുമാണ്.

നബി(സ)തിരുമേനിയുടെ നിർദേശമാണിത്. നിവേദനത്തിൽ വന്നിരിക്കുന്നു, ഏതൊരു ഇമാം, ഇവിടെ ഇമാം എന്നതുകൊണ്ടുള്ള ഉദ്ദേശ്യം എല്ലാ ഭാരവാഹികളുമാണ്, ആവശ്യക്കാർ, ദരിദ്രർ, സാധുക്കൾ എന്നിവർക്ക് തങ്ങളുടെ വാതിൽ ആരാണോ അടച്ചിടുന്നത് അല്ലാഹു അയാളുടെ ആവശ്യങ്ങൾക്ക് ആകാശത്തിന്റെ വാതിൽ അടച്ചിടുന്നതാണ്. (സുൻ അത്തുർമിദി, അബ്വാബുൽഅഹ്കാം, ഹദീഥ് 1332)

അത്തരം ചിന്താഗതിക്കാരായ ഏതെങ്കിലും ഭാരവാഹി അല്ലെങ്കിൽ അയാളുടെ ഓഫീസിൽ ജോലിചെയ്യുന്ന ഉദ്യോഗസ്ഥൻ അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ട് ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റികൊടുക്കുന്നതിൽ വേഗം കാണിക്കുക. അല്ലെങ്കിൽ കുറഞ്ഞപക്ഷം വേഗം റിപ്പോർട്ട് നല്കുക. പിന്നീട് അതു പരിശോധിച്ച് എത്രത്തോളം ആവശ്യം പൂർത്തിയാക്കിക്കൊടുക്കാൻ സാധിക്കുമെന്ന് നോക്കുക.പക്ഷേ, മറുപടിതന്നെ കൊടുക്കാതിരിക്കുകയും അപേക്ഷ ഒരു മൂലയ്ക്കിടുകയും ചെയ്യുക എന്നത് വൻകുറ്റമാണ്. അതുകൊണ്ട് അല്ലാഹുവിന്റെ സന്തോഷം കരസ്ഥമാക്കുന്നതിന് കഴിവിന്റെ പരമാവധി നമ്മൾ പരിശ്രമിക്കേണ്ടതാണ്. എല്ലാ സൽക്കർമങ്ങളും ചെയ്യുന്നതിന് ശ്രദ്ധിക്കുക. നബി(സ)തിരുമേനി പറഞ്ഞു:നിങ്ങളെവിടെയായാലും അല്ലാഹുവിൽ തഖ്‌വാ ഉള്ളവരായിരിക്കുക. ആരെങ്കിലും ദുഷ്കർമം ചെയ്തുപോയാൽ അതിനുശേഷം സൽകർമം ചെയ്യാൻ പരിശ്രമിക്കുക. ഈ സൽകർമം ദുഷ്കർമത്തെ മായിച്ചുകളയുന്നതാണ്. സൽസ്വഭാവത്തോടും സൽപെരുമാറ്റത്തോടുംകൂടി ജനങ്ങളോടു പെരുമാറുക.(സുനനുത്തുർമിദി, അബ്‌വാബുൽബിർറി വസ്സില, ഹദീഥ് 1987)

ഇതുപോലെതന്നെ ഒരു നിവേദനത്തിൽ വരുന്നു, നബി(സ)തിരുമേനി അബൂമൂസായേയും മുആദ് ബിൻ ജബലിനേയും യമനിലേക്ക് ഗവർണമാരായി അയച്ചു. ഓരോരുത്തരേയും ഓരോ സ്റ്റേറ്റുകളിലേക്കാണ് അയച്ചത്. അവരെ ഇങ്ങനെ ഉപദേശിച്ചു:നിങ്ങൾ രണ്ടുപേരും ജനങ്ങൾക്ക് ലഘുവായ മാർഗം ചൂണ്ടിക്കാട്ടി കൊടുക്കുക. ഞെരുക്കമുള്ള കാര്യം ചൂണ്ടിക്കാട്ടി കൊടുക്കരുത്. ജനങ്ങളെ നിങ്ങൾ സന്തുഷ്ടരാക്കുക. അവരെ നിങ്ങൾ വെറുപ്പിക്കരുത്.(സ്വഹീഹുൽ ബുഖാരി, കിതാബുൽ മഗാസി, ഹദീഥ് 4341, 4342)


ജനങ്ങളുമായി കൂടുതൽ ഇടപെടുന്ന എല്ലാ ഭാരവാഹികളും തങ്ങൾക്കുവേണ്ടി വഴികാട്ടി എന്ന നിലയിൽ മുന്നിൽ വെക്കേണ്ടതായ ഉപദേശമാണിത്. ജമാഅത്തിന്റെ അംഗങ്ങൾക്ക് സേവനത്തിന്റെ കടമ നിറവേറ്റാനുള്ള മാർഗമാണിത്. ഇങ്ങനെ അവരുടെ ഈമാനിന്റെ സംരക്ഷണത്തിനും പങ്കുവഹിക്കാൻ കഴിയും. ജമാഅത്തിന്റെ ഐക്യം നിലനിറുത്തുന്നതിനും തങ്ങളുടെ പങ്കുവഹിക്കാൻ കഴിയും. തങ്ങളുടെ അമാനത്തുകളോടുള്ള കടമയും നിറവേറ്റാൻ കഴിയും. ഇതുണ്ടായിക്കഴിഞ്ഞാൽ ശരിയായ തും മനോഹരമായതുമായ ഇസ്‌ലാമിക സമൂഹം ജന്മംകൊള്ളുന്നതായിരിക്കും. ഇതു സ്ഥാപിക്കുന്നതിനുവേണ്ടിയാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)വന്നത്. നമ്മൾ അദ്ദേഹത്തെ വിശ്വസിച്ച് ബയ്അത്ത് പ്രതിജ്ഞ എടുത്തവരാണ്.

അതിനാൽ എപ്പോഴും ഭാരവാഹി ഇക്കാര്യം ഓർമവെക്കുക. ജമാഅത്തംഗങ്ങളാണ് അവരെ തിരഞ്ഞെടുത്തത്. ഇല്ലെങ്കിൽ ഭാവിയിൽതിരഞ്ഞെടുക്കുന്നതായിരിക്കും. തങ്ങളുടെ അമാനത്തുകളോടുള്ള കടമ നിറവേറ്റുന്നതിനാണിത്. പക്ഷേ, അവർ തങ്ങളുടെ ചിന്തയോടുകൂടി, തിരഞ്ഞെടുക്കുന്നവർ തങ്ങളുടെ ചിന്തയോടുകൂടി തിരഞ്ഞെടുത്തില്ലെങ്കിൽത്തന്നെയും ഇനി ഭാരവാഹികളുടെ ജോലിയാണ് അല്ലാഹു അവരെ ഏല്പിച്ചിട്ടുള്ള അമാനത്തുകളോടുള്ള കടമ നിറവേറ്റുക എന്നത്. തങ്ങളിലർപിതമായ നിർബന്ധ കടമകൾ സദുദ്ദേശ്യത്തോടെ നിറവേറ്റുക. അല്ലാഹുവിനോടുള്ള ഭയം മനസ്സിൽവെച്ചുകൊണ്ട് നിറവേറ്റുക. അല്ലാഹുവിന്റെ സംതൃപ്തി സംപ്രാപ്തമാക്കുന്നതിന് നിറവേറ്റുക. കാലത്തിന്റെ ഖലീഫയുടെ ശക്തരായ സഹായികളായിക്കൊണ്ട്(സുൽത്വാനന്നസീർ)നിറവേറ്റുക. കഴിയുന്നത്ര ജനങ്ങളുടെ ഈമാനിന്റെ പ്രബലതയ്ക്കും അവർക്ക് ഫലമെത്തിക്കുന്നതിനുംവേണ്ടി നിറവേറ്റുക. ഈ ചിന്തവെച്ചുകൊണ്ടും ഈ ചിന്തോയോടുംകൂടി നമ്മുടെ നിർബന്ധ കടമകൾ നിറവേറ്റുകയാണെങ്കിൽ അല്ലാഹു നിങ്ങ

(ശേഷം പേജ് 8 ൽ)

**• കലാമുൽ ഇമാം •**

'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാക്കാൻ!'(മൽഫൂദാത്ത് വാള്യം 3, പേജ് 38)


SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊറിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)

**• കലാമുൽ ഇമാം •**

"ഏറ്റവും പ്രിയങ്കരവും ഏറ്റവും സ്നേഹമുള്ളതുമായ വസ്തുക്കൾ ചെലവഴിക്കാത്തിടത്തോളം പ്രിയപ്പെട്ടതും മാന്യമായിട്ടുള്ളതുമായ പദവി ലഭിക്കുകയില്ല."(മൽഫൂദാത്ത് വാള്യം 1, പേജ് 64)

ത്വാലിബെ ദുആ: ANWAR SADAT & FAMILY
JAMA-ATH AHMADIYYA,PATHAPIRIYAM

**അഞ്ചുനേര നമസ്കാരം എല്ലാ ദിവസവും അനുഷ്ഠിക്കുകയെന്നത് നിർബന്ധമാണ്. നമ്മളത് പൂർണമായ ആത്മാർഥതയോടും ശ്രദ്ധയോടുംകൂടി നിർവഹിക്കേണ്ടതാണ്.**
**ഇവിടെ നിങ്ങൾ നിങ്ങളുടെ ആത്മപരിശോധന നടത്തേണ്ട ആവശ്യമുണ്ട്. നിങ്ങൾ പൂർണശ്രദ്ധയോടെ നിങ്ങളുടെ നമസ്കാരങ്ങൾ നിർവഹിക്കാറുണ്ടോ? നിങ്ങൾ നിങ്ങളുടെ നമസ്കാരങ്ങളിൽ ആത്മാർഥത പ്രകടിപ്പിക്കാറുണ്ടോ?**
**നിങ്ങൾ ഇന്റർനെറ്റിലും ടി.വി തുടങ്ങിയവയിലും സംപ്രേഷണം ചെയ്യുന്ന ചീത്തയും നാണംകെട്ടതുമായ പരിപാടികളിൽനിന്ന് രക്ഷപ്പെടുന്നുണ്ടോ എന്ന് ആത്മപരിശോധനനടത്തുക.**
**സ്ത്രീകൾക്ക് സ്ത്രീകളുടെ ഇമാമാകാം. പുരുഷന്മാരുടെ ഇമാമാകാൻ പറ്റുകയില്ല.**
**ഇക്കാലത്ത് സോഷ്യൽമീഡിയായിൽ അധികവും സ്വഭാവങ്ങളെ ദുഷിപ്പിക്കുന്നതും മതത്തിൽനിന്ന് മനുഷ്യനെ അകറ്റിക്കൊണ്ടുപോകുന്നതുമായ പോസ്റ്റുകളാണ് ഇടുന്നത്.**
**യുവതികളുടെ ഒരു ടീമുണ്ടാക്കുക. അവർ സോഷ്യൽ മീഡിയായിൽ മറുപടി നല്കുക.**
**നല്ല പെൺകുട്ടികളെ നിങ്ങളുടെ സുഹൃത്തുക്കളാക്കുക. അവർ സ്വയമേവ racism ത്തിന് മറുപടി നല്കുന്നതാണ്.**
**സ്കൂളിൽനിന്ന് വിനോദയാത്രയ്ക്ക് കൊണ്ടുപോകാറുണ്ട്. എന്റെ അഭിപ്രായത്തിൽ ഒരിക്കലും പോകാൻ പാടില്ല. പഠനത്തിനും ഗവേഷണത്തിനുംവേണ്ടി പോകേണ്ടിവന്നാൽ പോകാവുന്നതാണ്. പക്ഷേ, overnight ട്രിപ്സ് പൊതുവെ avoid ചെയ്യേണ്ടതാണ്.**
**സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽഅസീസിന്റെ ജർമനി നാസ്വിറാത്തുൽ അഹ്മദിയ്യാ അംഗങ്ങളുമായുള്ള ഓൺലൈൻ കൂടിക്കാഴ്ച നടത്തി.**

2021 നവംബർ 14-ന് സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽഅസീസ് ജർമനി നാസ്വിറാത്തുൽ അഹ്മദിയ്യാ അംഗങ്ങളുമായി ഓൺലൈൻ കൂടിക്കാഴ്ച നടത്തി.

ഹുദൂർ അൻവർ ഈ കൂടിക്കാഴ്ചയ്ക്ക് ഇസ്ലാമാബാദിൽ(ട്രിൽഫോർഡ്)സ്ഥാപിച്ചിട്ടുള്ള എം.ടി.എ സ്റ്റുഡിയോയിൽ ആഗതരായി. 530-ലധികം നാസ്വിറാത്തുൽ അഹ്മദിയ്യാ അംഗങ്ങൾ മെയിൻ മാർക്കറ്റ് ക്ലബ്ബ് മാൻഹെയ്മിൽനിന്ന് ഓൺലൈനിൽ പങ്കെടുത്തു. വിശുദ്ധ ഖുർആൻ പാരായണത്തോടെ കൂടിക്കാഴ്ച ആരംഭിച്ചു. അതിനുശേഷം നാസ്വിറാത്തുൽ അഹ്മദിയ്യാ അംഗങ്ങൾക്ക് ഹുദൂറിനോടു ചോദ്യങ്ങൾ ചോദിക്കാനുള്ള ഭാഗ്യം കിട്ടി.

ഒരു നാസ്വിറ ചോദിച്ചു:അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു തീർച്ചയായും നാം വിശുദ്ധ ഖുർആനിനെ ഉപദേശത്തിനുവേണ്ടി ലളിതമാക്കിയിരിക്കുന്നു. ഞാൻ ചോദിക്കുന്നത് അപ്പോൾപ്പിന്നെ തഫ്സീറുകളുടെ ആവശ്യം നമുക്കെന്താണ്?

ഹുദൂർ അൻവർ പറഞ്ഞു:അതിനെ ലളിതമാക്കിയിരിക്കുന്നു. കർമത്തിന്റെ അടിസ്ഥാനത്തിൽ ഇതിലുള്ള കാര്യങ്ങൾ ലളിതമാണ്. ശരിതന്നെയാണ്. അല്ലാഹു ഉപദേശിച്ചിരിക്കുന്നു. അത് ചില തുറന്ന കാര്യങ്ങളാണ്. ബാഹ്യമായ കൽപനകൾ നല്കിയിരിക്കുന്നു. അത് വളരെ എളുപ്പമുള്ളതായിട്ടാണ് നല്കിയിരിക്കുന്നത്. അത് അല്ലാഹു പറഞ്ഞതാണ്. ഈ ഉപദേശങ്ങൾ മനുഷ്യന് ബുദ്ധിമുട്ടുള്ളതൊന്നുമല്ല. മനുഷ്യന്റെ ശക്തി, മനുഷ്യന്റെ കഴിവുകൾ, മനുഷ്യന്റെ ബുദ്ധിപരമായ അവസ്ഥകൾ നോക്കുമ്പോൾ അത് മനസ്സിലാക്കുന്നതും അതനുസരിച്ച് കർമങ്ങൾ ചെയ്യുന്നതും അവന് ബുദ്ധിമുട്ടുള്ള കാര്യമല്ല. അതുകൊണ്ട് അല്ലാഹു വളരെ ബുദ്ധിമുട്ടുള്ള ജോലി നമുക്കുവേണ്ടി ഉണ്ടാക്കിയിരിക്കുന്നുവെന്ന് പറയുന്നത് തെറ്റാണ്. അതേ! നിങ്ങൾക്കത് മനസ്സിലാകുന്നില്ലെങ്കിൽ ഏതെങ്കിലും കാര്യം നിങ്ങൾക്ക് പ്രയാസകരമാകുന്നെങ്കിൽ അതിന് തഫ്സീർ നിലവിലുണ്ട്. വ്യാഖ്യാതാക്കൾ അതിനെ ലളിതമായ വ്യാഖ്യാനിച്ച് അതിന്റെ ഉദ്ദേശ്യം ഇന്നതിന്നതാണെന്ന് പറഞ്ഞ് നിങ്ങൾക്കു മനസ്സിലാക്കിത്തന്നിരിക്കുന്നു. ശരിയല്ലേ?പക്ഷേ, അല്ലാഹു അതിനോടൊപ്പം പരിശുദ്ധരായ ആളുകൾക്ക് അതിലെ കാര്യങ്ങൾ മനസ്സിലാകുന്നുവെന്നും പറഞ്ഞുതന്നു. അല്ലാഹു ഇങ്ങനേയും പറഞ്ഞു, അക്രമികൾക്ക് നഷ്ടംതന്നെയാണുണ്ടാകുക. അവർക്ക് മനസ്സിലാകുകയില്ല. അല്ലാഹു അതിൽ എങ്ങനെയുള്ള കൽപനകളാണ് നല്കിയിട്ടുള്ളതെന്നാൽ, അതനുസരിച്ച് ഒരു മനുഷ്യന് പ്രവർത്തിക്കാൻ കഴിയുന്നതാണ്. അവന്റെ ജന്മോദ്ദേശ്യം പൂർത്തിയാക്കാൻ കഴിയുന്നതാണ്. അല്ലാഹു പറഞ്ഞു, മനുഷ്യരുടെ ജന്മോദ്ദേശ്യം ആരാധിക്കുക എന്നതാണ്. അത് ശരിതന്നെയാണ്. ആ ആരാധനകൾ, അതു ചെയ്യേണ്ടവിധം അല്ലാഹു പറഞ്ഞിട്ടുള്ളത് മനുഷ്യന് ചെയ്യാൻ പറ്റാത്തതല്ല. പ്രയാസമുള്ളതല്ല. 50 നേരം നമസ്കരിക്കാൻ അല്ലാഹു പറഞ്ഞതിൽനിന്ന് കുറച്ച് കുറച്ച് അവസാനം അഞ്ചുനമസ്കാരത്തിൽ കൊണ്ടുനിറുത്തി. അത് നിങ്ങൾക്കെളുപ്പമായി. അഞ്ചുനേരമെന്നത് മനുഷ്യന്റെ പ്രകൃതിയുടെ അടിസ്ഥാനത്തിൽ, മനുഷ്യന്റെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ, നിത്യേനയുള്ള സമയത്തിന്റെ അടിസ്ഥാനത്തിൽ എങ്ങനെയുള്ളതാണെന്നാൽ അതിൽ മനുഷ്യന്റെ ആവശ്യങ്ങളുണ്ട്, അതായത് അല്ലാഹുവിന്റെ സാമീപ്യമുണ്ടാകുന്നതിന് ദുആ ചെയ്യുകയും പിന്നീട് അത് പ്രാപിക്കുകയും ചെയ്യുക. ലളിതമാക്കിയിരിക്കുന്നുവെന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യമിതാണ്. അതനുസരിച്ച് പ്രവർത്തിക്കുക എന്നത് ബുദ്ധിമുട്ടുള്ള കാര്യമല്ലെന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യമിതാണ്. വളരെ ബുദ്ധിമുട്ടാണെന്ന് മനുഷ്യൻ മനസ്സിലാക്കുന്നു. മുഅ്മിനെസംബന്ധിച്ചിടത്തോളം അവനത് ബുദ്ധിമുട്ടല്ല. കാഫിറിനെ സംബന്ധിച്ചിടത്തോളും വളരെ ബുദ്ധിമുട്ടാണുതാനും. അവന് വളരെ പ്രയാസമാണ്. മുഅ്മിന് അതുകൊണ്ട് നേട്ടമുണ്ട്. കാഫിറിന് അതുകൊണ്ട് നഷ്ടമാണുണ്ടാകുന്നത്.

* ഒരു നാസ്വിറ ചോദിച്ചു, പ്രാർഥനകൾ വേഗം സ്വീകരിക്കാൻ അവരെന്താണ് ചെയ്യേണ്ടത്?

ഹുദൂർ പറഞ്ഞു:നമ്മുടെ ദുആ എപ്പോൾ സ്വീകരിക്കണമെന്ന് തീരുമാനിക്കേണ്ടത് അല്ലാഹുവിന്റെ ജോലിയാണ്. അല്ലാഹു നമ്മുടെ അടിമയാണോ? ഒരിക്കലുമല്ല. അതിനാൽ അവനോടു ചോദിച്ചുകൊണ്ടേയിരിക്കുക എന്നത് നമ്മുടെ നിർബന്ധ കടമയാണ്. അല്ലാഹുവല്ലാതെ നമുക്കെന്തെങ്കിലും തരാൻ കഴിവുള്ളനായി മറ്റാരുമില്ലെന്ന കാര്യം ഓർക്കുക. അല്ലാഹു തന്നെയാണ് എല്ലാത്തിനും കഴിവുള്ളവൻ. ഈ അല്ലാഹുതന്നെയാണ് പറയുന്നത് നമ്മൾ അവനോടു ദുആ ചെയ്യണമെന്നും അവൻ നമ്മുടെ ദുആ സ്വീകരിക്കുമെന്നും! എങ്കിലും അതിനോടൊപ്പം ദുആ ചെയ്യുന്നവർക്ക് അവനിൽ ദൃഢവിശ്വാസമുണ്ടാകണമെന്നും തികഞ്ഞ ഈമാനുണ്ടാകണമെന്നും അവൻ പറയുന്നുണ്ട്. അതുകൊണ്ട് അവൻ നിങ്ങളുടെ ദുആ സ്വീകരിക്കുമെന്ന് നിങ്ങൾക്ക് ദഢവിശ്വാസമുണ്ടായിരിക്കേണ്ടതാണ്. അല്ലാഹു പറയുന്നതെല്ലാം സത്യമാണെന്നും നിങ്ങൾ അതനുസരിച്ച് പ്രവർത്തിക്കേണ്ടതാണെന്നും നിങ്ങൾക്ക് പൂർണവിശ്വാസമുണ്ടായിരിക്കേണ്ടതാണ്. അല്ലാഹുവിൽ ദൃഢവിശ്വാസമുണ്ടായിരിക്കണമെന്ന് പറഞ്ഞതിന്റെ ഉദ്ദേശ്യമെന്താണ്? അതിന്റെ ഉദ്ദേശ്യം അല്ലാഹു എന്തൊന്ന് ചെയ്യാൻ നമ്മളോടു കൽപിച്ചിട്ടുണ്ടോ അതനുസരിച്ച് കർമങ്ങൾ ചെയ്യുക എന്നതാണ്.

ഹുദൂർ പറഞ്ഞു:അഞ്ചുനേര നമസ്കാരം എല്ലാ ദിവസവും അനുഷ്ഠിക്കുകയെന്നത് നിർബന്ധമാണ്. നമ്മളത് പൂർണമായ ആത്മാർഥതയോടും ശ്രദ്ധയോടുംകൂടി നിർവഹിക്കേണ്ടതാണ്. ഇവിടെ നിങ്ങൾ നിങ്ങളുടെ ആത്മപരിശോധന നടത്തേണ്ട ആവശ്യമുണ്ട്. നിങ്ങൾ പൂർണശ്രദ്ധയോടെ നിങ്ങളുടെ നമസ്കാരങ്ങൾ നിർവഹിക്കാറുണ്ടോ? നിങ്ങൾ നിങ്ങളുടെ നമസ്കാരങ്ങളിൽ ആത്മാർഥത പ്രകടിപ്പിക്കാറുണ്ടോ? ചീത്തക്കാര്യങ്ങളെ കുറിച്ച് ചിന്തിക്കരുതെന്ന് അല്ലാഹു പറഞ്ഞു. അത്തരം ചിന്താഗതികളിൽനിന്ന് നിങ്ങൾ രക്ഷപ്പെടുന്നുണ്ടോ? നിങ്ങൾ ചീത്തക്കൂട്ടുകെട്ടുകളിൽനിന്നും ചീത്ത മജ്ലിസുകളിൽനിന്നും രക്ഷപ്പെടണമെന്ന് അല്ലാഹു പറയുന്നു. നിങ്ങൾ ഇന്റർനെറ്റിലും ടി.വി തുടങ്ങിയവയിലും സംപ്രേഷണം ചെയ്യുന്ന ചീത്തയും നാണംകെട്ടതുമായ പരിപാടികളിൽനിന്ന് രക്ഷപ്പെടുന്നുണ്ടോ എന്ന് ആത്മപരിശോധനനടത്തുക. നമ്മൾ നമ്മുടെ ചുറ്റുപാടുമുള്ള ആളുകളോടു നല്ല രീതിയിൽ പെരുമാറണമെന്ന് അല്ലാഹു കൽപിക്കുന്നു. അവരിൽ നമ്മൾ ഇടപഴകുന്ന നമ്മുടെ സഹോദരിമാരുണ്ട്, നമ്മുടെ സഹോദരന്മാരുണ്ട്. നമ്മൾ ഒരു ചീത്തപ്രവൃത്തിയിലും കുടുങ്ങാൻ പാടില്ല. അതുകൊണ്ട് നമ്മൾ അതനുസരിച്ച് പ്രവർത്തിക്കുന്നുണ്ടോ എന്ന് ആത്മപരിശോധന നടത്തുക. നമ്മുടെ എല്ലാ കർമങ്ങളും നന്മകളിലധിഷ്ഠിതമാണെങ്കിൽ, നമ്മൾ അല്ലാഹുവിന്റെ കൽപനയനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ അപ്പോഴാണ് അല്ലാഹു പറയുന്നത് ആരാധനകളനുഷ്ഠിച്ചുകൊണ്ട് നിങ്ങളിതെല്ലാം ചെയ്യുകയാണെങ്കിൽ, പിന്നീട് എന്നോടു ദുആ ചെയ്യുകയാണെങ്കിൽ നിങ്ങളുടെ ദുആകൾ കേൾക്കുന്നതായിരിക്കും. ഏറ്റവുമാദ്യം നമുക്ക് നമ്മളെ ശുദ്ധീകരിക്കേണ്ടിവരും. പിന്നീട് നമ്മുടെ ദുആകൾ സ്വീകരിക്കപ്പെടാവുന്നതാണ്.

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**അല്ലാഹുവിനുവേണ്ടി പസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവർ ആണ് യഥാർഥ തഖ്വയിൽ നിലകൊള്ളുന്നവർ.**
**(ജുമുഅ ഖുത്ബ 4-10-2019)**

**• അമീറുൽ മുഅ്മിനീന്റെ ഉപദേശം: •**

**ദൈവം വൻനിധിയാകുന്നു. അവനെ പ്രാപിക്കാൻ, നിർഭാഗ്യങ്ങളെ നേരിടാൻ നിങ്ങൾ തയ്യാറാകണം.(ഇസാലെ ഔഹാം പേ.445)**




ത്വാലിബെ ദുആ:
NEWTECH. INTERNATIONAL(P)LTD, SRINGILS & GLASS WORK ,ERNAKULAM. CONT: 79025 95215



ത്വാലിബെ ദുആ: BYZANTINE BUILDERS
CONSTRUCT ANY WHERE IN KERALA
CONT: 80752 22792

ഒരു നാസ്വിറ ചോദിച്ചു:സ്ത്രീകൾക്ക് ഇമാം നിൽക്കാമോ?

ഹുദൂർ പറഞ്ഞു:സ്ത്രീകൾക്ക് സ്ത്രീകളുടെ ഇമാമാകാം. പുരുഷന്മാരുടെ ഇമാമാകാൻ പറ്റുകയില്ല. ഇതാണ് നബി(സ)തിരുമേനി നമ്മളോടു പറഞ്ഞിട്ടുള്ളത്. നമ്മൾ മുസ്‌ലിമീങ്ങളാണെങ്കിൽ, തികഞ്ഞ മുസ്‌ലിമീങ്ങളാണെങ്കിൽ, വിശുദ്ധ ഖുർആനും സുന്നത്തുമനുസരിച്ച് കർമങ്ങൾ ചെയ്യുന്നവരാണെങ്കിൽ, നബി(സ)തിരുമേനി പറഞ്ഞ കാര്യങ്ങൾ അംഗീകരിക്കുന്നവരാണെങ്കിൽ അല്ലാഹുവും അവന്റെ റസൂലും പറഞ്ഞത് ചെയ്യേണ്ടതാണ്. ആ മഹാത്മാവ് പറഞ്ഞത് പുരുഷന്മാർ ഇമാമായിരിക്കുമെന്നാണ്. സ്ത്രീകൾ മാത്രമാണെങ്കിൽ, നിർബന്ധിതരാണെങ്കിൽ അവിടെ സ്ത്രീകൾക്ക് ഇമാമാകാവുന്നതാണ്. അതുകൊണ്ട് നമ്മുടെ ഇവിടേയും നമസ്കാരം നടക്കുമ്പോൾ, ചില ഫംങ്ഷൻ നടക്കുമ്പോൾ സ്ത്രീകൾ നമസ്കരിപ്പിക്കാറുണ്ട്. എനിക്കോർമയുണ്ട് റബ്‌വയിൽ ജൽസ നടക്കുമ്പോൾ പഴയകാലത്ത് സൗണ്ട്സിസ്റ്റം പൂർണമായും ക്ലിയറല്ലാത്തസ്ഥിതിയിൽ ലജ്നയുടെ പന്തലിൽ ള്വുഹ്ർ - അസ്വ്ർ നമസ്കരിക്കുമ്പോൾ സ്ത്രീകളായിരുന്നു ജമാഅത്തായി നമസ്കരിപ്പിച്ചിരുന്നത്. സ്ത്രീകൾക്ക് പുരുഷന്മാരുടെ ഭാഗത്തുനിന്ന് ശബ്ദം എത്തുന്നുണ്ടായിരുന്നില്ല.

* ഒരു നാസ്വിറ ചോദിച്ചു:മൂന്നു സംഘടനകളുണ്ട്. അത്വ്ഫാലുൽ അഹ്‌മദിയ്യ, ഖുദ്ദാമുൽ അഹ്‌മദിയ്യ, അൻസ്വാറുല്ലാഹ്. സ്ത്രീകൾക്കുമാത്രം രണ്ടു സംഘടനയെന്താണ്?

ഹുദൂർ പറഞ്ഞു:പുരുഷന്മാർക്ക് മൂന്നു സംഘടനയുണ്ട്. സ്ത്രീകൾക്ക് രണ്ടെണ്ണവും!അത്വ്ഫാലുൽ അഹ്‌മദിയ്യ, ഖുദ്ദാമുൽ അഹ്‌മദിയ്യ, അൻസ്വാറുല്ലാഹ്, ശരിയാണ്. സ്ത്രീകളുടേത് 15 വയസ്സുവരെ നാസ്വിറാത്തുൽ അഹ്‌മദിയ്യ അതിനുശേഷം ലജ്ന. തങ്ങൾ 40 വയസ്സിനുമുകളിൽ വലിയവരാകാൻ തയ്യാറല്ലെന്ന് സ്ത്രീകൾ പറയുന്നു. അപ്പോൾ സംഘടന ഉണ്ടാക്കുന്നതെങ്ങനെ? തങ്ങളെന്താ വയസ്സായോ എന്ന് അവർ ചോദിക്കുന്നു. നിങ്ങൾ വയസ്സായിരിക്കുന്നുവെന്ന് ഏതെങ്കിലും സ്ത്രീയോടു പറഞ്ഞാൽ അവർ സമ്മതിക്കുമോ? നിങ്ങളുമായി വഴക്കിടാൻ തുടങ്ങും. അതുകൊണ്ട് സ്ത്രീകളുടെ മനഃശ്ശാസ്ത്രമനുസരിച്ച് അവരുടെ സംഘടനകൾ രൂപീകരിക്കപ്പെട്ടു. സ്ത്രീകളുടെ പ്രവർത്തനങ്ങൾ(ആക്റ്റിവിറ്റീസ്)ഒരു ഘട്ടത്തിലെത്തുമ്പോൾ ഒന്നായിത്തീരുന്നു. പൊതുവായ നിലയിൽ വീടു നോക്കുക. ജോലി ചെയ്യുന്ന സ്ത്രീകളുമുണ്ട്. ഡോക്ടർമാരുമുണ്ട് എഞ്ചിനിർമാരുമുണ്ട്. മറ്റു ജോലികൾ ചെയ്യുന്നവരുമുണ്ട്. പക്ഷേ, പൊതുവേ വിവാഹം കഴിഞ്ഞാൽ സ്ത്രീകളുടെ ജോലി വീടു നോക്കുക എന്നതാണ്. ആ സ്ത്രീ 25 വയസ്സുള്ളവളാണെങ്കിലും 30 വയസ്സുള്ളവളാണെങ്കിലും 35 വയസ്സുള്ളവളാണെങ്കിലും 45 വയസ്സുള്ളവളാണെങ്കിലും 50 വയസ്സുള്ളവളാണെങ്കിലും അവരുടേത് ഒരേപോലെയുള്ള ജോലിയായിരിക്കുമുണ്ടാകുക. അതുകൊണ്ട് ഈ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ അവർക്കുവേണ്ടി ഒരേയൊരു ഗ്രൂപ്പ് തയ്യാറാക്കപ്പെട്ടു. പുരുഷന്മാരിൽ വിവിധ പ്രവർത്തനങ്ങളുണ്ടാകുന്നു. 40 വയസ്സുവരെ അതായത് ഖുദ്ദാമിന്റെ പ്രവർത്തനങ്ങൾ വേറെയായിരിക്കും. അതിനുശേഷം വേറൊന്നായിരിക്കും. ചിന്താഗതിയിലും വ്യത്യാസമുണ്ട്. സ്ത്രീകൾ വേഗം പൂർണ വളർച്ച എത്തുന്നു. അവളുടെ ചിന്താഗതിയും വലിയവരുടെ ചിന്താഗതിയും ഏകദേശം ഒരുപോലെയായിരിക്കും. പുരുഷന്മാരുടെ ചിന്താഗതി വാർധക്യത്തിലെത്തുമ്പോൾ തികച്ചും വിഭിന്നമായിരിക്കും. ഇതും ഒരു കാരണമായേക്കാം, മൂന്നു കാറ്റഗറികളാക്കിയത് കൂടുതൽ ജോലി ചെയ്യുന്നതിലേക്ക് വിവിധ പ്രായത്തിലുള്ള പുരുഷന്മാരുടെ ശ്രദ്ധ ക്ഷണിക്കുന്നതിനാണ്. സ്ത്രീകളിൽനിന്ന് പ്രതീക്ഷവെക്കുന്നത് അവൾ ഇരുപത്തഞ്ചു വയസ്സുള്ളവളായാലും 50 വയസ്സുള്ളവളായാലും അവർ ഇത്രമാത്രം ആക്ടീവായിക്കൊണ്ട് ജോലി ചെയ്യുമോ?ഇതുകൊണ്ടാണ് ഈ വ്യത്യാസം വെച്ചിട്ടുള്ളത്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഇതു രൂപീകരിച്ചപ്പോൾ പുരുഷന്മാരിൽ യുവാക്കളുടെ ഒരു വിഭാഗം വേറെ വെക്കുകയും അവരെക്കൊണ്ട് കൂടുതൽ ജോലി എടുപ്പിക്കുകയും ചെയ്യുകയായിരുന്നു ഉദ്ദേശ്യം. പ്രയാസമുള്ള ചില ജോലികളുണ്ട്. അത് അൻസ്വാറിന്റെ പ്രായത്തിലെത്തുമ്പോൾ മനുഷ്യന് ചെയ്യാൻ കഴിയുകയില്ല. അതുകൊണ്ടായിരിക്കാം ഒരു വ്യത്യാസം വെച്ചത്. സ്ത്രീകൾക്കുള്ള ജോലികളുടെ ഇനം ഒരേതരത്തിലുള്ളതായിരിക്കും. അതവർക്ക് ചെയ്യാൻ കഴിയും. 25 വയസ്സുള്ളവർക്കും 30 വയസ്സുള്ളവർക്കും 35 വയസ്സുള്ളവർക്കും 40 വയസ്സുള്ളവർക്കും 45 വയസ്സുള്ളവർക്കും 50 വയസ്സുള്ളവർക്കും ചെയ്യാൻ കഴിയും. ഇക്കാരണങ്ങളാകാനിടയുണ്ട്. മറ്റുള്ളത് നല്ല കാര്യമാണ്. അതായത് നിങ്ങൾക്ക് ആളുകളുടെ പ്രായം അറിയാൻ കഴിയുകയില്ല. ഏതു സ്ത്രീക്കാണ് 40 വയസ്സായതെന്ന് അറിയാൻ സാധിക്കുകയില്ല. അപ്പോഴും പ്രയാസങ്ങളുണ്ടാകുന്നതായിരിക്കും.

* ഒരുനാസ്വിറ ചോദിച്ചു:ഇക്കാലത്തെ അമുസ്‌ലിം യുവാക്കൾ സോഷ്യൽ മീഡിയായുടെ ദുസ്സ്വാധീനം കാരണത്താൽ ദൈവത്തിൽനിന്നും മതത്തിൽനിന്നും വളരെ അകന്നു പൊയ്ക്കൊണ്ടിരിക്കുന്നു. നമ്മളെന്തെങ്കിലും മനസ്സിലാക്കിക്കൊടുക്കാൻ ശ്രമിച്ചാൽ അവർ നമ്മൾ പറയുന്നത് കേൾക്കുന്നില്ല. ഒരു ദൈവമുണ്ടെന്ന് നമ്മളെങ്ങനെയാണ് അവർക്ക് മനസ്സിലാക്കിക്കൊടുക്കുക?

ഹുദൂർ പറഞ്ഞു:ആദ്യത്തെ കാര്യമിതാണ്. ആദ്യം നമ്മുടെ ആളുകളെ ജാഗരൂകരാക്കുക. നമ്മുടെ ആൺകുട്ടികളും പെൺകുട്ടികളും അവരുടെ സ്വാധീനശക്തിയിൽ(ഇൻഫ്ളുഎൻസിൽ)പെടാതിരിക്കാൻ നോക്കുക. അവരുടെ സ്വാധീനവലയത്തിൽ പെടാൻ പാടില്ല. ആദ്യത്തെ നമ്മുടെ ജോലി നമ്മുടെയാളുകളെ ജാഗരൂകരാക്കിക്കൊണ്ടു ദൈവമുണ്ടെന്ന് ശക്തമായും പറയണം. അതിന് ദൈവമുണ്ടെന്ന തെളിവെന്ന നിലയിൽ സംഭവങ്ങൾ പറയണം. നമ്മുടെ കഥകൾ കേൾപിക്കുക. സംഭവങ്ങൾ വിവരിക്കുക. ഇതു വലിയവരുടേയും ജോലിയാണ്. നമ്മുടെ ദുആകൾ സ്വീകരിക്കപ്പെട്ട കാര്യങ്ങൾ പറയുക. ഇതും നമ്മുടെ ജോലിയാണ്. നല്ലസ്വപ്നങ്ങൾ കാണുകയും അതു പുലരുകയും ചെയ്തിട്ടുണ്ടെങ്കിൽ അതു പറഞ്ഞുകൊടുക്കുക. പിന്നെ ഈ സോഷ്യൽമീഡിയായിൽ പോയി അല്ലാഹുവിന്നെതിരിൽ സംസാരിക്കുന്നവർ അല്ലെങ്കിൽ മതത്തിൽനിന്ന് അകറ്റിക്കൊണ്ടുപോകുന്ന കാര്യങ്ങൾ പറയുന്നവരുണ്ടല്ലോ ഇതെല്ലാം ശയ്ത്വാനിന്റെ കുതന്ത്രങ്ങളാണ്. ആദം ജനിച്ചപ്പോൾ ശയ്ത്വാൻ പറഞ്ഞിരുന്നു, താൻ അവനെ വഴിതെറ്റിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുമെന്ന്. എക്കാലത്തും ശയ്ത്വാൻ മനുഷ്യനെ വഴിതെറ്റിക്കാൻ അവന്റേതായ രീതികൾ സ്വീകരിച്ചിരുന്നു. ഇക്കാലത്ത് ശയ്ത്വാൻ സോഷ്യൽമീഡിയായും സ്വീകരിച്ചിരിക്കുകയാണ്. ഇപ്പോൾ സോഷ്യൽമീഡിയായെ നല്ല കാര്യത്തിനുവേണ്ടിയും ഉപയോഗിക്കാവുന്നതാണ്;ചീത്തക്കാര്യങ്ങൾക്കുവേണ്ടിയും. സോഷ്യൽ മീഡിയായിൽ നിങ്ങൾ കാര്യങ്ങൾ പോസ്റ്റുചെയ്തുകൊണ്ട് ജനങ്ങളെ നല്ല കാര്യങ്ങളിലേക്ക് കൊണ്ടുവരാവുന്നതാണ്. പക്ഷേ, ഇക്കാലത്ത് സോഷ്യൽമീഡിയായിൽ അധികവും സ്വഭാവങ്ങളെ ദുഷിപ്പിക്കുന്നതും മതത്തിൽനിന്ന് മനുഷ്യനെ അകറ്റിക്കൊണ്ടുപോകുന്നതുമായ പോസ്റ്റുകളാണ് ഇടു

(ശേഷം പേജ് 10ൽ)

(പേജ് 6 ൽനിന്ന്)

ളുടെ ജോലികളിലും ബർക്കത്തിടുന്നതായിരിക്കും. ഓരോ അവസരത്തിലും കൂട്ടുകാരനും സഹായിയുമായിരിക്കും. ഇതില്ലെങ്കിൽ നമ്മൾ തഖ്‌വയിൽനിന്ന് അകലത്തിരിക്കുന്നവരായിരിക്കും. അല്ലാഹുവിനോടും വഞ്ചന കാണിക്കുന്നവാരായിരിക്കും. കാലത്തിന്റെ ഖലീഫയോടും വഞ്ചന കാണിക്കുന്നവാരായിരിക്കും. ആരാണോ നിങ്ങളിൽ വിശ്വാസമർപിച്ചത് അത് ശരിയാകട്ടെ അല്ലെങ്കിൽ തെറ്റാകട്ടെ അവരുടെ ഈമാനിനും ക്ഷതമേൽപിക്കുന്നവരായിരിക്കും. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: മുഅ്മിൻ എന്നു പറയുന്നത് തന്റെ അമാനത്തുകളേയും പ്രതിജ്ഞകളേയും പരിഗണിക്കുന്നവനാണ്. അതായത് അമാനത്തും പ്രതിജ്ഞയും സംബന്ധിച്ച് തഖ്‌വയുടേയും സൂക്ഷമതയുടേയും നേരിയ അംശംപോലും ബാക്കിയാക്കി വിട്ടുകളയുകയില്ല.(ളമീമ ബറാഹീനെ അഹ്‌മദിയ്യ ഭാഗം 5, റൂഹാനീ ഖസാഇൻ വാള്യം 21, പേജ് 239-240)

വീണ്ടും ഒരിടത്തു പറയുന്നു:മനുഷ്യന്റെ സൃഷ്ടിപ്പിൽ രണ്ടുതരത്തിലുള്ള സൗന്ദര്യമുണ്ട്. ഒരു സൗന്ദര്യമാണ് മുആമില. അതിതാണ്, മനുഷ്യൻ അല്ലാഹുവിന്റെ എല്ലാ അമാനത്തുകളും പ്രതിജ്ഞകളും നിറവേറ്റുന്നതിൽ അതിനെ സംബന്ധിച്ചുള്ള ഒരു കാര്യവും കഴിവിന്റെ പരമാവധി നഷ്ടപ്പെട്ടുപോകാതിരിക്കാൻ പരിഗണിക്കുന്നു. അമാനത്തുകളോടുള്ള കടമ നിറവേറ്റുന്നതിൽ ഒരു കർമവും നഷ്ടപ്പെടാതിരിക്കുക.............അപ്രകാരംതന്നെ നിർബന്ധമാണ്.പറഞ്ഞു: അപ്രകാരംതന്നെ മനുഷ്യൻ സൃഷ്ടികളുടെ അമാനത്തുകളും പ്രതിജ്ഞകളും സംബന്ധിച്ചും ഇതേ ശ്രദ്ധ വെക്കുകയെന്നത് നിർബന്ധമാണ്. അതായത് അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റുന്നതിലും സൃഷ്ടിളോടുള്ള കടമകൾ നിറവേറ്റുന്നതിലും തഖ്‌വയോടുകൂടി പ്രവർത്തിക്കുക. ഇത് ഹുസനെ മുആമില ആകുന്നു. അല്ലെങ്കിൽ ആത്മീയമായ സൗന്ദര്യമാണെന്നു പറയുക.(ളമീമ ബറാഹീനെ അഹ്‌മദിയ്യ ഭാഗം 5, റൂഹാനീ ഖസാഇൻ വാള്യം 21, പേജ് 218)

നമ്മൾ നമ്മുടെ ഉള്ളിൽ ആത്മീയമായ സൗന്ദര്യമുണ്ടാക്കണമെന്ന കാര്യം എല്ലാ ഭാരവാഹികളും ഓർമവെക്കേണ്ടതാണ്. നമ്മൾ, പ്രത്യേകിച്ചും ഭാരവാഹികൾ ഏറ്റവും കൂടുതൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സംബോധിതരാണ്.

എല്ലാ അഹ്‌മദികളും തഖ്‌വയിലൂടെ നടക്കുമെന്നും ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുമെന്നും പ്രതിജ്ഞ ചെയ്തിട്ടുള്ളവരാണ്. പക്ഷേ, ഭാരവാഹികളും ജമാഅത്തുപരമായ സേവനങ്ങൾ ചുമതലപ്പെടുത്തപ്പെട്ടിട്ടുള്ളവരും ഏറ്റവും കൂടുതൽ ഇക്കാര്യത്തിൽ സംബോധിതരും ഉത്തരവാദപ്പെട്ടവരും തങ്ങളുടെ പ്രതിജ്ഞകളും അമാനത്തുകളും സംരക്ഷിക്കേണ്ടവരുമാണ്. നമ്മളെ ഏല്പിച്ചിട്ടുള്ള ചുമതലകളും തഖ്‌വയോടുകൂടി പ്രവർത്തിച്ചുകൊണ്ട് നമ്മുടെ എല്ലാ കഴിവുകളോടുംകൂടി നിറവേറ്റാൻ ശ്രമിക്കേണ്ടതാണ്. അല്ലാഹു നമുക്കെല്ലാവർക്കും അതിന് തൗഫീഖ് നല്കുമാറാകട്ടെ.

**• അല്ലാഹുവിന്റെ കലാം: •**

**നീ ആദ്യമായി നിന്റെ അടുത്ത ബന്ധുക്കൾക്ക് മുന്നറിയിപ്പു നല്കുക. നിന്നെ പിന്തുടർന്ന സത്യവിശ്വാസികൾക്ക് നിന്റെ സ്നേഹത്തിന്റെ ചിറകു താഴ്ത്തിക്കൊടുക്കുക. (വിശുദ്ധ ഖുർആൻ 26:215 – 216)**




tectona
feels more confidence
All Types Of Quality Furniture

താലിബെ ദുആ: Prop.M. SHAFIQ(8075212141),M.MUSTAFA (9188768150),M.MUNEER(9946871947) KARULAI, MALAPPURAM

THE WEEKLY
AL HAKAM
www.alhakam.org

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം

## (2015 മെയ്, ജൂൺ)

വിവർത്തനം: മൗലവി അമീൻ മുഹമ്മദ് മാത്ര

2015 ജൂൺ 09 ചൊവ്വാഴ്ച
വാള്യം 8 ലക്കം 37 പേജ് 10 കോളം 1-ൽനിന്ന് തുടർച്ച.....

**ബയ്ത്തുൽ ഖാദിർ മസ്ജിദിന്റെ ഉദ്ഘാടനം**

ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ പ്രഭാഷണം

അതിഥിയായ പാർലമെന്റംഗത്തിന്റെ ഹ്രസ്വമായ പ്രസംഗത്തിനുശേഷം 07.10ന് ഹുദൂർ സദസ്സിനെ അഭിമുഖീകരിച്ചു. തശഹ്ഹുദ് തഅവ്വുദ് തസ്മിയക്കും ശേഷം അവിടന്ന് പറഞ്ഞു:

സമാദരണീയരായ എല്ലാ അതിഥികൾക്കും അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബർക്കാത്തുഹു.

ആദ്യമായി ഇവിടെ വന്നിട്ടുള്ള എല്ലാ അതിഥികൾക്കും ഞാൻ നന്ദി പറയാനാഗ്രഹിക്കുന്നു. തികച്ചും മതവുമായി ബന്ധമുള്ള ഒരു സംഘടനയുടെ പരിപാടിയിൽ നിങ്ങൾ പങ്കുകൊണ്ടിരിക്കുകയാണ്. ഈ സംഘടനയുടെ ആരാധനാലയത്തിന്റെ ഉദ്ഘാടനമാണിന്ന്! നിങ്ങളുടെ തുറന്ന മനസ്സിനെ നിശ്ചയമായും ഇത് അടയാളപ്പെടുത്തുന്നു. തുറന്നു കാണിക്കുന്നു. നിങ്ങൾ അഹ്മദിയല്ലെങ്കിലും ഈ പരിപാടിയിൽ പങ്കുകൊണ്ടു. ഇവിടുത്തെ ഭരണകൂടം 05.30 ആണ് പരിപാടിക്ക് അനുവദിച്ചു നല്കിയ സമയം. ഒരു നീണ്ട യാത്രയായതിനാലും ഇവിടെ നിന്ന് 250 കിലോമീറ്റർ അകലെ സ്ഥിതി ചെയ്യുന്ന മറ്റൊരു പട്ടണത്തിൽ ഒരു മസ്ജിദിന്റെ ശിലാസ്ഥാപന കർമത്തിൽ പങ്കെടുത്തതിനുശേഷവുമാണ് ഇവിടെ എത്തിയത്. വഴിയിലുണ്ടായ തടസ്സങ്ങളും അവിടുത്തെ പരിപാടികളുംകൂടി ആയപ്പോൾ താമസമുണ്ടായി. നിങ്ങൾ പ്രകടിപ്പിച്ച സംയമനത്തിനും എനിക്ക് നന്ദിയുണ്ട്. അതുകൊണ്ടു ആദ്യംതന്നെ ഞാൻ നിങ്ങളെല്ലാവരോടും ക്ഷമ ചോദിക്കാനാഗ്രഹിക്കുന്നു. ഒന്നര മണിക്കൂർ നിങ്ങളെന്നെ പ്രതീക്ഷിച്ചു നിന്നു. ഇത് വളരെ വലിയൊരു കാര്യമാണ്.

ദാസന്മാരോട് നന്ദി കാണിക്കാത്തവന്ന് ഒരിക്കലും അല്ലാഹുവിനോടും നന്ദി കാണിക്കാൻ സാധ്യമല്ലെന്ന് ഉപദേശിച്ച നബി(സ)തിരുമേനിയിൽ വിശ്വസിക്കുന്ന വ്യക്തി എന്ന നിലയിലും ഞാൻ നന്ദി പറയേണ്ടതുണ്ട്. നന്ദി പറയലും എന്റെ ആരാധനയുടെ ഭാഗമാണെന്ന് ചുരുക്കം. നിങ്ങളുടെ നല്ല വികാരങ്ങളെക്കുറിച്ച് വിചാരിക്കാതെയും നന്ദി പറയാതെയുമിരുന്നാൽ ഞാൻ മസ്ജിദിൽ പോയി നമസ്കരിക്കുന്നതിൽ പ്രയോജനമൊന്നുമില്ല. നീണ്ടസമയംവരെ നിങ്ങളെന്നെ പ്രതീക്ഷിച്ചിരിക്കേണ്ടി വന്നതിൽ ആദ്യമായി ഞാൻ ക്ഷമ ചോദിക്കുന്നു. നന്ദി പറയുന്നു.

മസ്ജിദ് അല്ലാഹുവിന്റെ വീടാണെന്നാണ് ഞങ്ങളുടെ വിശ്വാസം. ഓരോ ആരാധനയുടേയും ഇടം അല്ലാഹുവിന്റെ ഭവനമാണ്. നബി(സ)തിരുമേനിയുടെ മദീനാ പലായനത്തിനുശേഷം മക്കാ നിഷേധികൾ നബി(സ)തിരുമേനിയെ ആക്രമിച്ചപ്പോൾ മുസ്‌ലിമീങ്ങളുടെ കൈയിൽ ഒരു യുദ്ധായുധവുമുണ്ടായിരുന്നില്ല. അപ്പോൾ അല്ലാഹുവിൽനിന്ന് കൽപന വന്നു. ഇപ്പോൾ ക്ഷമ അതിരു കടന്നിരിക്കുന്നു. 13 വർഷംവരെ നീ ക്ഷമിച്ചു. ഇനി ശത്രുവിന്റെ കൈകൾ തടയേണ്ടി വരും. ശക്തമായ മറുപടി നല്കേണ്ടിയുംവരും. എന്നാൽ, ശക്തി എന്താണ്? കേവലം മുസ്‌ലിമീങ്ങളെ സംരക്ഷിക്കാൻ മാത്രമല്ല, അങ്ങനെ ഒരിക്കലുമല്ല! അവിടന്ന് പറഞ്ഞു: ഇന്നവരുടെമേൽ ബലം പ്രയോഗിച്ചില്ലെങ്കിൽ മതത്തിന്റെ ശത്രുക്കളായ ഇവർ ദൈവഭവനങ്ങളെ ജനനിബിഢമാക്കി വെക്കാൻ സമ്മതിക്കുകയില്ല. ഒരു മതവുമായും ബന്ധം നിലനിറുത്താനും ആരാധനാലയങ്ങളെ ജനനിബിഢമാക്കി വെക്കാനും ഇവർ ഇഷ്ടപ്പെടുന്നില്ല. അതെല്ലാം ഇവർ നശിപ്പിക്കുന്നതായിരിക്കും. അതുകൊണ്ട് വിശുദ്ധ ഖുർആനിൽ വളരെ വ്യക്തമായും ഇത് രേഖപ്പെട്ടുകിടക്കുന്നു. അവരുടെ കൈകൾ തടയാതിരുന്നാൽ ചർച്ചുകളോ സിനഗോഗോ മറ്റു ആരാധനാലയങ്ങളോ മസ്ജിദുകളോ ശേഷിക്കുകയില്ല. മുസ്‌ലിമീങ്ങൾ കേവലം മസ്ജിദുകൾ മാത്രമല്ല പ്രത്യുത ഓരോ ആരാധനാലയത്തേയും പ്രതിരോധിക്കുന്നുവെന്ന് ചുരുക്കം! ചർച്ചിന്റെ പരിശുദ്ധിയും നിലനിറുത്തണം. സെനഗോഗിന്റെ സുരക്ഷിതത്വവുമുണ്ടാകണം. അമ്പലങ്ങൾ തുടങ്ങി മറ്റു ആരാധനാലയങ്ങളേയും സംരക്ഷിക്കണം.

മസ്ജിദ് നിർമാണത്തോടൊപ്പം നമുക്കുള്ള ഒരു പ്രവർത്തന രൂപരേഖയാണ് ഈ അധ്യാപനം. ഇക്കാര്യത്തെ മുമ്പിൽവച്ചുകൊണ്ടാണ് നമ്മൾ മസ്ജിദുകൾ നിർമിക്കുന്നത്. ഇക്കാര്യത്തെ മുമ്പിൽവച്ചു കൊണ്ട് നമ്മൾ മറ്റു മതാനുയായികളെ ആദരിക്കുകയും ബഹുമാനിക്കുകയും മാത്രമല്ല ചെയ്യുന്നത് അവരുടെ സ്ഥാപകരേയും ആദരിക്കുന്നു. എന്നല്ല, ഇതുകൂടാതെ ഞങ്ങളുടെ ആരാധനതന്നെ പൂർണമാകുകയില്ല. ആദരിക്കുക മാത്രമല്ല, മറ്റേതെങ്കിലും മതാനുയായികൾ സ്വന്തം ആരാധനാലയത്തിന്റെ സംരക്ഷണത്തിനുവേണ്ടി ഞങ്ങളെ വിളിച്ചാൽ ഏതു സമയത്തും വരാൻ അഹ്മദിയ്യാ ജമാഅത്ത് തയ്യാറായിരിക്കും.

അല്ലാഹു നമുക്ക് തന്നെ ആരാധിക്കാനുള്ള കൽപനയാണ് തന്നിട്ടുള്ളത്. സൂക്ഷ്മത കൈക്കൊള്ളാൻ നിരവധി സ്ഥലങ്ങളിൽ അവൻ നമ്മളോടു കൽപിച്ചിരിക്കുന്നു. തഖ്‌വാ എന്താണ്? അല്ലാഹുവിൽ വിശ്വസിച്ചുകൊണ്ട് അവനെ ആരാധിക്കുന്നതിനോടൊപ്പം അവന്റെ ദാസരോടുള്ള കടമകളും പൂർത്തിയാക്കുക എന്നതു തന്നെയാണത്. അഹങ്കാരവും തന്നിഷ്ടവും അകറ്റുക. വിനയം കൈക്കൊള്ളുക. വിനയത്തോടെ സ്വന്തമാളുകൾക്കും സഹോദരങ്ങൾക്കും ജനതയ്ക്കും എന്നല്ല ലോകം മുഴുവനമുള്ള ജനതയ്ക്കും സേവനം ചെയ്യുക. ഇതുതന്നെയാണ് മസ്ജിദിൽ വരുന്ന നമ്മൾ പാലിക്കേണ്ട കൽപന. ഇതുണ്ടാകുമ്പോൾ മാത്രമേ ദൈവത്തിന്റെ തൃപ്തിയും കരഗതമാകുകയുള്ളൂ. അപ്പോൾ മാത്രമേ ആരാധനയുടെ കടമയും നിർവഹിക്കപ്പെടുകയുള്ളൂ.

അഹ്മദിയല്ലാത്തവരാണ് എന്റെ മുമ്പിലിരിക്കുന്ന അധികപേരും. എന്നല്ല, പത്തിലൊന്ന് അനുപാതമേയുള്ളൂവെന്നാണ് എന്റെ മുമ്പിലുള്ള ചിത്രം കാണിക്കുന്നത്. ഞാൻ പറയുന്നത് കേൾക്കുന്നവർ തീർച്ചയായും പുറത്തുമുണ്ടാകും. എന്നാലിവിടെ എന്റെ മുമ്പിലുള്ളവരിൽ അധികവും തദ്ദേശ വാസികളാണ്. ഇവിടെ നല്ല ബന്ധങ്ങളാണ് അഹ്മദികൾ പുലർത്തുന്നതിനുള്ള തെളിവാണിത്. ബന്ധങ്ങളെ വിശാലമാക്കാനും മാനുഷിക മൂല്യങ്ങൾ സ്ഥാപിക്കാനും ലക്ഷ്യം വെച്ചുകൊണ്ടുള്ള ഈ മസ്ജിദ് നിർമിക്കപ്പെട്ടതിനുശേഷം ഇൻശാ അല്ലാഹ് അതു നേടുന്നതിനുവേണ്ടി ഇവിടുത്തെ അഹ്മദികൾ കൂടുതൽ പരിശ്രമിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

വാഗ്ദത്ത മഹ്ദിയെന്നും മസീഹെന്നും നമ്മൾ വിശ്വസിക്കുന്ന അഹ്മദിയ്യാ ജമാഅത്ത് സ്ഥാപകർ പറയുന്നു: ഞാൻ രണ്ടു കാര്യങ്ങളുമായാണ് വന്നിട്ടുള്ളത്. എന്നെ അംഗീകരിക്കുന്നവർ പ്രസ്തുത കാര്യങ്ങൾപൂർത്തിയാക്കുന്നില്ലെങ്കിൽ എന്റെ ജമാഅത്തിൽപ്പെട്ടവരല്ല.

അഹ്മദീ മുസ്‌ലിമീങ്ങൾ എന്ന് നിങ്ങൾ വിളിക്കപ്പെടുന്നതിൽ ഒരു പ്രയോജനവുമില്ല. മറ്റുള്ളവരെ കാണുന്നതുപോലെ അവരുടെ കണ്ണിൽ നിങ്ങളും തീവ്രവാദികളായിരിക്കും.

പ്രസ്തുത രണ്ട് കാര്യങ്ങൾ ഇവയാണ്. മനുഷ്യനെ അവന്റെ സ്രഷ്ടാവിനോട് അടുപ്പിക്കുക എന്നതാണ് ഞാൻ വന്നതിന്റെ പ്രഥമ ലക്ഷ്യം. അവനെ ആരാധിക്കുന്ന യഥാർഥ വ്യക്തിയാക്കി മാറ്റുക. മനുഷ്യർ പരസ്പരമുള്ള കടമകൾ നിർവഹിക്കുന്നതിലേക്ക് ശ്രദ്ധക്ഷണിക്കുക എന്നതാണ് രണ്ടാമത്തെ കാര്യം. ഈ രണ്ടു കാര്യങ്ങൾക്കുംവേണ്ടിയാണ് അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിതമായത്. പ്രസ്തുത കാര്യങ്ങൾ പൂർത്തിയാക്കാനാണ് ലോകത്തിലെ ഓരോ പട്ടണത്തിലും അഹ്മദിയ്യാ ജമാഅത്ത് ശ്രമിച്ചു വരുന്നത്. ഇതിനുവേണ്ടിത്തന്നെയാണ് നമ്മുടെ മസ്ജിദുകളും സ്ഥാപിക്കപ്പെടുന്നത്.

ആഫ്രിക്കയിലും മറ്റു ദരിദ്രരാജ്യങ്ങളിലും മനുഷ്യകുലത്തിനു സേവനം ചെയ്യാൻ ശ്രമിച്ചു വരുന്നതും ഇതുകൊണ്ടാണ്. മതപരമായ ജമാഅത്താണെന്ന കടമ മാത്രമല്ല നിർവഹിക്കുന്നത്, സ്വന്തം ആരാധനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുക മാത്രമല്ല ചെയ്യുന്നത് പ്രത്യുത, ദൈവാനുഗ്രഹത്താൽ നമ്മൾ സ്കൂളുകളും നടത്തുന്നു. യാതൊരു വിവേചനവും കൂടാതെ സ്കൂളുകളില് ദരിദ്ര വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം നല്കുന്നു. ചില രാജ്യങ്ങളിൽ നമുക്ക് വളരെയധികം സ്കൂളുകളുണ്ട്. അവിടെ അഹ്മദികള് മാത്രമല്ല അമുസ്‌ലിമീങ്ങളും പഠിക്കുന്നു. ക്രൈസ്തവ വിശ്വാസക്കാരും നിർമതരും അറിവു നേടുന്നു. ഒരു വിവേചനവുംകൂടാതെ നമ്മൾ അവർക്ക് വിദ്യാഭ്യാസം നല്കാൻ ശ്രമിക്കുന്നു. ഇവയിൽ പ്രൈമറി സ്കൂളുകളും സെക്കന്ററി സ്കൂളുകളുമുണ്ട്.

ഇതിനുപുറമെ നമ്മുടെ വളരെയധികം ആശുപത്രികളും ആരോഗ്യപരിപാലന കേന്ദ്രങ്ങളുമുണ്ട്. നമ്മൾ മനുഷ്യകുലത്തിനു സേവനങ്ങൾ ചെയ്തുവരുന്നു. ഒരു വിവേചനവും കൂടാതെ ആഫ്രിക്കയിലെ വിദൂരരാജ്യങ്ങളിൽ കുടിവെള്ളം എത്തിച്ചു കൊടുക്കാൻ നമ്മൾ പരിശ്രമിക്കുന്നു. ഹോട്ടലുകളിൽ പോകുമ്പോൾ വാഷ്റൂമുകളിൽ ജലം കുറച്ചുപയോഗിക്കുക എന്നും വെള്ളം അമൂല്യമാണെന്നുമെല്ലാം എഴുതിക്കാണാറുണ്ടെങ്കിലും ഇവിടെ താമസിക്കുന്ന നമ്മൾ വെള്ളം പാഴാക്കുന്നു. നിങ്ങളുടെ വീടുകളിൽ അങ്ങെനെയൊരു വിചാരം തന്നെ ഉണ്ടാകാറില്ല. ടാപ്പ് തുറക്കുമ്പോൾ നിങ്ങൾക്ക് വെള്ളം ലഭ്യമാകുന്നു. എന്നാൽ, ആഫ്രിക്കയിൽ ഞാൻ 8 വർഷം താമസിച്ചിരുന്നു. അവിടെയുള്ളവർ വെള്ളത്തിനുവേണ്ടി നെട്ടോട്ടമോടുന്നു. എന്താണ് ദാഹമെന്ന് എനിക്കറിയാം. ഏഴെട്ട് വയസ്സിലെത്തുന്ന കുട്ടികളെക്കുറിച്ച് അവർക്ക് നല്ല ഭക്ഷണം നല്കണമെന്നും ഉത്തമ വളർച്ചക്ക് ഉതകുന്ന രൂപത്തിൽ നല്ല വിദ്യാഭ്യാസം നല്കണമെന്നും നമ്മൾ ചിന്തിക്കുന്നു. എന്നാൽ, അവിടുത്തെ കുട്ടികൾ തലയിൽ ബക്കറ്റുകളുംപേറി രണ്ടു മൂന്ന് കിലോമീറ്ററുകളാണ് വെള്ളത്തിനുവേണ്ടി പോകുന്നത്. അവിടുത്തെ ദുഷിച്ച കുളങ്ങളിൽ നിന്നും സ്വന്തം വീടുകളിൽ മഴവെള്ളം കൊണ്ടുവരുന്നു. അത്തരം സാ

### • ഹദീഥുന്നബ്‌വി(സ) •

**'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)**

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

### • കലാമുൽ ഇമാം: •

**"ഭൗതികമായ സമ്പത്തും ഭരണവും അസൂയാർഹമായ സ്ഥാനമല്ല. അസൂയാർഹമായ സ്ഥാനം ദുആ ആകുന്നു."(മൽഫൂദാത്ത് വാള്യം 1, പേജ് 220)**

ത്വാലിബെ ദുആ:
C.K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

ഹചര്യങ്ങളിൽ അവിടുത്തെ ജനങ്ങൾക്ക് വീടുകൾക്ക് തൊട്ടടുത്ത് കുടിവെള്ളം എത്തിക്കാനാണ് അഹ്മദിയ്യാ ജമാഅത്ത് ശ്രമിച്ചു വരുന്നത്. ബക്കറ്റുകളിൽ നിറച്ചു കൊണ്ടു വരുന്ന വെള്ളം കാണുമ്പോൾ ഒരുപക്ഷേ അതിൽ കൈമുക്കാൻ പോലും ഇഷ്ടപ്പെടുകയില്ല. അത്രയധികം മലിനമാണത്. എന്നാൽ, അതേ വെള്ളം കുടിക്കാൻ അവർ നിർബന്ധിതരാണ്. അഹ്മദിയ്യാ ജമാഅത്ത് വെള്ളമെത്തിക്കുന്നതിന് വളരെയധികം പ്രൊജക്റ്റുകൾ തുടങ്ങിവെച്ചിട്ടുണ്ട്. പമ്പുകളും സ്ഥാപിക്കുന്നു. യൂ. എൻ സ്ഥാപിച്ച ധാരാളം പമ്പുകൾ കേടായി. അതിനെക്കുറിച്ച് അന്വേഷിക്കാൻ ആരുമില്ല. ജനങ്ങളുടെ വീടുകളിൽ ശുദ്ധജലം എത്തുന്നതിനുവേണ്ടി അതിന്റെ പുനർവിന്യാസവും ചെയ്തു. സ്ഥാപിച്ച പമ്പിൽനിന്നു ശുദ്ധജലം പുറത്തു വരുമ്പോൾ അവിടുത്തെ അന്തേവാസികളായ സ്ത്രീകളുടേയും കുട്ടികളുടേയും മുഖത്ത് പ്രത്യക്ഷപ്പെടുന്ന സന്തോഷം കാണേണ്ടതുതന്നെയാണ്. നാലോളം കിലോമീറ്റർ ദൂരത്തുനിന്ന് കുടങ്ങളിൽ കുടിവെള്ളം നിറച്ചു തലയിലേറ്റിക്കൊണ്ടു വരുന്നതിൽനിന്നു അവർ മോചിതരായി. മനുഷ്യകുലത്തിനുവേണ്ടി അഹ്മദിയ്യാ ജമാഅത്ത് ചെയ്തുകൊണ്ടിരിക്കുന്ന സേവന പ്രവൃത്തികളാണിത്.

മോഡൽവില്ലേജിന്റെ പ്രൊജക്റ്റുകളും അഹ്മദിയ്യാ ജമാഅത്ത് നടത്തി വരുന്നു. അവിടുത്തെ ജനങ്ങൾക്ക് തെരുവു വിളക്കുകൾ ഏർപ്പാടാക്കിക്കൊടുക്കുന്നു. കമ്യൂണിറ്റി ഹാളുകളുണ്ടാക്കുന്നു. ഗ്രീൻ ഹൗസുകളുണ്ടാക്കി പ്രാദേശികമായി പച്ചക്കറികളും മറ്റും ഉൽപ്പാദിപ്പിക്കാനുള്ള അവസരം സൃഷ്ടിക്കുന്നു. കുടിവെള്ള പ്രൊജക്ടുകളും ഇതിൽപെടുന്നു. ഇത് ഏതെങ്കിലും പ്രത്യേക സ്ഥലത്ത് മാത്രമല്ല, പ്രത്യുത, ഓരോ സ്ഥലത്തും ഏത് മതവുമായി ബന്ധപ്പെട്ടവരായാലുംശരി പ്രൊജക്ടുകൾ നടന്നു വരുന്നു. അഹ്മദിയ്യാ ജമാഅത്ത് ചെയ്തു വരുന്ന വലിയൊരു പ്രവൃത്തിയാണ് മനുഷ്യകുലത്തിന് ചെയ്യുന്ന സേവനങ്ങൾ.

ധാരാളം ചർച്ചുകളും ഈ പ്രവൃത്തികൾ ചെയ്തു വരുന്നുണ്ട്. വളരെ വിശാലാടിസ്ഥാനത്തിലും ഈ പ്രവൃത്തി നടന്നുവരുന്നു. എന്നാൽ, അഹ്മദിയ്യാ ജമാഅത്തിന് ഒരു സവിശേഷതയുണ്ട്. നിങ്ങൾ കാണുന്നതുപോലെ ഈ മസ്ജിദ് നിർമിച്ചത് സന്നദ്ധസേവകരാണ്. വളരെയധികം പ്രവൃത്തികൾ അവർ സ്വന്തം കൈകൾകൊണ്ടാണ് ചെയ്തത്. നമ്മുടെ യൂറോപ്പിൽനിന്നും മറ്റുരാജ്യങ്ങളിൽനിന്നും വിദ്യാസമ്പന്നരായ എഞ്ചിനീയർമാരും ഡോക്ടർമാരും മറ്റു വ്യക്തികളും സന്നദ്ധസേവകരായി സ്വന്തം ചെലവുകളിലാണ് എവിടേയും പോകുന്നത്. ഇവിടെ കാറുകളിൽ യാത്രചെയ്യുന്ന പട്ടണവാസികൾ യൂറോപ്യൻ രാജ്യങ്ങളിൽ ഒരു പട്ടണത്തിൽനിന്നു മറ്റൊന്നിലേക്ക് ആട്ടോയിലല്ലാതെ യാത്ര ചെയ്യുന്നതിനെ കുറിച്ച് ഒരുപക്ഷേ, ചിന്തിക്കുക പോലും സാധ്യമല്ല. നല്ല റോഡില്ലാതെ യാത്ര ചെയ്യാൻ അവർക്ക് കഴിയില്ല. ഇവർക്ക് അവിടെപോയി യാത്രായോഗ്യമല്ലാത്ത റോഡുകളിൽ യാത്ര ചെയ്യേണ്ടിവരുന്നു. ചിലപ്പോൾ മോട്ടോർ സൈക്കിളിലിരുന്നും സൈക്കിളിലിരുന്നും യാത്ര ചെയ്തുപോയി സേവനം ചെയ്യുന്നു. ചിലർ 4 ആഴ്ചകൾ സന്നദ്ധസേവനത്തിനു തയ്യാറാകുന്നു. ചിലർ 8 ആഴ്ചകളും സന്നദ്ധസേവനത്തിനു സമർപിക്കാറുണ്ട്. ഈ മനുഷ്യസേവനം ഉന്നതനായ ദൈവത്തിന്റെ കൃപയാൽ അഹ്മദിയ്യാ ജമാഅത്ത് ചെയ്തുവരുന്നു.

ഈ ജോലി അഹ്മദിയ്യാ ജമാഅത്തിന്റേതാണ്. ഈ ജോലിക്കുവേണ്ടിയാണ് അഹ്മദിയ്യ ജമാഅത്ത് ലോകത്തെല്ലായിടത്തും സന്ദേശം നല്കുന്നത്. ഇക്കാര്യങ്ങൾ നിങ്ങളും മനസ്സിലാക്കിയിട്ടുണ്ടാകുമെ ന്ന് പ്രതീക്ഷിക്കുന്നു. അഹ്മദികൾ ഇക്കാര്യം പ്രകടിപ്പിച്ചിട്ടുണ്ടാകും. അതുകൊണ്ടു തന്നെയാണ് നിങ്ങൾക്ക് അഹ്മദികളുമായി ഇത്രമാത്രം ബന്ധങ്ങളുള്ളതും. നിരവധി തദ്ദേശവാസികളെ ഞാൻ ഇവിടെ കാണുന്നു. മതപരമായി അവർക്ക് അഹ്മദിയ്യാ ജമാഅത്തുമായി ഒരു ബന്ധവുമില്ല. എന്നിട്ടും നമ്മുടെ ഒരു മതപരമായ പരിപാടിയിൽ നിങ്ങൾ പങ്കെടുക്കുന്നു. അല്ലാഹു നിങ്ങൾക്ക് ഇതിന്റെ പ്രതിഫലം നല്കുറാട്ടെ.

നമ്മുടെ അമീർ സാഹിബ് ഈ പട്ടണത്തിന്റെ പ്രസിഡിയെക്കുറിച്ച് ഒരു കാര്യം സൂചിപ്പിച്ചു. ഇവിടെ കുട്ടികൾ കൂടുതലായി ജനിക്കുന്നുവെന്നോ ജനിച്ചിരുന്നുവെന്നോ പറഞ്ഞിരുന്നു. ശേഷം തർജമ ചെയ്ത വ്യക്തി പറഞ്ഞത് ഇക്കാര്യം അഹ്മദിയ്യാ ജമാഅത്ത് ചെയ്യുന്നുവെന്നാണ്. ഇതിൽനിന്ന് അദ്ദേഹം ഉദ്ദേശിച്ചതെന്താണെന്ന് എനിക്കു മനസ്സിലായില്ല. കുട്ടികളെ ജനിപ്പിക്കുന്ന പ്രവൃത്തി അഹ്മദിയ്യാ ജമാഅത്ത് ചെയ്യുന്നുവെന്നാണ് ഉദ്ദേശിച്ചതെങ്കിൽ ഇതുവളരെ നല്ല കാര്യമാണ്. അല്ലാഹു ജമാഅത്തിലെ വ്യക്തികൾക്ക് കൂടുതൽ മക്കളെ നല്കുമാറാകട്ടെ. ശരിയായ രൂപത്തിൽ അവർക്ക് വിദ്യയും ശിക്ഷണവും നല്കി ഈ പട്ടണത്തിന് കൂടുതൽ മാതൃകകൾ സ്ഥാപിക്കുന്നവരാകാൻ സാധിക്കുമാറാകട്ടെ. ഭാവി തലമുറയിൽ നന്മകൾ നിലനിറുത്തുക എന്നത് വലിയ കാര്യമാണ്. ഇക്കാര്യത്തിലേക്ക് അഹ്മദിയ്യാ ജമാഅത്ത് കൂടുതൽ ശ്രദ്ധ നൽകുന്നു, നല്കേണ്ടതുമാണ്.

മസ്ജിദിന്റെ ഗുണങ്ങളെ സംബന്ധിച്ച് നമ്മുടെ നാഷണൽ അമീർ സാഹിബ് ഒരു കാര്യം സൂചിപ്പിച്ചു. ഇത് കല്ലുകൊണ്ട് നിർമിച്ചതാണ്. കല്ലിന് ബാഹ്യമായി ഒരു സൗന്ദര്യമുണ്ടെന്നത് ഒരു കാര്യം. എന്നാൽ, കല്ലിന് വലിയ ഉദാഹരണങ്ങളുമുണ്ട്. നമ്മുടെ നാട്ടിൽ ഒരു ഉദാഹരണം പറയാറുണ്ട്. മറ്റുള്ളവരുടെ വികാരത്തെക്കുറിച്ച് വിചാരമില്ലാത്തവരുടേയും മറ്റുള്ളവരുടെ കാര്യങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കാത്തവരുടേയും ഹൃദയം കല്ലുപോലെയാണ്. എന്നാൽ, വിശുദ്ധ ഖുർആൻ നമുക്ക് മറ്റൊരു ഉദാഹരണവും നല്കിയിട്ടുണ്ട്. ചിലരുടെ ഹൃദയം കല്ലിന് സമാനമാണ്. ചിലർ അങ്ങനെയല്ല, ചിലർ കല്ലിനേക്കാളും കഠിന ഹൃദയരാണ്. എന്നാൽ, ചില കല്ലുകളിൽനിന്ന് നദികൾ പൊട്ടിയൊഴുകുന്നു. ഈ മസ്ജിദിൽ ആരാധനക്ക് വരുന്ന അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ കല്ലുകൊണ്ട് നിർമിച്ച മസ്ജിദ് കണ്ടു കൊണ്ട് ഹൃദയം കല്ലാകാതിരിക്കുമെന്നും നദി പൊട്ടിയൊഴുകുന്ന കല്ലുകളെപ്പോലെ അവരാകുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു. ഇവിടെ ആരാധന നിർവഹിക്കാൻവരുന്ന ഓരോ അഹ്മദിയുടേയും ഹൃദയവും മറ്റുള്ളവർക്കുവേണ്ടി സ്നേഹത്തിന്റെ നദികൾപൊട്ടി ഒഴുക്കുന്നതായിമാറട്ടെ. ഇതു തന്നെയാണ് നമ്മുടെ ലക്ഷ്യം. ലോകത്ത് ഇതേ പ്രകാരത്തിൽ സ്നേഹാനുകമ്പയെ വ്യാപിപ്പിക്കുക. അപ്പോൾ മാത്രമേ നമ്മൾ നമ്മുടെ മുദ്രാവാക്യമായ 'എല്ലാവരോടും സ്നേഹം, ആരോടുമില്ല വെറുപ്പ്' അനുസരിച്ച് പ്രവർത്തിക്കുന്നവരാകുകയുള്ളൂ. അഹ്മദിയ്യ ജമാഅത്തിന്റെമേൽ ഇത് വലിയ ഉത്തരവാദിത്വമാണ്. ഇവിടുത്തെ അഹ്മദികൾ ഈ ഉത്തരവാദിത്വം നിർവഹിക്കാൻ ശ്രമിക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. ഇതുതന്നെയാണ് ഇവിടുത്തെ പൗരന്മാരോടും ഞാൻ പറയുന്നത്. ഈ കടമ നിർവഹിക്കപ്പെടുന്നില്ലെ ന്നു കണ്ടാൽ നിശ്ചയമായും എന്നോട് പറയുക.(തുടരും)

---

(പേജ് 8ൽനിന്ന്)

ന്നത്. അല്ലാഹുവിൽനിന്നകറ്റിക്കൊണ്ടുപോകുന്നതാണ്. ഇതിനുള്ള മറുപടിയിൽ നിങ്ങൾ ചെയ്യേണ്ടത് അത്തരം കാര്യങ്ങൾ കേൾക്കുമ്പോൾ പഠിച്ചവരും അറിവുളളവരുമായ പെൺകുട്ടികൾ ചെയ്യേണ്ടത് അല്ലാഹുവിനെ സംബന്ധിച്ച് ഇങ്ങനെ വന്നിരിക്കുന്നു. പക്ഷേ, അതിന്റെ മറുപടി ഇതാണെന്ന് പറഞ്ഞ് പോസ്റ്റിടുക. മതത്തെ കുറിച്ച് നിങ്ങൾ ഇങ്ങനെ എഴുതിയിരിക്കുന്നു. എന്നാൽ, അതിന്റെ മറുപടി ഇങ്ങനെയാണെന്ന് പറഞ്ഞ് നല്കുക. യുവതികളുടെ ഒരു ടീമുണ്ടാക്കുക. അവർ സോഷ്യൽ മീഡിയായിൽ മറുപടി നല്കുക. നിങ്ങളെക്കൊണ്ടു പ്രയാസമുളള കാര്യമാണെങ്കിൽ ലജ്ന ഒരു ടീമുണ്ടാക്കുക. അതിനു മറുപടി നല്കുക. ഖുദ്ദാമുൽ അഹ്മദിയ്യയും ഇപ്രകാരംതന്നെ ജമാഅത്തിന്റെ മറ്റുസംഘടനകളും മറുപടി നല്കുക. സോഷ്യൽമീഡിയായിൽ എവിടെയാണോ വരുന്നത് അവിടെ ഈ മറുപടി നല്കേണ്ടതാണ്. അവിടെ കമന്റുകളുടെ കോളവുമുണ്ടാകും. ആ കമന്റിൽ നിങ്ങൾക്ക് നിങ്ങളുടേതായ അഭിപ്രായം എഴുതാവുന്നതാണ്. അവരോടു നിങ്ങളെന്താണോ എഴുതിയത് അതുതെറ്റാണെന്ന് പറയുക. ദൈവം ഇതാണെന്ന് പറയുക. ഇക്കാരണത്താൽ ചിലർ ആകർഷിക്കപ്പെടുന്നതാണ്. അവരതിന് അഭിപ്രായം പറയുന്നതായിരിക്കും. ശരിയായ കാര്യം ഇതാണെന്ന് പറയും. മനുഷ്യർക്ക് അല്ലാഹു ബുദ്ധിനല്കിയിരിക്കുന്നു. നിങ്ങൾക്ക് അല്ലാഹു ബുദ്ധിനല്കിയിരിക്കുന്നു. നിങ്ങളുടെ പക്കൽ ഈ ചോദ്യത്തിന് മറുപടി ഉണ്ടാകുമ്പോൾ ഏതൊന്നാണോ തെറ്റായ പാതയിലേക്ക് മനുഷ്യരെ കൊണ്ടുപോകുന്നത് നിങ്ങളുടെ മറുപടി അവരെ നേരായപാതയിലേക്ക് തിരിച്ചുകൊണ്ടുവരുന്നതായിരിക്കും. പിന്നീട് ആളുകൾ ഇതും നോക്കുന്നതായിരിക്കും. അതും നോക്കാൻ ശ്രമിക്കുന്നതായിരിക്കും. ഇക്കാലത്ത് ശയ്ത്വാൻ സോഷ്യൽമീഡിയായിലൂടെ മനുഷ്യരെ വഴിപിഴപ്പിക്കാൻ ശക്തമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനുളള മാർഗം നമ്മൾ ഏറ്റവും കൂടുതൽ അല്ലാഹുവിലേക്ക് കുനിയുക എന്നതാണ്. അഹ്മദി ശരിയായ മുസ്‌ലിമാണെന്നതിന്റെ കടമ നിറവേറ്റുക. മറ്റുളളവരെ രക്ഷിക്കുന്നതിന് സോഷ്യൽ മീഡിയായിൽ ത്തന്നെ അതിനു മറുപടി നല്കുക. അവരുടെ തെറ്റായകാര്യങ്ങളും ഖണ്ഡിക്കപ്പെടേണ്ടതാണ്. അവർക്ക് ശരിയായ മറുപടി കിട്ടേണ്ടതാണ്.(തുടരും)

## ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്


നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചു തരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തനസൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:

**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

**128-ാമത് ഖാദിയാൻ ജൽസസാലാന 2023 ഡിസംബർ 29,30,31 (വെള്ളി, ശനി, ഞായർ)തിയതികളിൽ സംഘടിപ്പിക്കുന്നതാണ്.**

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് 128-ാമത് ഖാദിയാൻ ജൽസസാലാന 2023 ഡിസംബർ 29,30,31 (വെള്ളി, ശനി, ഞായർ)തിയതികളിൽ സംഘടിപ്പിക്കുന്നതിന് അനുവാദം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾ മുതൽത്തന്നെ ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കുന്നതിന് ദുആയോടു കൂടി നിയ്യത്ത് വെച്ച് തയ്യാറെടുപ്പുകൾ നടത്തുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽ പങ്കെടുക്കാൻ തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ. ഈ ജൽസസാലാന എല്ലാ വിധത്തിലും വിജയപ്രദവും അനുഗൃഹീതവുമാകുന്നതിനും ഭാഗ്യാത്മാക്കൾക്ക് സന്മാർഗത്തിന് നിമിത്തമാകുന്നതിനും ദുആ തുടർന്നുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹു അഹ്സനൽ ജസാഉ(നാളിർ ഇസ്‌ലാഹ് വ ഇർശാദ് മർക്കസിയ ഖാദിയാൻ)



# മുഹമ്മദ് നബി(സ) അല്ലാഹുവിലേക്ക് ക്ഷണിക്കുന്നവൻ എന്ന നിലയിൽ

ഹാഫിള് മുസഫ്ഫർ അഹ്മദ്

ഹദ്റത്ത് മുഹമ്മദുമുസ്തഫാ(സ)യുടെ സുപ്രധാനമായൊരു സ്ഥാനമായിരുന്നു നബി, റസൂൽ എന്നത്. അവിടന്ന് അല്ലാഹുവിന്റെ കൽപനയനുസരിച്ച് മനുഷ്യകുലത്തെ ആകമാനം അല്ലാഹുവിലേക്ക് ക്ഷണിച്ചു. വിശുദ്ധ ഖുർആൻ നബി(സ)തിരുമേനിയുടെ സ്ഥാനം വിവരിച്ചിരിക്കുന്നത് ദായിയൻ ഇലല്ലാഹി ബി ഇദ്നിഹി എന്നാ(33:47)അല്ലാഹുവിന്റെ കൽപനയനുസരിച്ച് അവനിലേക്ക് ക്ഷണിക്കുന്ന ആൾ എന്നാണ്. നബി(സ)തിരുമേനി തന്നെയായിരുന്നു പ്രപഞ്ചത്തിലെ ഉത്തമസൃഷ്ടി. ആ മഹാത്മാവ് ലോകത്തെ അല്ലാഹുവിലേക്ക്സ ക്ഷണിക്കുക മാത്രമല്ല ചെയ്തത്. പ്രത്യുത ദൈവകൽപനയനുസരിച്ച് സ്വയം കർമങ്ങൾ ചെയ്തു കാണിക്കുകയും അവിടന്ന് തന്നെയാണ് എല്ലാവരെക്കാളുമുപരി അല്ലാഹുവിനെ അനുസരിക്കുകയും ചെയ്തത്. അവിടന്ന് തന്നെയാണ് ബല്ലിഗ് സന്ദേശമെത്തിക്കുക എന്ന കല്പനയുടെ പൂർത്തീകരണമെന്നോണം പ്രബോധനത്തിന്റെ കടമ നിറവേറ്റിക്കാണിച്ചത്. നബി(സ)തിരുമേനി രഹസ്യമായും പരസ്യമായും അല്ലാഹുവിലേക്ക് ക്ഷണിച്ചുകൊണ്ടിരുന്നു. പകൽ നേരത്തും അല്ലാഹുവിലേക്ക് ലേകത്തെ ക്ഷണിച്ചു. രാത്രിനേരത്തും ക്ഷണിച്ചു. മനുഷ്യകുലത്തെ ഓർത്ത് കഠിനമായ വേദന നബി(സ)തിരുമേനിയുടെ നെഞ്ചിനുള്ളിൽ അലയടിച്ചുയർന്നുകൊണ്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നബി(സ)തിരുമേനി സകല അശരണരേയും ദുർബലരേയും തബ്ലീഗ് ചെയ്തിരുന്നു. അവിടന്ന് ദരിദ്രർക്കും ഫഖീറുമാർക്കും ഇസ്ലാമിന്റെ സന്ദേശമെത്തിച്ചു. രാജാക്കന്മാരേയും അമീർമാരേയും ഇസ്ലാമിലേക്ക് ക്ഷണിച്ചു. അവരുടെ ശക്തിയിലും രാജപ്രൗഢിയിലും ഒരിക്കലും തൽപരനായിരുന്നില്ല. എപ്പോഴും ഖുർആനികാധ്യാപനങ്ങളുടെ പ്രചാരണം യുക്തിയോടും സ്ഥൈര്യത്തോടുംകൂടി നടത്തിക്കൊണ്ടിരുന്നു.

നബി(സ)തിരുമേനിയുടെ നെഞ്ചകത്തുണ്ടായിരുന്ന അല്ലാഹുവിലേക്ക് ക്ഷണിക്കുന്നതിന്റെ ആ വേദനയുടേയും ലോകത്തിന് സന്മാർഗം നല്കുന്നതിനെ കുറിച്ചുള്ള ചിന്തയുടേയും ഏകദേശരൂപം അവിടത്തെ ഈ സന്മാർഗോപദേശത്തിൽനിന്ന് മനസ്സിലാക്കാം: അല്ലയോ ജനങ്ങളേ! എന്റേയും നിങ്ങളുടേയും ഉദാഹരണം വെളിച്ചത്തിനുവേണ്ടി വിളക്കുകത്തിച്ചവന്റെ സ്ഥിതിപോലെയാണ്. ഈയാംപാറ്റകൾ ആ തീയുടെമേൽവന്നു വീണുകൊണ്ടിരുന്നു. അയാൾ അവയെ ആട്ടിയകറ്റാൻ ശ്രമിച്ചുകൊണ്ടിരുന്നെങ്കിലും അവ അതിൽനിന്ന് പിന്മാറിയില്ല. അതിൽ വീണുകൊണ്ടേപോയി. ഞാനും അതുപോലെ നിങ്ങളുടെ ഏണിനുപിടിച്ച്, പിറകോട്ടു വലിച്ച് തീയിൽവീഴുന്നതിൽനിന്ന് രക്ഷിക്കാൻ ശ്രമിക്കുമ്പോൾ നിങ്ങൾ ഉന്മത്തരായിക്കൊണ്ട് ആ തീയിലേക്ക് ഓടിപ്പോകുകയാണ്.(ബുഖാരി)

അല്ലാഹുവിന്റെ സന്ദേശമെത്തിക്കുന്നതിന് നബി(സ)തിരുമേനി യുക്തിപൂർവമായ എല്ലാ വഴികളും സ്വീകരിച്ചു. എപ്പോഴും മൃദുലമായ ഭാഷ ഉപയോഗിച്ചു. ഉത്തമമായ ഉപദേശം മുഖേന ലോകത്തെ ഇസ്ലാമിന്റെ മനോഹരമായ സന്ദേശത്തിലേക്ക് വിളിച്ചു. സന്തോഷവാർത്തകളിലേക്കും നല്ലവർത്തമാനങ്ങളിലേക്കും ക്ഷണിക്കുകയും ദൈവികശിക്ഷയെതൊട്ട് ജാഗ്രതപ്പെടുത്തിയും ഭയപ്പെടുത്തിയും ലോകത്തിന് മുന്നറിയിപ്പു നല്കുകയും ചെയ്തു. എപ്പോഴും ആദരവിന്റേയും വിനയത്തിന്റേയും മാർഗം സ്വീകരിച്ചുകൊണ്ട് ന്യായപൂർത്തി വരുത്തുകയും ചെയ്തു.

നബി(സ)തിരുമേനിയുടെ ഒരു യുക്തിപൂർവമായ കർമമെന്തായിരുന്നുവെന്നാൽ സംയുക്തമായ ആദരവുകളോടുകൂടി സംസാരത്തിന് തുടക്കം കുറിച്ചിരുന്നു. എപ്പോഴും തൗഹീദിന്റെ വിഷയത്തിന് മുൻതൂക്കം കൊടുത്തിരുന്നു. ആവശ്യമുള്ളിടങ്ങളിൽ മനസ്സുകളെ ആകർഷിച്ചുകൊണ്ടും പ്രബോധന കടമ നിറവേറ്റിയിരുന്നു. ഈ മാർഗത്തിൽ അവിടന്ന് ദുഃഖവും ബുദ്ധിമുട്ടുകളും സഹിച്ചു. അവിടന്ന് മർദനമേൽക്കുകയും ചീത്തകൾ കേൾക്കുകയും ചെയ്തു. പക്ഷേ, എപ്പോഴും ക്ഷമകൈക്കൊള്ളുകയാണ് ചെയ്തത്. തന്റെ നിയോഗദിവസം മുതൽ ലോകത്തുനിന്ന് വേർപെടുന്നതുവരെ സമ്പൂർണമായ സ്ഥൈര്യത്തോടെ ദൈവസന്ദേശമെത്തിക്കുന്നതിൽ ഒരിക്കലും മടികാണിച്ചിട്ടില്ല, അലസനായിട്ടുമില്ല.

അവിടന്ന് ദൈവകൽപനയനുസരിച്ച് അന്യാരാധകരായ കൊടും ശത്രുക്കളിൽനിന്നും വിവരദോഷികളിൽനിന്നും മാറി നിന്നിരുന്നു. കഴിവിന്റെ പരമാവധി വാദപ്രതിവാദങ്ങളുടെ മജ്ലിസുകളിൽനിന്ന് അകന്നിരുന്നു. ഇനി വാദപ്രതിവാദത്തിന്റെ ഘട്ടം വന്നാൽത്തന്നെയും വളരെ മനോഹരമായും യുക്തിപൂർവ്വവും നല്ല രീതിയിൽ ചർച്ചയുടെ പാഠം നല്കിയിരുന്നു. എതിർകക്ഷി ദ്വേഷത്തിൽ വന്നാലൊഴികെ കഠിനമായ മറുപടിനല്കുന്നതിൽനിന്ന് വിട്ടുനിന്നിരുന്നു. അല്ലാഹുവിന്റെ കൽപനയനുസരിച്ച് സന്ദേശമെത്തിച്ച് ന്യായപൂർത്തി വരുത്തുകയെന്നത് അനിവാര്യമായി മനസ്സിലാക്കിയിരുന്നു. പിന്നാലെ കൂടി കാര്യം സമ്മതിപ്പിക്കുന്നതിന് പരിശ്രമിച്ചിരുന്നില്ല. അല്ലാഹു എന്നെ മുബല്ലിഗായി (അതായത് സന്ദേശമെത്തിക്കുന്നവനായി)അയച്ചിരിക്കുന്നുവെന്നും അക്രമം കാണിക്കുന്നവനാക്കിയിട്ടില്ലെന്നും പറയാറുണ്ടായിരുന്നു. (മുസ്ലിം)

താൻ തബ്ലീഗ് ചെയ്യുന്നവർക്കുവേണ്ടി ദുആകളും ചെയ്തിരുന്നു. തന്റെ സഹായത്തിനും വിജയത്തിനും, തനിക്കുവേണ്ടി സഹായിയും സ്നേഹിതനും തയ്യാറാക്കുന്നതിനും ദുആകൾ ചെയ്തിരുന്നു. തന്റെ സഹവാസത്തിൽനിന്നും ശിക്ഷണത്തിൽനിന്നും അനുഗ്രഹം കരസ്ഥമാക്കിയതിനുശേഷം മുന്നോട്ടുപോയി ഇസ്ലാമിലേക്ക് ക്ഷണിക്കുന്നവരേയും അല്ലാഹുവിലേക്ക് വിളിക്കുന്നവരേയും കൂടുതലായി ഉണ്ടാക്കുന്നതിനും പരിശ്രമിച്ചിരുന്നു.

**രഹസ്യമായും വ്യക്തിഗതമായുമുള്ള പ്രബോധനം:**

ദഅ്വത്തെ ഇലല്ലായുടെ അടിസ്ഥാനപരമായ നിയമം യുക്തിയാണ്. അതായത് കാര്യകാരണ ബന്ധത്തോടുകൂടി വസ്തുതകളെ ക്രമീകരിക്കുകയോ സമർഥിക്കുകയോ ചെയ്യുന്ന മനസ്സിന്റെ പ്രവർത്തിക്കാണ് യുക്തി എന്നു പറയുന്നത്. നബി(സ)തിരുമേനി യുക്തിപരമായ രീതിയിൽ അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നതിന്റെ ഉത്തമമായി മാതൃക നമുക്ക് നല്കി. അല്ലാഹു ഓരോ സ്റ്റെപ്പിലും ആ മഹാത്മാവിന് വഴികാണിച്ചുകൊടുത്തു. അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നതിനുള്ള ഉന്നതമായ അധ്യാപനം നല്കി. അതനുസരിച്ച് പ്രവർത്തിച്ചു കാണിച്ചു. നബി(സ)തിരുമേനിയുടെ ഉൽകൃഷ്ടമായ സ്വഭാവങ്ങളും ശൈലിയും കൃത്യമായും വിശുദ്ധ ഖുർആൻ അനുസരിച്ചായിരുന്നു. പ്രാരംഭ കാലത്ത് സത്യസന്ദേശമെത്തിക്കുന്നതിൽ യുക്തിപരമായ ഏതൊരു പ്രത്യേക കാര്യങ്ങളാണോ അടിസ്ഥാനമാക്കിയിരുന്നത് അവയിൽ ഒന്നാമത്തെ യുക്തി രഹസ്യമായിട്ടുള്ള വ്യക്തിപരമായ തബ്ലീഗായിരുന്നു. അതായത് നുബുവ്വത്ത് വാദത്തിന്റെ ആദ്യകാലത്തുള്ള മൂന്നു വർഷംവരെ നബി(സ)തിരുമേനി തന്റെ കർമപരമായ മാതൃകകൊണ്ടും രഹസ്യമായും വ്യക്തിപരമായ നിലയിലുമാണ് തബ്ലീഗ് ചെയ്തുകൊണ്ടിരുന്നത്. ഇതിന്റെ ഫലമായി അവിടത്തെ കുടുംബാംഗങ്ങളായ ഹദ്റത്ത് ഖദീജ, ഹദ്റത്ത് അലി, അടുത്ത ബന്ധം പുലർത്തുന്നവരിൽ ഹദ്റത്ത് അബൂബക്റും ഹദ്റത്ത് സയ്ദും ഇസ്ലാം സ്വീകരിച്ചു.

അക്കാലഘട്ടത്തിലെ കുറച്ചു അവസ്ഥകൾ ഇസ്മായീൽ ബിൻ അയാസ്(റ)തന്റെ പിതാമഹനായ അഫീഫ്(റ)ൽനിന്ന് ഇങ്ങനെ വിവരിച്ചിരിക്കുന്നു. ഞാൻ കച്ചവടക്കാരനായിരുന്നു. ഹജ്ജിന്റെ കാലത്ത് മിനായിൽ വന്നു. അബ്ബാസ് ബിൻ മുത്ത്വലിബും കച്ചവടക്കാരനായിരുന്നു. അദ്ദേഹത്തിന്റെ അടുക്കൽ വാങ്ങാനും വിൽക്കാനും വന്നു. എന്റെ അടുത്ത് അവിടെ ഇരുന്നിരുന്ന ഒരാൾ കൂടാരത്തിൽനിന്നിറങ്ങി കഅ്ബ ഭവനത്തിലേക്ക് മുഖം തിരിച്ചുകൊണ്ട് നമസ്കരിക്കാൻ തുടങ്ങി. പിന്നീട് ഒരു സ്ത്രീയും ഒരു കുട്ടിയും അയാളോടൊപ്പം നമസ്കരിക്കാൻ തുടങ്ങി. ഞാൻ അബ്ബാസിനോടു ചോദിച്ചു, ഈ ദീൻ ഏതാണ്?നമുക്ക് ഇതിനെകുറിച്ച് വിവരമൊന്നുമില്ലല്ലോ. അദ്ദേഹം പറഞ്ഞു:ഈയാൾ മുഹമ്മദ് ബിൻ അബ്ദുല്ലായാണ്. അല്ലാഹു തന്നെ അയച്ചുവെന്നാണ് അയാളുടെ വാദം. ഖ

**• കലാമുൽ ഇമാം: •**

**'ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയിലല്ല; പ്രത്യുത നബി(സ)തിരുമേനിയുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചുകൊണ്ട്. അവിടത്തെ പദവികളുടേയും നിലകളുടേയും അഭിവൃദ്ധിക്കുവേണ്ടി. അവിടത്തെ വിജയത്തിനുവേണ്ടി.'(മൽഫൂദാത്ത് വാള്യം 3, പേജ് 38)**

**• അല്ലാഹുവിന്റെ കലാം: •**

**'നബി(സ)തിരുമേനിയോടുള്ള സ്നേഹം വർധിക്കുന്നതിനും നവീകരിക്കുന്നതിനും എല്ലാ നമസ്കാരത്തിലും സ്വലാത്ത് ചൊല്ലുക എന്നത് നിർബന്ധമാണ്. ആ ദുആ സ്വീകാരത്തിന് സ്ഥൈര്യത്തിന്റെ ഒരു മാർഗം കരസ്ഥമാകാൻ!'(മൽഫൂദാത്ത് വാള്യം 3, പേജ് 38)**

**തൊഴിലാളികളെ ആവശ്യമുണ്ടോ?**

നിങ്ങൾക്ക് ഡ്രൈവർ, കല്ലാശാരി, ഇലക്ട്രീഷ്യൻ, അല്ലെങ്കിൽ മറ്റു തൊഴിലാളികളെ ആവശ്യമുണ്ടോ? അധ്വാനികളും വിശ്വസ്തരുമായ തൊഴിലാളികൾക്ക് ഞങ്ങളുമായി ബന്ധപ്പെടുക

KHAIRUL ISLAM, JAYGAM -WEST BENGAL - Phone: 97348 44732

ത്വാലിബെ ദുആ: T.A. SAJEER
AHMADIYYA JAMA-ATH, ALLEPPEY Ph:92497 38840

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

badarmalayalam@gmail.com

POSTAL REG NO GDP-44/2023-2025 Vol-8 Thursday 21September 2023 Issue-38

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

യ്സറിന്റേയും കിസ്റായുടേയും ഖജനാവുകൾ തന്റെ കൈയിൽ വരുമെന്നാണ് അയാൾ പറയുന്നത്. കൂടെയുള്ളത് അയാളുടെ ഭാര്യ ഖദീജ ബിൻത് ഖുവയ്‌ലിദാണ്. അവർ അയാളിൽ വിശ്വസിച്ചിരിക്കുന്നു. ഈ ആൺകുട്ടി അയാളുടെ പിതൃവ്യപുത്രൻ അലി ബിൻ അബീത്വാലിബാണ്. അവനും അയാളിൽ വിശ്വസിച്ചിരിക്കുന്നു. അഫീഫ് പറയാറുണ്ടായിരുന്നു, അഹോ കഷ്ടം ആ നേരത്ത് ഞാൻ വിശ്വസിച്ചിരുന്നെങ്കിൽ ഞാൻ മൂന്നാമത്തെ വിശ്വാസിയാകുമായിരുന്നു. (ബയ്ഹഖി). എന്നാൽ, ഈ സൗഭാഗ്യം ഹദ്റത്ത് അബൂബക്റിന് കിട്ടേണ്ടതുണ്ടായിരുന്നു.

അല്ലാഹു തന്റെ പ്രിയപ്പെട്ടവർക്കുവേണ്ടി പിന്തുണയുടേയും സഹായത്തിന്റേയും കാറ്റുകൾ വീശുന്നു. അവർ തനിച്ചായിരിക്കുമ്പോൾ ചെയ്യുന്ന ദുആകൾ സ്വീകരിച്ചുകൊണ്ട് അവർക്ക് ശക്തരായ സഹായികളേയും നല്കുന്നു. അക്കാലഘട്ടത്തിൽ അല്ലാഹു ഹദ്റത്ത് അബൂബക്റിനെപ്പോലുള്ള ഭാഗ്യവാന്മാരായ ആത്മാക്കളുടെ മനസ്സുകളിൽ ഇസ്‌ലാമിനോടുള്ള താൽപര്യമുണ്ടാക്കി. അദ്ദേഹം സ്വയം നേരിൽവന്ന് നബി(സ)തിരുമേനിയോടു പ്രവാചകത്വത്തെ കുറിച്ച് ചോദിച്ചു. അദ്ദേഹം അടുത്ത സ്നേഹിതന്റെ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ, അദ്ദേഹത്തിന് തന്റെ കാര്യം തുറന്നുകൊടുത്തു.

**ദഅ്‌വത്തെ ഇലല്ലായുടെ ആദ്യത്തെ മധുരമുള്ള കനി**

ഇബ്നു ഇസ്ഹാഖ്(റ)വിവരിക്കുന്നു:അബൂബക്ർ(റ),നബി(സ)തിരുമേനിയെ കണ്ടപ്പോൾ ചോദിച്ചു: 'മുഹമ്മദേ!താങ്കൾ താങ്കളുടെ ആരാധ്യരെ ഉപേക്ഷിച്ചുകളഞ്ഞുവെന്നും അവരെ വിഡ്ഢികളാക്കിക്കൊണ്ട് അവരുടെ പൂർവപിതാക്കളെ കാഫിർ എന്നു പറഞ്ഞിരിക്കുന്നുവെന്നും ഖുറയ്ശികൾ പറയുന്നു. ഇതുശരിയാണോ? ' നബി(സ)തിരുമേനി പറഞ്ഞു:അതേ! ഞാൻ അല്ലാഹുവിന്റെ റസൂലും അവന്റെ നബിയുമാകുന്നു. അവന്റെ സന്ദേശം നിങ്ങൾക്കെത്തിക്കുന്നതിനും നിങ്ങളെ അല്ലാഹുവിലേക്ക് സത്യത്തോടുകൂടി ക്ഷണിക്കുന്നതിനും അവനെന്നെ അയച്ചിരിക്കുന്നു. അല്ലാഹുവാണ! ഇതുതന്നെയാണ് സത്യം. അബൂബ്കറേ!ഞാൻ താങ്കളെ ഏകനായ അല്ലാഹുവിലേക്ക് ക്ഷണിക്കുന്നു. അവന് പങ്കാളികളാരുമില്ല. അവനെക്കൂടാതെ മറ്റാരേയും ആരാധിക്കരുത്. ആ അല്ലാഹുവിനെ അനുസരിക്കുന്നതിനുവേണ്ടിയായിക്കണം നമ്മുടെ സ്നേഹം. പിന്നീട് നബി(സ)തിരുമേനി കുറച്ചു ഖുർആൻ വചനങ്ങളും അബൂബക്റിനെ കേൾപ്പിച്ചു. അബൂബക്ർ ഇസ്‌ലാം സ്വീകരിച്ചു. ബിംബങ്ങളിൽനിന്ന് ജാഗ്രത പ്രകടിപ്പിച്ചുകൊണ്ട് അവയെ നിഷേധിച്ചു. അങ്ങനെ അബൂബക്ർ ഇസ്‌ലാം സ്വീകരിച്ച് മടങ്ങി.

ഹദ്റത്ത് അബൂബക്ർ നബി(സ)തിരുമേനിയോടു അദ്ദേഹത്തിന്റെ പ്രവാചകത്വത്തിന് ഒരു തെളിവും ചോദിച്ചില്ല. അതുകൊണ്ടുതന്നെ നബി(സ)തിരുമേനി പറയുമായിരുന്നു, ആരെ ഞാൻ ഇസ്‌ലാമിലേക്ക് ക്ഷണിച്ചിട്ടുണ്ടോ അയാൾക്ക് എന്തോ നഷ്ടം പറ്റുന്നതുപോലെ തോന്നി. ഇസ്‌ലാം സ്വീകരിക്കുന്നതിൽ സംശയിച്ചു. അവർ ചിന്തയിൽ മുഴുകി; അബൂബക്റൊഴികെ! അദ്ദേഹം വേഗം എന്റെ ക്ഷണം സ്വീകരിച്ചു. അല്പംപോലും താമസിച്ചില്ല.(ബയ്ഹഖി)

മൗലാന റൂമി എത്രമനോഹരമായാണ് പറഞ്ഞിട്ടുള്ളത്

*ലെയ്ക് ആൻ സിദ്ദീഖ് ഹഖ് മുഅ്ജിസ് നഖാസ്ത്*

*ഗുഫ്ത് ഈൻ റൗ ഖുദ് ന ഗോയദ് ഗയ്ർ രാസ്ത്*

അതായത് സിദ്ദീഖെ അക്ബർ നബി(സ)തിരുമേനിയോടു ഒരു മുഅ്ജിസത്തും ചോദിച്ചിരുന്നില്ല. ഈ മുഖകമലം കള്ളന്റേതല്ല എന്നു മാത്രം പറഞ്ഞു.

ഇതിന്നിടയിൽ നബി(സ)തിരുമേനി മോചിപ്പിച്ച ഗുലാം ഹദ്റത്ത് സയ്ദും തന്റെ യജമാനരുടെ ദീൻ സ്വീകരിച്ചുകഴിഞ്ഞിരുന്നു. പരസ്യമായിട്ടുള്ള പ്രബോധനം ഇപ്പോൾ തുടങ്ങിയിരുന്നില്ല.

തബ്‌ലീഗിന്റെ ഘട്ടങ്ങൾ

അംറ് ബിൻ അൻബസ(റ)വിവരിക്കുന്നു: ഞാൻ നബി(സ)തിരുമേനിയുടെ നിയോഗത്തിന്റെ ആരംഭകാലത്ത് മക്കയിൽ വന്നു. അക്കാലത്ത് നബി(സ)തിരുമേനി പ്രവാചകത്വത്തിന്റെ വിളംബരം പരസ്യമായി ചെയ്തിരുന്നില്ല. ഞാൻ ആ മഹാത്മാവിനോടു ചോദിച്ചു:'അങ്ങ് എന്താണ്?' അവിടന്ന് പറഞ്ഞു:'ഞാൻ നബിയാണ്.' ഞാൻ ചോദിച്ചു, 'നബിയെന്താണ്?' അല്ലാഹുവിന്റെ റസൂൽ(സ)പറഞ്ഞു:'അല്ലാഹുവിന്റെ ദൂതനാകുന്നു.' ഞാൻ ചോദിച്ചു: 'അല്ലാഹു അങ്ങയെ അയച്ചതാണോ?' അവിടന്ന് പറഞ്ഞു: 'അതേ.' ഞാൻ ചോദിച്ചു, 'എന്തു അധ്യാപനവുമായാണ് അയച്ചത്?'അവിടന്ന് പറഞ്ഞു: 'അല്ലാഹുവിനെ ആരാധിക്കുക. ബിംബങ്ങളെ തകർക്കുക. കുടുംബബന്ധത്തോടുള്ള കടമ നിറവേറ്റുക.' ഞാൻ പറഞ്ഞു: 'ഇത് വളരെ നല്ല അധ്യാപനമാണല്ലോ? ഇതു എത്രപേരാണ് സ്വീകരിച്ചിട്ടുള്ളത്?'അവിടന്ന് പറഞ്ഞു:'ഒരു സ്വതന്ത്രൻ , ഒരു അടിമ.'(അതായത് അബൂബക്റും സയ്ദും). ഇവിടെ നബി(സ)തിരുമേനി കുടുംബത്തിന് വെളിയിലുള്ള പുരുഷന്മാരുടെ പേരു മാത്രമാണ് പറഞ്ഞത്.വീട്ടിലെ സ്ത്രീയായ ഖദീജയുടേയും കുട്ടിയായ അലിയുടേയും പേര് പറഞ്ഞില്ല.

അംറ് ഇസ്‌ലാം സ്വീകരിച്ചു. അദ്ദേഹം പറയുമായിരുന്നു, ഞാൻ പുരുഷന്മാരിൽ നാലാമത്തെ നമ്പറുകാരനായി ഇസ്‌ലാം സ്വീകരിച്ച ആളായിരുന്നു. പിന്നീട് ഞാൻ ചോദിച്ചു, 'യാ റസൂലല്ലാഹ്! ഞാനിവിടെ താമസിച്ചുകൊണ്ടു അങ്ങയെ പിന്തുടരട്ടെ?' അവിടന്ന് പറഞ്ഞു: 'പാടില്ല. താങ്കൾ താങ്കളുടെ ജനതയിൽപ്പോയി ഈ അധ്യാപനമനുസരിച്ച് കർമങ്ങൾ ചെയ്യുക. എന്നാൽ, എന്റെ പുറപ്പെടലിനെ കുറിച്ച് അതായത് ഹിജ്റത്തിനെ കുറിച്ച് വിവരം കിട്ടിയാൽ പിന്നീട് വന്ന് എന്നെ പിന്തുടർന്നുകൊള്ളുക.'(ദലാഇലുന്നുബുവ്വ)5

ഹദ്റത്ത് അംറ് ബിൻ അൻബസ നബികരീം(സ)ന്റെ ഈ ഉപദേശമനുസരിച്ച് നല്ലവണ്ണം പ്രവർത്തിച്ചു. തന്റെ പ്രദേശത്ത് താമസിച്ച് ഇസ്‌ലാമിൽ നിലകൊണ്ടു. മദീനഹിജ്റത്തിനു ശേഷമുള്ള കാലത്ത് അദ്ദേഹം മദീനയിൽ വരികയും നബി(സ)തിരുമേനിയുടെ സഹവാസത്തിൽനിന്ന് അനുഗ്രഹം പ്രാപിക്കുകയും ചെയ്തു.

പ്രാരംഭ കാലത്തെ തബ്‌ലീഗിൽ ക്രമാനുസാരത്തിന്റെ വശം വ്യക്തമായി കാണാൻ കഴിയുന്നു. ഹദ്റത്ത് ആഇശാ(റ)പറയാറുണ്ടായിരുന്നു: 'ഒന്നാമതായി റസൂലുല്ലായുടെമേൽ മുഫസ്സ്വിൽ എന്ന് പറയപ്പെടുന്ന സൂറത്തുകളാണ് ഇറങ്ങിയത്. അവയിൽ ജന്നത്തിനെയും ജഹന്നമിനേയും കുറിച്ചാണ് പറഞ്ഞിട്ടുള്ളത്.പിന്നീട് ധാരാളമായി ആളുകൾ ഇസ്‌ലാമിൽ പ്രവേശിക്കാൻ തുടങ്ങിയപ്പോൾ ഹലാലിന്റേയും ഹറാമിന്റേയും കൽപനകളിറങ്ങി. നബി(സ)തിരുമേനിക്ക് ആദ്യമെതന്നെ വ്യഭിചരിക്കരുത്, മദ്യപിക്കരുത്, മോഷ്ടിക്കരുത് എന്നീ കൽപനകൾ നല്കിയിരുന്നെങ്കിൽ തങ്ങൾ മദ്യവും വ്യഭിചാരവും ഉപേക്ഷിക്കുകയില്ലെന്ന് ആളുകൾ പറയുമായി

**(തുടരും)**

**(പേജ് 1 ൽനിന്ന്)**

ക്കും. പക്ഷേ, പരിശുദ്ധ ശക്തിയും കർമശക്തിയുടെ പ്രവർത്തനപരമായ മാതൃകകാണിക്കുന്നതുമായ മനുഷ്യൻ- അയാളാണെങ്കിൽ വ്യാജമായ അഭിമാനത്തിനും കള്ളവാദങ്ങൾക്കുമതീതനാണ്- അവരുടെ പക്കൽ സ്വീകാരാർഹനായിരിക്കുകയില്ല. കാരണം അവരുടെ പ്രകൃതങ്ങൾ അത്ഭുതങ്ങൾ ഇഷ്ടപ്പെടുന്നതിന്നിരയാണ്.

അത്തരക്കാർ ചിലപ്പോൾ ചില മുമ്പേയുള്ള നബിമാരേയും വിശ്വസിക്കുന്നവരായിരിക്കും പക്ഷേ, പുതിയ നബി വരുമ്പോൾ അവരുടെ പ്രകൃതത്തിന്റെ പോരായ്മ വെളിപ്പെടുത്തുന്നതായിരിക്കും, അതായത് മുമ്പേ വന്ന നബിയിലും അവരുടെ വിശ്വാസം ആചാരപരമായിരുന്നു. പാരമ്പര്യപരമായിരുന്നു.

96- ാമത്തെ ആയത്തിന്റെ തഫ്സീറിൽ ഹുദൂർ പറയുന്നു: ഈ ആയത്തിൽനിന്ന് മനസ്സിലാകുന്നത് മലക്കുകൾ എന്നതുകൊണ്ടുള്ള ഉദ്ദേശ്യം മലക്കുകളുടെ സവിശേഷതയുള്ള മനുഷ്യരാണ്. ഇല്ലെങ്കിൽ മലക്കകളുടെമേൽ മറ്റൊരു മലക്ക് വരേണ്ട ആവശ്യമെന്താണ്? ഈ ആയത്തിൽ വലിയ ആളുകളായതുകൊണ്ട് അവർക്ക് നേരിട്ട് ഇൽഹാമുണ്ടാകേണ്ടതാണെന്നു മനസ്സിലാക്കുന്നവരുടെ ചിന്താഗതിയ്ക്കുള്ള മറുപടിയാണ് നല്കിയിരിക്കുന്നത്. പറയുന്നു, മലക്ക് മലക്കിന്റെ സ്വഭാവമുള്ളവരുടെമേലാണ് ഇറങ്ങുന്നത്. ആ ഇനത്തിലില്ലാത്തവരുടെമേലല്ല. നിങ്ങൾ മലക്കുകളായിത്തീർന്നിരുന്നുവെങ്കിൽ നിങ്ങളുടെമേലും മലക്കുകൾ ഇറങ്ങുമായിരുന്നു. നിങ്ങളാണെങ്കിൽ ശയ്ത്വാനായി. നിങ്ങളുടെമേൽ എങ്ങനെയാണ് മലക്കുകളിറങ്ങുക. രണ്ടാമതായി മനുഷ്യരിൽനിന്ന് വലിയശക്തിയുള്ളവരുടെ ആവശ്യമുണ്ടായിരുന്നുവെന്നും സാധാരണമനുഷ്യന് ജോലി ചെയ്യാൻ കഴിയില്ലെന്നും മനസ്സിലാക്കിയിട്ടുള്ളവർക്കാണ് മറുപടി നല്കിയിട്ടുള്ളത്. അവരോടു പറഞ്ഞു, എല്ലാ ഓരോ ഇനത്തിലുള്ള ആളുകൾക്കും അവരുടെ ഇനത്തിലുള്ളവർക്കുമാത്രമെ മോക്ഷം നല്കാൻ സാധിക്കുകയുള്ളു. കാരണം അവരിൽനിന്നുള്ളവരാണ് അവർക്ക് മാതൃകയാകുന്നത്. അതുകൊണ്ട് മനുഷ്യനുപുറമെ മറ്റു ഇനക്കാർക്ക് റസൂൽ എന്ന നിലയിൽ മനുഷ്യരിൽ വരാൻ സാധിക്കുകയില്ല. കാരണം അവർ ഇവർക്ക് മാതൃകയായിത്തീരുകയില്ല. ഈ അർഥങ്ങളുടെ അടിസ്ഥാനത്തിൽ റസൂലിന്റെ അർഥം വെറും വെളിപാടു കൊണ്ടുവരുന്നവനെന്നാകുകയില്ല. പ്രത്യുത മനഷ്യനായ റസൂൽ നുബുവ്വത്തിന്റെ എന്തെന്തെല്ലാം നിബന്ധനകളുമായിട്ടാണോ വരുന്നത് അതെല്ലാം ഉദ്ദേശ്യമായെടുക്കുന്നതായിരിക്കും.(തഫ്സീറെ കബീർ, വാള്യം 4, പേജ് 390, പ്രസാധനം 2010 ഖാദിയാൻ)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin